# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2023-26)

### എഴുപത്തിയൊൻപതാമത് റിപ്പോർട്ട്
**(2026 ഫെബ്രുവരി മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2023-26)

### എഴുപത്തിയൊൻപതാമത് റിപ്പോർട്ട്
### (2026 ഫെബ്രുവരി മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

# ഉള്ളടക്കം


പേജ്

സമിതിയുടെ ഘടന :

മുഖവുര :

റിപ്പോർട്ട് :

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും :

അനുബന്ധം II

സർക്കാരിൽ നിന്നും ലഭിച്ച മറുപടി :

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26)

**ഘടന**

**അദ്ധ്യക്ഷൻ :**

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി.

ശ്രീമതി രജി ഡി.ഒ., ഡെപ്യൂട്ടി സെക്രട്ടറി,

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2023-2026)യുടെ എഴുപത്തിയൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി മാസം 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 23

## റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

തിരുവനന്തപുരം ജില്ല

ഓഡിറ്റ് ഖണ്ഡിക

**നിലവിൽ ഇല്ലാത്ത തസ്തികയിലും ഇല്ലാത്ത ലാബിലും ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം – 1,15,150/- രൂപയുടെ ചെലവ് ലക്ഷ്യം കൈവരിച്ചില്ല**

*[കിഴുവിലം ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6]*

ഗ്രാമപഞ്ചായത്തിന്റെ 2016-17 കാലയളവിലെ മിനിറ്റ്സ് പരിശോധിച്ചതിൽ ഗവ.ആയുർവേദ ആശുപത്രി, പി.എച്ച്.സി എന്നിവിടങ്ങളിൽ ഓരോ ലാബ് ടെക്നീഷ്യന്റെ താല്ക്കാലിക ഒഴിവുകളിലേക്ക് നിയമനം നടത്തിയതിലും, ശമ്പളം നൽകിയതിലും ക്രമവിരുദ്ധമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റി കൈക്കൊണ്ടതായി കാണുന്നു.

ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഇതു സംബന്ധിച്ച നാൾവഴികൾ ചുവടെ ചേർക്കുന്നു.

- 12.11.2013 ലെ GO(Rt) No.3773/2013/H&FWD ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സജ്ജമാക്കുന്നതിനുള്ള കെട്ടിടത്തിന്റെ അളവും ഉപകരണങ്ങളുടെ ലിസ്റ്റും NRHM മിഷൻ ഡയറക്ടർ പ്രോഗ്രാം ഓഫീസർമാരെ അറിയിച്ചിരുന്നു. ആയതിൽ സജ്ജമാക്കേണ്ടുന്ന ലാബിന്റെ വിസ്തീർണവും ഉപകരണങ്ങളുടെ സ്ഥാനവും അവശ്യാവശ്യമായ വിസ്തീർണവും കണക്കാക്കിയുള്ള സ്കെച്ചും ഉൾപ്പെടുത്തിയിരുന്നു.
- 13.06.2014 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ IV(10) നമ്പർ തീരുമാന പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ നിലവിലെ 150 ചതുരശ്ര മീറ്റർ വിസ്തീർണം ഉള്ള മുറിയിൽ ലാബിന്റെ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ NRHM ഡയറക്ടറോട് അഭ്യർത്ഥിക്കുവാനും പ്രസ്തുത ലാബിലേക്കുള്ള ലാബ് ടെക്നീഷ്യനെ നിയമിക്കുവാനും ആദ്യത്തെ ആറുമാസ ശമ്പളവും പശ്ചാത്തല സൗകര്യങ്ങൾക്കുള്ള തുകയും തനതു ഫണ്ടിൽ നിന്ന് നൽകുവാനും ഐകകണ്ഠേന തീരുമാനിച്ചു.
- 18.06.2015 ൽ മെഡിക്കൽ ഓഫീസർ 376/2015 നമ്പർ കത്ത് പ്രകാരം ലാബിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് അഭ്യർത്ഥിക്കുകയും നിർദ്ദിഷ്ട കെട്ടിടത്തിന്റെ പ്ലാനും സ്കെച്ചും സമർപ്പിക്കുകയും ചെയ്തു.
- 23.01.2016 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം.V പ്രകാരം ഗവ. ആയുർവേദ ആശുപത്രി, പി.എച്ച്.സി എന്നിവിടങ്ങളിൽ ഓരോ ലാബ് ടെക്നീഷ്യന്റെ താത്ക്കാലിക ഒഴിവുകളിലേക്ക് 16.01.2016 ൽ നടത്തിയ ഇന്റർവ്യൂവിൽ ഉയർന്ന

മാർക്ക് ലഭിച്ച ശ്രീമതി ആശാഭാനുവിനെ പി.എച്ച്.സി.യിലും ശ്രീമതി സോഫിയാവാഹിദിനെ ഗവ. ആയുർവേദ ആശുപത്രിയിലും 179 ദിവസത്തേക്ക് പ്രതിദിനം 350/- രൂപ ശമ്പളത്തിന് നിയമിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. എന്നാൽ ശ്രീമതി ആശാഭാനു തത്കാലം ജോലിയിൽ പ്രവേശിക്കുന്നില്ലായെന്ന് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചതിനെ തുടർന്ന് ശ്രീമതി ബബിത കെ.വി.യെ പി.എച്ച്.സി.യിൽ നിയമിക്കുകയുണ്ടായി. കൂടാതെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2016-ലെ എ 1-7865/15 നം. നടപടിക്രമം പ്രകാരം ഗവ. ആയുർവേദ ആശുപത്രിയിൽ ലാബ് ടെക്നീഷ്യനായി നീതു പി.പി.യെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ നിയമനം സംബന്ധിച്ച 6-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലാബ് ടെക്നീഷ്യന്റെ ഒഴിവുകൾ സർക്കാർ സൃഷ്ടിച്ചിട്ടില്ലായെന്നും ആയതിലേക്കുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് അയയ്ക്കുന്നതാണെന്നും ചുവടെ ചേർക്കും പ്രകാരം ജീവനക്കാർക്ക് ശമ്പളം നൽകിയിട്ടുള്ളതായും അറിയിച്ചു.

- ഗവ.ആയുർവേദ ആശുപത്രി

| കാലയളവ് | ശമ്പള മാസം | ജോലി ചെയ്ത ദിവസം | പേര് | നല്കിയ ശമ്പളം | നല്കിയ തീയതി |
|---|---|---|---|---|---|
| 03.03.16 മുതൽ 05.04.16 വരെ | 3/2016 | 11 | ശ്രീമതി.സോഫിയ വാഹിദ് | 4,200 | 30.06.2016 |
| | 4/2016 | 1 | | | |
| 04.07.16 മുതൽ 29.12.16 വരെ | 7/2016 | 26 | ശ്രീമതി.നീതു.പി.പി | 9,100 | 19.09.2016 |
| | 8/2016 | 27 | | 17,850 | 31.10.2016 |
| | 9/2016 | 24 | | | |
| | 10/2016 | 22 | | 17,500 | 23.12.2016 |
| | 11/2016 | 28 | | | |
| | 12/2016 | 28 | | 9,800 | 13.01.2017 |
| ആകെ | | 167 | ആകെ | 58,450 | |

- പി.എച്ച്.സി, കിഴുവിലം

| കാലയളവ് | ശമ്പള മാസം | ജോലി ചെയ്ത ദിവസം | പേര് | നല്കിയ ശമ്പളം | നല്കിയ തീയതി |
|---|---|---|---|---|---|
| 25.08.16 മുതൽ 19.02.17 വരെ | 8/2016 | 7 | ശ്രീമതി.ബബിത | 11,550 | 31.10.2016 |
| | 9/2016 | 26 | | | |
| | 10/2016 | 29 | | 10,150 | 14.11.2016 |
| | 11/2016 | 26 | | 9,100 | 16.12.2016 |

| | | | | | |
|---|---|---|---|---|---|
| | 12/2016 | 29 | | 10,150 | 16.01.2017 |
| | 01/2017 | 29 | | 10,150 | 15.02.2017 |
| | 02/2017 | 16 | | 5,600 | 18.03.2017 |
| | ആകെ | 162 | ആകെ | 56,700 | |

കൂടാതെ സ്ഥലപരിശോധനയിൽ NRHM നിർദ്ദേശിച്ച പ്രകാരമുള്ള ലാബ് സജ്ജമാക്കുകയോ ലാബിലേക്കാവശ്യമായ ഉപകരണങ്ങൾ നാളിതുവരെ ലഭ്യമാക്കുകയോ ചെയ്തിട്ടില്ലായെന്നും വ്യക്തമായി. ഇന്റർവ്യൂ, നിയമനം എന്നിവ സംബന്ധിച്ച ഫയലുകൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

ഇപ്രകാരം സജ്ജമാകാത്ത ലാബിലേക്ക് സർക്കാർ അനുമതിയില്ലാതെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയതും തനതുഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് ശമ്പളം നൽകിയതും നിയമവിരുദ്ധമാണ്. ആയതിനാൽ ലാബ് അസിസ്റ്റന്റ് തസ്തികയിലേക്ക് ശമ്പളമായി നാളിതുവരെ നൽകിയ 1,15,150/- രൂപയുടെ ചെലവ് ക്രമവിരുദ്ധമാണെന്ന് കാണുന്നു. പരാമർശം സർക്കാരിന്റെ പരിഗണനയ്ക്ക് വയ്ക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. നിലവിലില്ലാത്ത ലാബിലും ലാബ് അസിസ്റ്റന്റ് തസ്തികയിലും നിയമനം നടത്തിയതുമായി ബന്ധപ്പെട്ട് 1,15,150/- രൂപ കിഴുവിലം ഗ്രാമപഞ്ചായത്ത് ക്രമവിരുദ്ധമായി ചെലവഴിച്ചുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞു.

2. ജീവിത ശൈലീരോഗങ്ങളും പകർച്ചവ്യാധികളും ധാരാളമായി റിപ്പോർട്ട് ചെയ്യുന്ന കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന പി.എച്ച്.സി.-കളിലും ജില്ലയിൽ തന്നെ ഏറ്റവും പഴക്കം ചെന്നതും 20-ൽപ്പരം രോഗികളെ കിടത്തി ചികിത്സിക്കുന്നതുമായ കിഴുവിലം ആയുർവേദ ആശുപത്രിയിലും ലാബ് സൗകര്യമില്ലാത്തതിനാൽ ഉൾപ്രദേശങ്ങളിലെ ജനങ്ങളുടെ സൗകര്യത്തിനുവേണ്ടിയാണ് ലാബ് സജ്ജീകരിച്ചതെന്നും മുമ്പ് ലാബ് പ്രവർത്തിച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസറുടെ അഭ്യർത്ഥന പ്രകാരമാണ് ലാബ് ടെക്നീഷ്യൻമാർക്ക് വേതനം നൽകിയിരുന്നതെന്നും ഓഡിറ്റ് പരാമർശത്തെ തുടർന്നാണ് ലാബിന്റെ പ്രവർത്തനം നിർത്തിയതെന്നും കിഴുവിലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) ബോധിപ്പിച്ചു. കിഴുവിലം പി.എച്ച്.സി.-യിൽ ലാബ് ടെക്നീഷ്യനെ നിയമിച്ച് വേതനം നൽകിയ ഇനത്തിൽ 56,700/- രൂപയും കിഴുവിലം ആയുർവേദ ആശുപത്രിയിൽ ലാബ് ടെക്നീഷ്യനെ നിയമിച്ച് വേതനം നൽകിയ ഇനത്തിൽ 58,450/- രൂപയും നൽകിയിട്ടുണ്ടെന്നും നിലവിലെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും മേൽ സൂചിപ്പിച്ച തസ്തികകൾ

സാധൂകരണത്തിന് സമർപ്പിച്ചിട്ടില്ലെന്നാണ് മനസ്സിലാകുന്നതെന്നും ആയതിനാൽ സാധൂകരണം ലഭിക്കുന്നതിനാവശ്യമായ രേഖകൾ സർക്കാരിലേയ്ക്ക് സമർപ്പിക്കാൻ നിലവിലെ ഭരണ സമിതി 27-12-2023-ൽ തീരുമാനമെടുത്തിട്ടുണ്ടെന്നും സെക്രട്ടറി (ഇൻ-ചാർജ്ജ്) അറിയിച്ചു.

3. ലാബിന്റെ പ്രവർത്തനം അവസാനിപ്പിച്ചത് എന്നാണെന്നുള്ള നിയമസഭാ സെക്രട്ടേറിയറ്റ് സെക്രട്ടറി-ഇൻ-ചാർജ്ജിന്റെ ചോദ്യത്തിന്, 2018-ലാണ് പ്രവർത്തനം അവസാനിപ്പിച്ചതെന്ന് കിഴുവിലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) മറുപടി നൽകി.

4. സർക്കാർ അംഗീകാരമോ സാധൂകരണമോ ലഭിച്ചിട്ടില്ലാത്ത തസ്തികകളിലേയ്ക്കാണ് ശമ്പളം നൽകിയതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സെക്രട്ടറി-ഇൻ-ചാർജ്ജും 2016-17 ഓഡിറ്റ് കാലയളവിൽ നടത്തിയ സ്ഥലപരിശോധനയിലും ലാബ് പ്രവർത്തിച്ചിരുന്നില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

5. സർക്കാർ സാധൂകരണത്തിന് ഫയൽ ലഭ്യമാക്കിയിട്ടുണ്ടോ എന്ന നിയമസഭാ സെക്രട്ടേറിയറ്റ് സെക്രട്ടറി-ഇൻ-ചാർജ്ജിന്റെ തുടർന്നുള്ള ചോദ്യത്തിന് ലഭ്യമാക്കിയിട്ടില്ലെന്നും പഞ്ചായത്ത് പ്രമേയം പാസാക്കിയിട്ടുണ്ടെന്നും കിഴുവിലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) വ്യക്തമാക്കി. കൂടാതെ സർക്കാർ ആയുർവേദ ആശുപത്രിയിലെ ലാബ് ടെക്നീഷ്യന് 29-12-2016 വരെയും പി.എച്ച്.സി.-യിലെ ലാബ് ടെക്നീഷ്യന് 19-02-2017 വരെയും ശമ്പളം നൽകിയിട്ടുണ്ടെന്നും ലാബ് ടെക്നീഷ്യൻമാരുടെ വേതനം ആവശ്യപ്പെട്ടുകൊണ്ട് മെഡിക്കൽ ഓഫീസർമാർ നൽകിയ റിക്വിസിഷൻ രേഖകൾ ഗ്രാമപഞ്ചായത്തിന്റെ കൈവശമുണ്ടെന്നും കിഴുവിലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) കൂട്ടിച്ചേർത്തു. ലാബുകൾ പ്രവർത്തിച്ചിരുന്നതുമായി ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർമാർ നൽകിയ റിപ്പോർട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച സമിതി ലാബ് ടെക്നീഷ്യൻ തസ്തികകളുമായി ബന്ധപ്പെട്ട് സർക്കാർ സാധൂകരണത്തിന്റെ തീരുമാനം ലഭിച്ചതിനുശേഷം പ്രസ്തുത ഓഡിറ്റ് പരാമർശം പരിഗണിക്കാമെന്നും തീരുമാനിച്ചു.

## നിഗമനങ്ങൾ / ശിപാർശകൾ

6. സർക്കാർ ആയുർവേദ ആശുപത്രിയിലെ ലാബ് ടെക്നീഷ്യൻമാർക്ക് ശമ്പളം നൽകിയതുമായി ബന്ധപ്പെട്ടുള്ളതും ലാബ് ടെക്നീഷ്യൻമാരുടെ സേവനം ആവശ്യപ്പെട്ടുകൊണ്ട് മെഡിക്കൽ ഓഫീസർമാർ നൽകിയ റിക്വസിഷൻ എന്നിവ അടങ്ങുന്ന ലാബ് പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ളതുമായ വിശദമായ റിപ്പോർട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും ലാബ് ടെക്നീഷ്യൻ തസ്തികകളുമായി ബന്ധപ്പെട്ട് സർക്കാർ സാധൂകരണത്തിന്റെ തീരുമാനം ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**കാച്ചാണി, അരുവിക്കര മാർക്കറ്റുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - 15 ലക്ഷം രൂപ നിഷ്ഫലമായി**

*[അരുവിക്കര ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2]*

| | |
|---|---|
| പ്രോജക്ട് നമ്പർ | : 144/12 |
| നിർവഹണോദ്യോഗസ്ഥൻ | : അസി.എഞ്ചിനീയർ, അരുവിക്കര |
| അടങ്കൽ തുക | : 22,52,750/- |
| ചെലവ് തുക | : 15,00,000/- |
| ഫണ്ട് | : ധനകാര്യ കമ്മീഷൻ |
| അവാർഡ് തുക | : 7,10,000/- |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | : 15,42,750/- |
| ആകെ | : 22,52,750/- രൂപ |

അരുവിക്കര ഗ്രാമപഞ്ചായത്തിലെ കാച്ചാണി, അരുവിക്കര എന്നിവിടങ്ങളിലെ മാർക്കറ്റുകളിൽ പരിസര ശുചീകരണം എന്ന ലക്ഷ്യത്തോടെ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 2011-12 സാമ്പത്തിക വർഷത്തിൽ 22,52,750/- രൂപ അടങ്കലിൽ ഏക വർഷ പ്രോജക്ടായി പദ്ധതി ആസൂത്രണം ചെയ്തു. പ്രതിദിനം 1000 കി.ഗ്രാം ശേഷിയുള്ള ഫിക്സഡ് ഡോം ടൈപ്പ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രസ്തുത പ്രവൃത്തിക്ക് ദർഘാസിലൂടെയും പുനർ ദർഘാസിലൂടെയും നിർവഹണ ഏജൻസിയെ കണ്ടെത്താൻ സാധിക്കാത്തതിനാൽ 21.03.2012-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ 6(8) പ്രകാരം സോഷ്യൽ ആന്റ് എൻവയോൺമെന്റൽ സൊസൈറ്റി, കേരള (സെൻസ്) എന്ന ശുചിത്വമിഷൻ അംഗീകൃത ഏജൻസിയുമായി 27.03.2012-ൽ കരാർ ചമച്ച് പ്രവർത്തനം ആരംഭിച്ചു. എന്നാൽ സാങ്കേതികാനുമതിക്ക് വിരുദ്ധമായി ഫിക്സഡ് ഡോം ടൈപ്പിനു പകരം ഫ്ലോട്ടിങ് ഡോം ടൈപ്പ് പ്ലാന്റാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർമ്മിച്ചു തുടങ്ങിയത്. തൻവർഷം പദ്ധതി പൂർത്തീകരിക്കാൻ കഴിയാതിരുന്നതിനാൽ 2013-14 ൽ പുതിയ സാങ്കേതികാനുമതിക്ക് ശുചിത്വമിഷനെ സമീപിച്ചെങ്കിലും മുൻസാങ്കേതിക അനുമതിയിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി ആരംഭിച്ചതിനാൽ സർക്കാരിന്റെ സാധൂകരണം ലഭ്യമാക്കാതെ പുതിയ സാങ്കേതികാനുമതി നൽകാൻ സാധ്യമല്ലെന്ന് ശുചിത്വമിഷൻ അറിയിച്ചു. എന്നാൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2012-13 കാലയളവിൽ 4,00,000/- രൂപയും 2013-14 കാലയളവിൽ 11,00,000/- രൂപയും നിർവഹണ ഏജൻസിക്ക് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡി.ഡി.നമ്പരും തീയതിയും | തുക (രൂപ) |
|---|---|---|
| 1 | 43548/24.04.2012 | 4,00,000 |
| 2 | 440119/26.08.2013 | 6,00,000 |

| | | |
|---|---|---|
| 3 | 38243/03.03.2014 | 5,00,000 |
| | ആകെ | 15,00,000 |

തുടർന്ന് സർക്കാർ ഉത്തരവ് നം.1140/2015 ത.സ്വ.ഭ.വ തീയതി 17.04.2015 പ്രകാരം ഫ്ലോട്ടിങ് ടൈപ്പ് പ്ലാന്റ് നിർമ്മിച്ച പ്രവൃത്തിക്ക് സാധൂകരണം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ശുചിത്വമിഷൻ 24.05.2015-ൽ റിവൈസ്ഡ് സാങ്കേതികാനുമതി നൽകുകയുണ്ടായി. എന്നാൽ തുടർപ്രവൃത്തികൾ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട സ്ഥല പരിശോധനയിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്ന് കണ്ടു. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30 തീയതി. 22.07.2017) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധ്യക്ഷതയിൽ 22.01.2017-ൽ കൂടിയ യോഗത്തിൽ സെൻസ് കേരള ഡയറക്ടർ (സർവീസ് പ്രൊവൈഡർ) പ്രവൃത്തി പൂർത്തീകരിക്കാൻ സാധ്യമല്ല എന്നാണ് മറുപടി നൽകിയത്. പദ്ധതി നടത്തിപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ (LSGD) ഭാഗത്തുണ്ടായ വീഴ്ച കാരണം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. പൂർത്തീകരിക്കാൻ സാധിക്കാത്ത പ്ലാന്റ് നിലവിൽ പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമാകുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

7. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, അരുവിക്കര ഗ്രാമപഞ്ചായത്തിലെ കാച്ചാണി, അരുവിക്കര മാർക്കറ്റുകളിൽ പരിസര ശുചീകരണം എന്ന ലക്ഷ്യത്തോടെ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 2011-12 സാമ്പത്തിക വർഷം 1000 കിലോഗ്രാം ശേഷിയുള്ള ഫിക്സഡ് ഡോം ടൈപ്പ് പ്ലാന്റിന് 10,28,500/- രൂപയെന്ന നിരക്കിൽ രണ്ട് പ്ലാന്റിനായി 20,57,000/- രൂപയും ഇലക്ട്രിഫിക്കേഷന് 1,95,750/- രൂപയും ഉൾപ്പെടെ 22,52,750/- രൂപ അടങ്കലിൽ ഏക വർഷ പ്രോജക്ടായാണ് പദ്ധതി ആസൂത്രണം ചെയ്തിരുന്നതെന്ന് അരുവിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് ദർഘാസിലൂടെയും പുനർദർഘാസിലൂടെയും നിർവഹണ ഏജൻസിയെ കണ്ടെത്താൻ സാധിക്കാതെ വന്നപ്പോഴാണ് പഞ്ചായത്ത് കമ്മിറ്റി സോഷ്യൽ ആൻഡ് എൻവയോൺമെന്റ് സൊസൈറ്റി (സെൻസ്), കേരള എന്ന ശുചിത്വമിഷന്റെ അംഗീകൃത ഏജൻസിയുമായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് കരാറുണ്ടാക്കിയതെന്നും എന്നാൽ പ്രവർത്തനം ആരംഭിക്കാൻ താമസിച്ചുവെന്നും നിർവഹണ ഏജൻസിക്ക് ആദ്യം 4,00,000/- രൂപയും തുടർന്ന് 11,00,000/- രൂപയും നൽകിയിരുന്നുവെന്നും സങ്കേതികാനുമതിക്ക് വിരുദ്ധമായി ഫിക്സഡ് ഡോം ടൈപ്പിനുപകരം ഫ്ലോട്ടിംഗ് ഡോം ടൈപ്പ് പ്ലാന്റാണ് നിർമ്മിച്ചതെന്നും സെക്രട്ടറി

വ്യക്തമാക്കി. കൂടാതെ ഫ്ലോട്ടിംഗ് ടൈപ്പ് പ്ലാന്റ് നിർമ്മിച്ച പ്രവൃത്തിക്ക് 2015-ൽ സാധൂകരണം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ശുചിത്വമിഷൻ സാങ്കേതികാനുമതി പുതുക്കി നൽകിയെങ്കിലും തുടർപ്രവൃത്തികൾ ചെയ്തില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധ്യക്ഷതയിൽ 22-01-2017-ൽ കൂടിയ യോഗത്തിൽ സെൻസ് കേരള ഡയറക്ടർ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കില്ലെന്നാണ് മറുപടി നൽകിയതെന്നും രണ്ടാം ഗഡുവായ 11,00,000/- രൂപ അനുവദിച്ചതിനുശേഷമാണ് പ്രോജക്ട് നിർത്തിവച്ചതെന്നും നടപ്പു വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ഇതിന്റെ പ്രവർത്തനം തുടരാനാണ് ഭരണസമിതി തീരുമാനിച്ചിരിക്കുന്നതെന്നും താൻ സെക്രട്ടറിയായി ചുമതലയേറ്റെടുത്തിട്ട് ഒരു മാസമേ ആയിട്ടുള്ളൂവെന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയതെന്നും അരുവിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

8. കാച്ചാണിയിലെയും അരുവിക്കരയിലെയും രണ്ട് പദ്ധതികളും നടപ്പു വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തുന്നുണ്ടോയെന്ന നിയമസഭാ സെക്രട്ടേറിയറ്റ് സെക്രട്ടറി-ഇൻ-ചാർജ്ജിന്റെ ചോദ്യത്തിന് കാച്ചാണി മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയാണ് നടപ്പു വർഷത്തെ പ്രോജക്ടിലുൾപ്പെടുത്തുന്നതെന്നും അരുവിക്കര മാർക്കറ്റിലെ പദ്ധതി നടപ്പു വർഷത്തെ പ്രോജക്ടിലുൾപ്പെടുത്താൻ സാധിക്കുമെന്ന് തോന്നുന്നില്ലെന്നും അരുവിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. കാച്ചാണിയിലെ ബയോഗ്യാസ് പ്ലാന്റ് പുനരുദ്ധരിക്കാൻ സാധിക്കുമെങ്കിലും അരുവിക്കരയിലെ പ്ലാന്റ് പുനരുദ്ധരിക്കാൻ സാധിക്കില്ലെന്ന് ശുചിത്വമിഷൻ തിരുവനന്തപുരം ജില്ലാ കോ-ഓർഡിനേറ്റർ ബോധിപ്പിച്ചു.

9. ശുചിത്വമിഷൻ മുഖേന ഏതെങ്കിലും പഞ്ചായത്തുകളിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകൾ നിലവിൽ പ്രവർത്തനക്ഷമമാണോയെന്ന് സമിതി ആരാഞ്ഞു. നിലവിൽ ആര്യനാട് ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെന്ന് ശുചിത്വമിഷൻ തിരുവനന്തപുരം ജില്ലാ കോ-ഓർഡിനേറ്റർ അറിയിച്ചു. പഞ്ചായത്തുകളിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകളുടെ പ്രവർത്തനം പരിശോധിച്ചാൽ പരാജയമാണെന്ന് വിലയിരുത്താൻ സാധിക്കുമെന്നും വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചാൽ പോലും പരിപാലിക്കാൻ ബുദ്ധിമുട്ടാണെന്നും ബയോഗ്യാസ് ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള സാങ്കേതികവിദ്യയെക്കുറിച്ച് ശുചിത്വമിഷൻ പറയാറുണ്ടെങ്കിലും പ്രയോഗികമായി നടപ്പാക്കാൻ ബുദ്ധിമുട്ടാണെന്നും സമിതി അഭിപ്രായപ്പെട്ടു.

10. ഭാവിയിലുള്ള പ്രോജക്ടുകളിലെങ്കിലും പണം ചെലവഴിക്കുമ്പോൾ ഫീസിബിലിറ്റി കൂടി പരിഗണിക്കേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അഭിപ്രായപ്പെട്ടു. നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ് പദ്ധതി നടപ്പാക്കാൻ സാധിക്കാത്തതിന്റെ കാരണമെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്നുണ്ടെങ്കിലും ബയോഗ്യാസ് പ്ലാന്റിന്റെ സാങ്കേതിക വിദ്യയെക്കുറിച്ച് അറിവോ

പ്രാവീണ്യമോ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഉണ്ടായിക്കൊള്ളണമെന്നില്ലെന്നും ശുചിത്വ മിഷന്റെ ഉദ്യോഗസ്ഥർക്കും ഇതിന്റെ ഉത്തര വാദിത്തമുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങളുടെ സാധ്യതാപഠനവും മേൽനോട്ടവും ശുചിത്വ മിഷൻ സമയാസമയം നടത്തേണ്ടിയിരുന്നുവെന്നും സമിതി വ്യക്തമാക്കി. സാങ്കേതികാനുമതി ലഭിച്ച ഫിക്സ്ഡ് ഡോം ടൈപ്പിനു പകരം ഫ്ലോട്ടിംഗ് ഡോം ടൈപ്പിലേക്ക് സാങ്കേതികവിദ്യ മാറ്റിയതെന്താണെന്ന് തദവസരത്തിൽ സമിതി ആരാഞ്ഞു. Social & Environment Society (SENS), Kerala എന്ന ശുചിത്വ മിഷൻ അംഗീകൃത ഏജൻസിയുടെ നിർദ്ദേശാനുസരണമാണ് സാങ്കേതികവിദ്യ മാറ്റിയതെന്നും ആയത് സർക്കാരിന്റെ സാധൂകരണത്തിന് ശേഷമാണെന്നും ശുചിത്വമിഷൻ തിരുവനന്തപുരം ജില്ലാ കോ-ഓർഡിനേറ്റർ സമിതിയെ ബോധിപ്പിച്ചു.

11. ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ച പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ടി റിപ്പോർട്ട് എത്ര ദിവസത്തിനുള്ളിൽ ലഭ്യമാക്കാൻ സാധിക്കുമെന്നും സമിതി ആരാഞ്ഞു. ഒരു മാസത്തിനുള്ളിൽ സമർപ്പിക്കാമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷം ഓഡിറ്റ് പരാമർശത്തിന്മേൽ തീരുമാനമെടുക്കാമെന്ന് സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ / ശിപാർശകൾ

**12. ബയോഗ്യാസ് പ്ലാന്റിന്റെ സാങ്കേതികവിദ്യയെക്കുറിച്ചുള്ള അറിവോ പ്രാവീണ്യമോ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് എപ്പോഴും ഉണ്ടായിക്കൊള്ളണമില്ലെന്നും ശുചിത്വ മിഷന്റെ ഉദ്യോഗസ്ഥർക്കും ഉത്തരവാദിത്തമുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങളുടെ സാധ്യതാപഠനവും മേൽനോട്ടവും ശുചിത്വ മിഷൻ സമയാസമയം നടത്തേണ്ടിയിരുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു.**

**13. കാച്ചാണി, അരുവിക്കര മാർക്കറ്റുകളിലെ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കലുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ച പരിശോധിച്ച് എത്രയും പെട്ടെന്ന് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**നെടുമങ്ങാട് മാർക്കറ്റ് ശോചനീയാവസ്ഥയിൽ – ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതം – ശുചിത്വമിഷൻ ഫണ്ട് ഉൾപ്പെടെ 4,21,325/- രൂപ പാഴ് ചെലവായി**

*[നെടുമങ്ങാട് മുനിസിപ്പാലിറ്റി 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1]*

| | |
|---|---|
| പ്രവൃത്തി | : ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം (2012-13) |
| അടങ്കൽ | : 4,45,000/- |
| ചെലവ് | : 4,21,325/- (17/4/ 13), 22500/- (3/9/16-FD No.432) |
| നിർവ്വഹണം | : ഹെൽത്ത് സൂപ്പർവൈസർ |

ഫയൽ നമ്പർ : പി.എച്ച് 1/2618/11

ഓഡിറ്റ് എൻക്വയറി: 44

നെടുമങ്ങാട് നഗരസഭാ മാർക്കറ്റിലെ ജൈവ മാലിന്യ സംസ്കരണത്തിനായി പ്രതിദിനം 250 കിലോഗ്രാം മാലിന്യ സംസ്കരണ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ശുചിത്വമിഷനിൽ നിന്നും 30/3/11.SM(C2)48250 നമ്പർ കത്ത് പ്രകാരം അനുമതി ലഭിച്ചതിന്റെയും 21/4/11 തീയതിയിലെ 419227 നമ്പർ DD മുഖേന 2,25,000/-രൂപ ധനസഹായം ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ Fixed dome type plant നിർമ്മിക്കുന്നതിനായി സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും തെരഞ്ഞെടുത്ത ദീപം ബയോഗ്യാസ് ഏജൻസി, കാടാമ്പുഴ എന്ന സ്ഥാപനവുമായി കരാർ ഉറപ്പിച്ചു. കരാർ നമ്പർ 120/11-2 തീയതി 19/3/12 മുഖേനയുള്ള വ്യവസ്ഥകൾ പ്രകാരം ഒക്ടോബറിൽ പണി പൂർത്തിയാക്കുകയും 17/4/13-ൽ 048531 നമ്പർ ചെക്ക് മുഖേന 4,21,325/- രൂപ കൈമാറുകയും ചെയ്തു. പ്ലാന്റ് പ്രവർത്തനക്ഷമമാണെന്നും അതിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന ഗ്യാസ് കുടുംബശ്രീ ക്യാന്റീനിൽ പാചകത്തിന് ഉപയോഗിക്കപ്പെടുന്നുണ്ടെന്നും പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് നഗരസഭാ ജീവനക്കാരനായ ജോൺസൺ എന്നയാളെ പരിശീലിപ്പിച്ചിട്ടുണ്ടെന്നും മുനിസിപ്പൽ എഞ്ചിനീയർ പരിശോധന നടത്തി 8/4/2013-ൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

<u>തൻവർഷം നടത്തിയ ചെലവുകൾ</u>

ദീപം ബയോഗ്യാസ് ഏജൻസി ഉടമ ശ്രീ.വിജയൻ ബയോഗ്യാസ് പ്ലാന്റ് പൂർണമായും പ്രവർത്തനക്ഷമമാണെന്നും പ്രവൃത്തിക്കുവേണ്ടി കെട്ടിവച്ച സെക്യൂരിറ്റി തുക തിരികെ നൽകണമെന്നും 10/8/16-ലെ കത്ത് മുഖേന ആവശ്യപ്പെട്ടതിനെ തുടർന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയായ 22,500/-രൂപ 3/9/16 ലെ FD 432/19/3/12 മുഖേന തിരിച്ചു നൽകി. ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ വന്ന ക്രമക്കേടുകൾ താഴെപ്പറയുന്നു.

- നാല് ലക്ഷത്തിൽപരം രൂപ ചെലവാക്കി പ്രവർത്തനക്ഷമമാക്കിയ ബയോഗ്യാസ് പ്ലാന്റിന്റെ തുടർപരിപാലനവും മാലിന്യ സംസ്കരണവും നഗരസഭാ അധികൃതരുടെ മേൽനോട്ടത്തിൽ നടന്നിട്ടില്ല.
- വർഷങ്ങളായി പ്രവർത്തനക്ഷമമല്ല എന്ന് പരിശോധനയിൽ കാണാൻ കഴിഞ്ഞ പ്രസ്തുത പ്ലാന്റ് യാതൊരു കേടുപാടുമില്ലാതെ പ്രവർത്തിക്കുന്നു എന്ന ഓവർസിയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക 22,500/- രൂപ കരാറുകാരന് തിരികെ നൽകി. എന്നാൽ ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.44) പ്ലാന്റ് ഇപ്പോൾ പ്രവർത്തനക്ഷമമല്ല എന്ന് മറുപടി നല്കിയിട്ടുണ്ട്.
- പ്ലാന്റ് പ്രവർത്തനക്ഷമമല്ല എങ്കിൽ കരാറുകാരനെകൊണ്ട് അത് റിപ്പയർ ചെയ്യിച്ച് പ്രവർത്തനക്ഷമമാക്കി മാർക്കറ്റിലെ അതിരൂക്ഷമായ മാലിന്യ പ്രശ്നം പരിഹരിക്കേണ്ടതായിരുന്നു. അതിനു പകരം പ്രവർത്തനക്ഷമമാണ് എന്ന് ഫയലിൽ

രേഖപ്പെടുത്തി സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ നല്കിയതും നെടുമങ്ങാട് ഠൗൺ പരിസരത്തെ പരിസ്ഥിതിക്കു തന്നെ ദോഷകരമാകുന്ന രീതിയിൽ മാലിന്യം സംസ്കരിക്കപ്പെടാതെ കിടക്കുന്നതും പദ്ധതിക്കായി ചെലവഴിച്ച തുക പാഴാകുന്നതിന് ഇടയാക്കിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.1.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

14. നെടുമങ്ങാട് നഗരസഭാ മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റ് 4 വർഷം നല്ല രീതിയിൽ പ്രവർത്തിക്കുകയും അതിൽ നിന്നുൽപ്പാദിപ്പിച്ചിരുന്ന ഗ്യാസ് കുടുംബശ്രീ ക്യാന്റീനിൽ പാചകത്തിനായി നൽകുകയും തുടർന്ന് പ്ലാന്റ് പ്രവർത്തനരഹിതമായെങ്കിലും ടി വിവരം മറച്ചുവെച്ച് റിപ്പോർട്ട് നൽകി സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക തിരികെ നൽകിയെന്നതാണ് ഓഡിറ്റിലെ പ്രധാന പരാമർശമെന്നും അത്തരത്തിൽ റിപ്പോർട്ട് ചെയ്ത ഓവർസിയറിൽ നിന്ന് തുക ഈടാക്കുന്നതിനുള്ള നടപടി നഗരസഭ സ്വീകരിച്ചിട്ടുണ്ടെന്നും നിലവിൽ മാർക്കറ്റിൽ windrow compost പ്രവർത്തിക്കുന്നുണ്ടെന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച് നെടുമങ്ങാട് നഗരസഭ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

15. സ്ഥലപരിശോധന നടത്താതെ പ്രവർത്തനക്ഷമമല്ലാതിരുന്ന ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാണെന്ന് റിപ്പോർട്ട് ചെയ്ത് എഫ്.ഡി. റിലീസ് ചെയ്യുന്നതിന് ശിപാർശ ചെയ്ത ഉദ്യോഗസ്ഥനിൽ നിന്ന് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുടർനടപടി സ്വീകരിച്ച് എത്രയും വേഗം അറിയിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു. ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാണെന്ന് റിപ്പോർട്ട് ചെയ്ത് എഫ്.ഡി. റിലീസ് ചെയ്യുന്നതിന് ശിപാർശ ചെയ്ത ഉദ്യോഗസ്ഥന് നോട്ടീസ് നൽകുക മാത്രമേ ചെയ്തിട്ടുള്ളൂ എന്ന് പറയുന്നത് അംഗീകരിക്കാവുന്നതല്ലെന്നും ഇത്തരം വിഷയങ്ങളിൽ സമയബന്ധിതമായി തീരുമാനമെടുക്കാത്തതിനാൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് അതിൽനിന്നും രക്ഷപ്പെടാൻ അവസരം ലഭിക്കുകയാണെന്നും ടി ഉദ്യോഗസ്ഥനിൽ നിന്ന് തുക ഈടാക്കിയതിനുശേഷം വിവരം റിപ്പോർട്ട് ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ / ശിപാർശകൾ

16. സ്ഥലപരിശോധന നടത്താതെ നെടുമങ്ങാട് നഗരസഭാ മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാണെന്ന് തെറ്റായി റിപ്പോർട്ട് ചെയ്ത് എഫ്.ഡി. റിലീസ് ചെയ്യുന്നതിന് ശിപാർശ

**ചെയ്ത ഉദ്യോഗസ്ഥന് നോട്ടീസ് നൽകുക മാത്രമേ ചെയ്തിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം വിഷയങ്ങളിൽ സമയബന്ധിതമായി തീരുമാനമെടുക്കാത്തതിനാൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് അതിൽനിന്നും രക്ഷപ്പെടാൻ അവസരം ലഭിക്കുകയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്ന് തുക ഈടാക്കിയതിനുശേഷം സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വസ്തുനികുതി കുടിശിക – 13,58,839/- രൂപ**

*[ആര്യൻകോട് ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-6]*

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203 പ്രകാരം ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾക്ക് നിർണയിക്കുന്ന വസ്തുനികുതി തുടർന്നുള്ള വർഷങ്ങളിൽ കുടിശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി. പത്രിക, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2016-17 സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെടെ 13,58,839/- രൂപ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടുവാനുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനമായ വസ്തുനികുതി പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്ത് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഇത്രയും വലിയൊരു തുക വസ്തുനികുതിയിനത്തിൽ കുടിശിക വരുമായിരുന്നില്ല. റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് കുടിശിക വസ്തുനികുതി പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുന്നില്ല. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.1.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

17. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

**18. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**കൊല്ലം ജില്ല**

ഓഡിറ്റ് ഖണ്ഡിക

**ഫണ്ടുകളുടെ വിനിയോഗലക്ഷ്യം കൈവരിക്കുന്നതിൽ വീഴ്ച – 2,16,86,791/- രൂപ ചെലവഴിക്കപ്പെട്ടിട്ടില്ല**

*[ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-26]*

വികസനപദ്ധതികൾ നടപ്പാക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിന് വിവിധ ഗ്രാന്റിനങ്ങളിൽ സംസ്ഥാന ബജറ്റ് വിഹിതമായി തൻവർഷം അനുവദിച്ച് നല്കിയ 2,16,86,791/- ചെലവഴിക്കപ്പെട്ടിട്ടില്ല.

സാമൂഹികനീതിയും സാമ്പത്തികവികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്കായി സർക്കാർ ഗ്രാമപഞ്ചായത്തിന് തൻവർഷം അനുവദിച്ച് നൽകിയ ഗ്രാന്റുകളുടെയും ഫണ്ടുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഷിക പദ്ധതി പ്രകാരം വകയിരുത്തിയ തുക | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കപ്പെടാത്തതിനാൽ നഷ്ടമായ തുക |
|---|---|---|---|
| 1,70,09,290 | 1,54,33,324 | 1,40,59,218 | 13,74,106 |
| 1,50,39,476 | 1,30,60,407 | 90,11,875 | 40,48,532 |
| 87,39,846 | 86,55,211 | 48,61,583 | 37,93,628 |
| 45,36,909 | 30,01,443 | 0 | 30,01,443 |
| 62,82,537 | 41,71,296 | 18,25,906 | 23,45,390 |
| 96,65,597 | 91,80,597 | 20,56,905 | 71,23,692 |
| ആകെ | | | 2,16,86,791 |

സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റുകൾ വിനിയോഗിക്കുവാൻ സാധ്യമാകുന്ന വിധത്തിൽ വാർഷികപദ്ധതി തയ്യാറാക്കി ഫണ്ടുകൾ വകയിരുത്തിയെങ്കിലും പദ്ധതിനിർവഹണത്തിലെ വീഴ്ചകൾ മൂലമാണ് ₹2,16,86,791/- ചെലവഴിക്കാൻ കഴിയാത്തത്. ഈ വിഷയത്തിൽ വിശദീകരണം തേടി 03.07.17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1-ന് തൻവർഷം ചെലവഴിക്കപ്പെടാതെ ശേഷിച്ച തുകയിൽ 1,69,62,586/- രൂപ സ്പിൽഓവർ പദ്ധതികളിൽ ഉൾപ്പെടുത്തി നിലനിർത്തിയിട്ടുണ്ട് എന്ന് അറിയിച്ചു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 2015-16, 2016-17 വാർഷിക പദ്ധതികളിൽ ഏറ്റെടുത്ത പദ്ധതികൾ 2017-18-ൽ സ്പിൽ ഓവർ ആയി തുടരുമ്പോൾ പേയ്മെന്റ് നൽകുന്നത് സംബന്ധമായി അനുവാദവും നിയന്ത്രണവും ഏർപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച 25.04.17 ലെ ജി.ഒ.(എം.എസ്.)നം.3631/17/ധന., 28.04.17 ലെ ജി.ഒ.(എം.എസ്.) നം.3689/17/ധന. ഉത്തരവുകളും 11.05.17 ലെ ഡി.എ.1/279/17.തസ്വഭവ സർക്കുലറും പരിഗണിച്ച് സമുചിതമായ പദ്ധതികൾ തയ്യാറാക്കി സമയബന്ധിതമായി പൂർത്തിയാക്കുവാനും സർക്കാർ അനുവദിച്ച് നൽകുന്ന ഗ്രാന്റുകളും ഫണ്ടുകളും നിയമാനുസൃത സമയപരിധിക്കുള്ളിൽ ചെലവഴിക്കുവാനും തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾ ബാദ്ധ്യസ്ഥമാണെന്നിരിക്കെ ജില്ലയിലെ നിരവധി സ്ഥാപനങ്ങളിൽ പദ്ധതിനിർവഹണത്തിലെ വീഴ്ചകൾമൂലം തുക ചെലവഴിക്കാൻ കഴിയാതെവന്നിട്ടുണ്ട്. ഉദാഹരണമായി 2016-17 ഓഡിറ്റ് റിപ്പോർട്ടുകളിൽ വെളിയം ഗ്രാമപഞ്ചായത്ത് ഖണ്ഡിക 3-15, ചവറ ഗ്രാമപഞ്ചായത്ത് ഖണ്ഡിക 3-9, ഓച്ചിറ ഗ്രാമപഞ്ചായത്ത് ഖണ്ഡിക 3-7, മേലില ഗ്രാമപഞ്ചായത്ത് ഖണ്ഡിക 3-1, തേവലക്കര ഗ്രാമപഞ്ചായത്ത് ഖണ്ഡിക 3-5, എഴുകോൺ ഗ്രാമപഞ്ചായത്ത് ഖണ്ഡിക 3-6, കുലശേഖരപുരം ഗ്രാമപഞ്ചായത്ത് ഖണ്ഡിക 3-6, പെരിനാട് ഗ്രാമപഞ്ചായത്ത് ഖണ്ഡിക 3-4 എന്നിവയിലും സമാനമായ പരാമർശങ്ങളുണ്ട്. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.
(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

19. പ്രതികൂലമായ കാലാവസ്ഥ, പ്രാദേശികമായ ചില എതിർപ്പുകൾ എന്നിവയുൾപ്പെടെയുള്ള കാരണങ്ങളാൽ മരാമത്ത് പണികളിൽ കാലതാമസമുണ്ടായതു കൊണ്ടാണ് 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക പ്രസ്തുത വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി പൂർണ്ണമായും ചെലവാക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിയാതെ പോയതെന്നും എന്നാൽ 2017-18-ൽ പ്രോജക്ടുകൾ സ്പിൽ ഓവറായി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച് കൊല്ലം, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദമാക്കി. വകുപ്പിൽ നിന്ന് ലഭ്യമായ മറുപടിയുടെ അടിസ്ഥാനത്തിലും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**20. 2016-17 സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുകയിൽ പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാത്തവ 2017-18-ൽ പ്രോജക്ടുകൾ സ്പിൽ ഓവറായി പൂർത്തീകരിച്ചിട്ടുണ്ടെന്ന കൊല്ലം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തനത് ഫണ്ടിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ**

*[ശൂരനാട് നോർത്ത് ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1]*

ഗ്രാമപഞ്ചായത്തിൽ തനതുഫണ്ട് നിക്ഷേപിക്കുന്നതിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ പരിപാലിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ | 31.03.17-ലെ ബാലൻസ് തുക |
|---|---|---|---|
| 1 | ജില്ലാ സഹകരണ ബാങ്ക്, ശൂരനാട് | 030481201000001 | ₹ 10,227 |
| 2 | ശൂരനാട് ഗ്രാമോദ്ധാരണ സഹകരണ ബാങ്ക് | 4207 | ₹ 18,891 |
| 3 | ട്രഷറി സേവിംഗ്സ് ബാങ്ക് | 393 | ₹ 88,838 |
| 4 | ശൂരനാട് ഗ്രാമോദ്ധാരണ സഹകരണ ബാങ്ക് | 466 | ₹ 8,95,824 |
| 5 | എസ്.ബി.ടി. | 67381930513 | ₹ 39,73,063 |

ക്രമനമ്പർ 1 പ്രകാരമുള്ള അക്കൗണ്ട് നിലവിൽ പണമിടപാടുകൾ നടക്കാതെ നിഷ്ക്രിയമാണ്. ക്രമനമ്പർ 2, 3 എന്നിവ സ്ഥിരനിക്ഷേപങ്ങളുടെ പലിശ ലഭ്യമാകുന്ന അക്കൗണ്ടുകളാണ്. ക്രമനമ്പർ 4, 5 പ്രകാരമുള്ള അക്കൗണ്ടുകൾ നിലവിൽ ഉപയോഗിക്കുന്നതുമാണ്. കേരള പഞ്ചായത്ത് രാജ് ആക്ടിലെ 212(6), 1996 - പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും ചട്ടം എന്നിവ പ്രകാരം തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ മാത്രമേ അക്കൗണ്ട് പരിപാലിക്കാൻ പാടുള്ളൂ. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 26.05.2011 ലെ 58725/എഫ്.എം3/2008/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ബാങ്ക് അക്കൗണ്ടുകൾ ക്രമപ്പെടുത്തുന്നതിനുള്ള നടപടികളും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സുതാര്യമായ സാമ്പത്തിക നിയന്ത്രണത്തിനായി, സക്രിയമായ ഒരു അക്കൗണ്ട് ഒഴികെ മറ്റ് ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് ബാലൻസ് തുക തനത് വരുമാനം സൂക്ഷിക്കുന്നതിന് നിലനിർത്താൻ ഉദ്ദേശിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കേണ്ടതാണ്. പ്രസ്തുത അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന തുകകൾ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഭരണസമിതി നാളിതുവരെ സ്വീകരിച്ചിട്ടില്ല.

കൊല്ലം ജില്ലയിലെ പവിത്രേശ്വരം (ഖ.2.2) ഗ്രാമ പഞ്ചായത്ത്, ക്ലാപ്പന (ഖ.2.1) ഗ്രാമ പഞ്ചായത്ത്, കുളക്കട (ഖ.2.6) ഗ്രാമ പഞ്ചായത്ത് എന്നിവയുൾപ്പെടെ നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രസ്തുത വിഷയം ആവർത്തിക്കുന്നുണ്ട്. മേൽ നിർദ്ദേശത്തിനായി പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.2.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

21. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

22. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**കൊല്ലം കോർപ്പറേഷൻ**

ഓഡിറ്റ് ഖണ്ഡിക

**മുനിസിപ്പൽ കോർപ്പറേഷനിലെ റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ വിഹിതം അടവാക്കൽ - പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ**

*[കൊല്ലം കോർപ്പറേഷൻ 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7]*

(a) മുനിസിപ്പൽ കോർപ്പറേഷൻ റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ വിഹിതം അടവാക്കൽ - സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള തുക 25,86,66,659/- രൂപ.

സേവനത്തിൽ നിന്നും വിരമിച്ച റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണത്തിനായി 2007-08 സാമ്പത്തിക വർഷം മുതൽ 2016-17 വരെ ചെലവഴിച്ച 25,86,66,659/- രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും കൊല്ലം മുനിസിപ്പൽ കോർപ്പറേഷന് ലഭിക്കാനുള്ളതായി കണക്കുകൾ വ്യക്തമാക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | ലഭിക്കാനുള്ള തുക | ലഭിച്ച തുക | ബാക്കി തുക (₹) |
|---|---|---|---|---|
| 1 | 2007-08 | 92,18,075 | 23,58,702 | 68,59,373 |
| 2 | 2008-09 | 1,27,12,920 | 0 | 1,27,12,920 |
| 3 | 2009-10 | 1,46,41,092 | 1,00,00,000 | 46,41,092 |
| 4 | 2010-11 | 1,90,74,232 | 0 | 1,90,74,232 |
| 5 | 2011-12 | 2,35,07,238 | 0 | 2,35,07,238 |
| 6 | 2012-13 | 2,91,11,652 | 0 | 2,91,11,652 |
| 7 | 2013-14 | 3,38,21,304 | 2,50,00,000 | 88,21,304 |
| 8 | 2014-15 | 4,01,31,828 | 0 | 4,01,31,828 |
| 9 | 2015-16 | 4,53,57,660 | 2,30,98,996 | 2,22,58,664 |
| 10 | 2016-17 | 6,39,11,268 | 0 | 6,39,11,268 |

| | | | | |
|---|---|---|---|---|
| 11 | കമ്മ്യൂട്ടേഷൻ ഡി.സി.ആർ.ജി | 5,07,36,084 | 2,30,98,996 | 2,76,37,088 |
| | ആകെ | **34,22,23,353** | **8,35,56,694** | **2,58,66,659** |

മേൽ തുക കോർപ്പറേഷന് തിരികെ ലഭിക്കാൻ കാര്യക്ഷമമായ നടപടികൾ ബന്ധപ്പെട്ട അധികാരികളുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതുണ്ട്.

(b) പെൻഷൻ വിഹിതം യഥാസമയം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുന്നില്ല

കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ റഗുലർ വിഭാഗം ജീവനക്കാരുടെ 2016-17 സാമ്പത്തിക വർഷത്തെ പെൻഷൻ വിഹിതം മുനിസിപ്പൽ കോർപ്പറേഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച് സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്ക് വരുത്തുന്നതിന് കാലതാമസം വരുന്നു.

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടം 8(1) പ്രകാരം മുനിസിപ്പൽ കോർപ്പറേഷനിലെ റഗുലർ എസ്റ്റാബ്ലിഷ്മെന്റിൽപ്പെട്ട ജീവനക്കാരുടെ പെൻഷൻ വിഹിതം അതാത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതാത് മാസം 25-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെയ്ക്കുന്നതിലേക്ക് നഗരകാര്യ ഡയറക്ടറുടെ പേരിലുള്ള ഡിമാന്റ് ഡ്രാഫ്റ്റായി, മുനിസിപ്പൽ സെക്രട്ടറി അയച്ച് കൊടുക്കേണ്ടതാണ്. സമയ പരിധിക്കുള്ളിൽ ഡിമാന്റ്ഡ്രാഫ്റ്റ് അയക്കാത്ത പക്ഷം വീഴ്ച വരുത്തിയ കാലയളവിലേക്ക് സേവിംഗ്സ് ബാങ്ക് നിക്ഷേപത്തിന് തൽസമയ പ്രാബല്യത്തിലുള്ള നിരക്കിൽ പലിശ കൂടി നൽകുവാൻ മുനിസിപ്പാലിറ്റിക്ക് ബാദ്ധ്യത ഉണ്ടാകുന്നതാണ്. എന്നാൽ ഇത്തരത്തിൽ പലിശ ഇനത്തിൽ തുക ഒടുക്കു വരുത്തിയതായി രേഖയില്ല.

2016 ഏപ്രിൽ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ 2017 മാർച്ച് എന്നീ മാസങ്ങളിലെ പെൻഷൻ വിഹിതം ഇത്തരത്തിൽ ഡിമാന്റ് ഡ്രാഫ്റ്റായി അയച്ചു കൊടുത്തതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇപ്രകാരം കാലതാമസം കാരണം പലിശ ഈടാക്കേണ്ട എല്ലാ സംഗതികളിലും 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടം 8(5) പ്രകാരം മുനിസിപ്പൽ സെക്രട്ടറി പലിശ ഒടുക്കാൻ ബാദ്ധ്യസ്ഥനാണ്.

കൂടാതെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുന്നതിന് ഡിമാന്റ് ഡ്രാഫ്റ്റായി നഗരകാര്യ ഡയറക്ടർക്ക് അയക്കുന്നതിലെയോ ഡിമാന്റ് ഡ്രാഫ്റ്റ് യഥാസമയം ബാങ്കിൽ സമർപ്പിക്കുന്നതിലെയോ കാലതാമസം മൂലം പ്രസ്തുത ഡിമാന്റ് ഡ്രാഫ്റ്റ് കാലാവധി കഴിഞ്ഞ ശേഷം റിവാലിഡേറ്റ് ചെയ്യുന്നതിനായി മുനിസിപ്പൽ

കോർപ്പറേഷനിലേക്ക് തിരികെ അയക്കുന്നതിനും കാരണമാകുന്നു. ഇത് മൂലം പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുന്നതിൽ അസാധാരണ കാലതാമസം ഉണ്ടാകുകയും ചെയ്യുന്നു.

ജൂൺ 2016 ലെ പെൻഷൻ വിഹിതമായി അയച്ച് കൊടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് ഇപ്രകാരം രണ്ട് തവണ റീവാലിഡേറ്റ് ചെയ്യേണ്ടി വന്നു. പെൻഷൻ വിഹിതമായി അയച്ച ഡി.ഡി. യഥാസമയം പെൻഷൻ ഫണ്ടിൽ അടവാക്കാതെ 6 മാസത്തിൽ കൂടുതൽ കൈവശം വെക്കുകയും സെൻട്രൽ പെൻഷൻ ഫണ്ടിൽ പലിശ ഇനത്തിൽ ലഭിക്കേണ്ട തുക നഷ്ടപ്പെടുകയും ചെയ്തു. കൂടാതെ 2016 ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ടി അപാകത ആവർത്തിക്കുകയുണ്ടായി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.2.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

23. പെൻഷൻ വിഹിതം യഥാസമയം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടച്ചിട്ടില്ലെന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ സ്ഥാപനം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലെന്നത് സംബന്ധിച്ച് നിയമസഭാ സെക്രട്ടേറിയറ്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് ബന്ധപ്പെട്ടവരിൽ നിന്ന് വിശദീകരണം ആരാഞ്ഞു. തനത് ഫണ്ടിന്റെ അപര്യാപ്തത കാരണം ചില മാസങ്ങളിൽ പെൻഷൻ വിഹിതം അടയ്ക്കുന്നതിൽ താമസമുണ്ടായിട്ടുണ്ടെന്നും എന്നാൽ ഇക്കാര്യത്തിൽ മനപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ലെന്നും നാലോ അഞ്ചോ ദിവസത്തിനുള്ളിൽ പെൻഷൻ വിഹിതം അടയ്ക്കാറുണ്ടെന്നും തനതുഫണ്ടിന്റെ ഗ്രോസ് എമൗണ്ട് പാസാക്കുമെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം നെറ്റ് എമൗണ്ടാണ് സാധാരണ വിതരണം ചെയ്യുന്നതെന്നും റിക്കവറി തുകകൾ പിന്നീട് അടയ്ക്കുന്ന രീതിയാണുള്ളതെന്നും അതിൽ ചില മാസങ്ങളിൽ വ്യത്യാസം വന്നിട്ടുണ്ട് എന്നേയുള്ളൂ വെന്നും കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള തുക കുടിശ്ശികയാണെന്നും ഡിസംബറിലെ കണക്കനുസരിച്ച് എൺപത്തിയെട്ട് കോടി രൂപയോളം നഗരസഭയ്ക്ക് ലഭിക്കാനുണ്ടെന്നും നഗരസഭകൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുവാനുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക കുറവ് ചെയ്തതിനുശേഷമുള്ള തുകയാണിതെന്നും പ്രസ്തുത സാഹചര്യത്തിൽ 2021 ഒക്ടോബർ മുതൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു .

24. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലെന്നാണ് കൺകറന്റ് ഓഡിറ്റ് വിഭാഗം അറിയിച്ചിട്ടുള്ളതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സൂചിപ്പിച്ചു. സമിതിയുടെ സിറ്റിംഗിന് മുന്നോടിയായി

റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്ന് കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

25. ഡയറക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് നൽകുന്നതിനായി ഫയൽ ആവശ്യപ്പെട്ടെങ്കിലും കോർപ്പറേഷൻ നൽകിയിരുന്നില്ലെന്നും അതിനുശേഷം 04-01-2024-നാണ് ഇതുസംബന്ധിക്കുന്ന പരാമർശം ഓഫീസിൽ എത്തിച്ചതെന്നും നഗരകാര്യ ഡയറക്ടർക്ക് കൊല്ലം കോർപ്പറേഷനിൽ നിന്നും പെൻഷൻ ഫണ്ട് ലഭ്യമാക്കണമെന്നുപറഞ്ഞ് അയച്ച കത്തുകളാണ് രേഖകളായി പരിശോധിക്കാൻ ഹാജരാക്കിയതെന്നും സംസ്ഥാന ഓഡിറ്റ് വകുപ്പ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ ബോധിപ്പിച്ചു. മറുപടി കൃത്യമായി ലഭ്യമാക്കിയാൽ പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് കൃത്യമായ മറുപടി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**26. മുനിസിപ്പൽ കോർപ്പറേഷൻ റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ വിഹിതം യഥാസമയം അടവാക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച കൃത്യമായ മറുപടി ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കുന്നതിന് സമിതി നിർദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മെയിന്റനൻസ് പ്രവൃത്തി ആരംഭിച്ച് 5 വർഷം പിന്നിട്ടുമ്പോഴും ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനസജ്ജമല്ല**

*[കൊല്ലം കോർപ്പറേഷൻ 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-37]*

- പ്രവൃത്തിയുടെ പേര് - ചിന്നക്കട തങ്കപ്പൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സ് റിനവേഷൻ പ്രവൃത്തി - ആകെ ചെലവ് 1,32,61,486/- രൂപ

കൊല്ലത്തിന്റെ ഹൃദയഭാഗമായ ചിന്നക്കടയുടെ മുഖഛായ വർദ്ധിപ്പിക്കുക, കൂടുതൽ വ്യാപാര സ്ഥാപനങ്ങളെ ആകർഷിച്ച് കോർപ്പറേഷന്റെ വാടക വരുമാനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് അഞ്ചുനിലകളിലായി ഏകദേശം 50000 ചതുരശ്ര അടിയും 46 മുറികളോടുകൂടിയതുമായ ചിന്നക്കട തങ്കപ്പൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ മെയിന്റനൻസ് പ്രവൃത്തി 04/2012 ൽ ആരംഭിച്ചത്. ഈ പ്രവൃത്തി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

മൂന്ന് എസ്റ്റിമേറ്റുകൾ തയ്യാറാക്കി 4/2012-ൽ ആരംഭിച്ച ഈ പ്രവൃത്തി 3/2017 ലും പൂർത്തീകരിച്ചിട്ടില്ല. ആവശ്യമായ ഇലക്ട്രിഫിക്കേഷൻ പണി ഇനിയും ആരംഭിച്ചിട്ടില്ല. ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ ഏതെല്ലാം പ്രവൃത്തികൾ ചെയ്യണമോ അവയെല്ലാം പ്രോജക്ടിൽ ഉൾപ്പെടുത്തിവേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും പണി ആരംഭിക്കേണ്ടതുമാണെന്ന് 1997 ലെ കേരള മുനിസിപ്പാലിറ്റി പൊതുമരാമത്ത് നടത്തിപ്പ് ചട്ടങ്ങൾ വ്യക്തമാക്കുന്നത്.

തുകയ്ക്കനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അനുമതി നൽകുവാനോ പാടില്ലായെന്നതാണ് വ്യവസ്ഥ. മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി വിവിധ എസ്റ്റിമേറ്റുകളിലായി പല സമയങ്ങളിലായാണ് റിനവേഷൻ പ്രവൃത്തി ചെയ്തിട്ടുള്ളത്. ആയതിനാൽ പ്രവൃത്തിയിൽ ഏതെങ്കിലും ഇനം ആവർത്തിച്ച് വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെടാൻ കഴിയാത്ത അവസ്ഥയുണ്ട്.

- പ്രവൃത്തിയുടെ ഒന്നാം ഘട്ടം
  a) ഒന്നാം ഘട്ട പ്രവൃത്തി (ഫയൽ നം.PW4-62915/11)
  b) എസ്റ്റിമേറ്റ് തുക - 21.50 ലക്ഷം രൂപ (തനത് ഫണ്ട്)
  c) ചെലവ് തുക - 19,90,526/- രൂപ
  d) എം.ബുക്ക് - 291/12-13, 935/13-14, 1465/08, 1466/08
  (2010 S O R at estimate rate)

  ഘടനാപരമായ ബലപ്പെടുത്തലിനായി 21.50 ലക്ഷം രൂപ എസ്റ്റിമേറ്റിൽ 11.04.2012 ൽ കരാർ വച്ച് ആരംഭിച്ച് 19,90,526/- രൂപ ചെലവഴിച്ചാണ് പൂർത്തീകരിച്ചിട്ടുള്ളത്. 1979 ൽ ഫൗണ്ടേഷൻ ചെയ്ത് നിർമ്മിച്ച ഈ കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി വിദഗ്ധ എഞ്ചിനീയറെ കൊണ്ട് പരിശോധിപ്പിക്കാതെയാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. കെട്ടിടത്തിന്റെ റൂഫ് സ്ലാബുകൾ ഇളകി കമ്പികൾ ദ്രവിച്ചതും പിൻഭാഗത്തെ ഷേഡുകൾ പൊട്ടി ഇളകി അടർന്നുവീഴുന്ന അവസ്ഥ മാറ്റുക, ലീക്കേജ് തടയുക എന്നിവയായിരുന്നു ഒന്നാം ഘട്ടത്തിൽ പ്രധാനമായും ഉൾപ്പെടുത്തിയിരുന്നത്. 11.04.2012 ൽ ആരംഭിച്ച പ്രവൃത്തി 07.06.2012 ലാണ് പൂർത്തീകരിക്കേണ്ടിയിരുന്നത്. എന്നാൽ 19.12.2013 ലാണ് പൂർത്തീകരിച്ചത്.

- പ്രവൃത്തിയുടെ രണ്ടാം ഘട്ടം
  a) രണ്ടാം ഘട്ട പ്രവൃത്തി (ഫയൽ നം.PW7-3068/13)
  b) എസ്റ്റിമേറ്റ് തുക - 43.90 ലക്ഷം രൂപ (13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
  c) ചെലവ് തുക - 42,92,698/- രൂപ
  d) എം.ബുക്ക് - 647/13-14, 896/13-14, 19/14-15 (2012 S O R at estimate rate)

  രണ്ടാം ഘട്ട എസ്റ്റിമേറ്റിൽ കെട്ടിടത്തിന്റെ മുൻവശത്തുള്ള 42 വിംഗ്സ് വാളുകൾ മാറ്റി അലൂമിനിയം കോമ്പോസിറ്റ് പാനൽ (ACP) സ്ഥാപിക്കുക, ടോയ്ലെറ്റുകൾ നന്നാക്കുക, ഫ്ലോറിംഗിനായി ടൈലുകൾ പാകുക, പെയിന്റിംഗ്, കതകുകളുടെയും ജനലുകളുടെയും റിപ്പയറിംഗ് തുടങ്ങിയ പ്രവൃത്തികൾക്കായി 43.90 ലക്ഷം രൂപ കണക്കാക്കി 08.08.2013 ൽ കരാറുവെച്ച് പ്രവൃത്തി ആരംഭിച്ച് 42,92,698/- രൂപ ചെലവഴിച്ചു. പൂർത്തീകരണ തീയതി 07.11.2013 ആയിരുന്നെങ്കിലും 24.10.2014 ലാണ് പൂർത്തീകരിച്ചത്.

- **പ്രവൃത്തിയുടെ മൂന്നാം ഘട്ടം**
  a) മൂന്നാം ഘട്ട പ്രവൃത്തി (ഫയൽ നം.PW7-61172/13)
  b) എസ്റ്റിമേറ്റ് തുക - 70 ലക്ഷം രൂപ (വികസന ഫണ്ട്)
  c) ചെലവ് തുക - 69,78,262/- രൂപ
  d) എം.ബുക്ക് - 16/14-15, 303/14-15, 868/13-14 (2012 S O R 0.01% below from estimate rate)

മൂന്നാം ഘട്ടത്തിൽ കെട്ടിടത്തിന്റെ ശേഷിക്കുന്ന ഭാഗങ്ങളിലും ACP സ്ഥാപിക്കൽ, മൂന്ന്, നാല് നിലകളിൽ കൂടി ഫ്ലോറിംഗിനായി ടൈൽസ് പാകൽ എന്നീ പ്രവൃത്തികൾ ചെയ്ത് ഷോപ്പിംഗ് കോംപ്ലക്സിനെ പൂർണ്ണമായും ഉപയോഗപ്രദമാക്കുന്നതിനുള്ള പ്രവൃത്തിയാണ് എസ്റ്റിമേറ്റ് ചെയ്തത്. കൂടാതെ ജലവിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി 24000 ലിറ്റർ അളവിലുള്ള ഒരു ഭൂഗർഭ ജല സംഭരണിയും ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുണ്ട്. 70 ലക്ഷം രൂപ കണക്കാക്കി 21.02.2014 ൽ കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച് 69,78,262/- രൂപ ചെലവഴിക്കുകയുണ്ടായി. 20.08.2014 ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി 28.02.2015 ലാണ് പൂർത്തീകരിച്ചത്.

**ഓഡിറ്റ് നിഗമനങ്ങൾ**

04/2012 ൽ ആരംഭിച്ച ഈ മെയിന്റനൻസ് പ്രവൃത്തിക്ക് 1,32,61,486/- രൂപ ചെലവഴിച്ചെങ്കിലും 5 വർഷം പിന്നിടുന്ന 03/2017 ലും പണി പൂർത്തീകരിക്കുന്നതിനും പുതിയതായി വ്യാപാരസ്ഥാപനങ്ങളെയോ ഓഫീസുകളെയോ ഷോപ്പിംഗ് കോംപ്ലക്സുകളിലേക്ക് ആകർഷിക്കുന്നതിനും കഴിഞ്ഞിട്ടില്ല. അതേ സമയം ലഭിച്ചുകൊണ്ടിരുന്ന വരുമാനം നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിന്റെ ഭാഗമായി 2012 ജൂൺ മാസത്തിൽ 6 സ്ഥാപനങ്ങളെ ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും ഒഴിപ്പിച്ചിരുന്നതായി ഓഡിറ്റ് എൻക്വയറിക്ക് റവന്യൂ ഓഫീസറിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിരുന്ന വരുമാനത്തെപ്പറ്റി ആരാഞ്ഞുകൊണ്ടുള്ള 01.02.2017-ലെ കെ.എൽ.സി.2-1/2016-17 പ്രകാരമുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആകെ 44,976/- രൂപ പ്രതിമാസം വാടകയിനത്തിൽ ലഭിച്ചിരുന്നതായും മെയിന്റനൻസിനു ശേഷം ഷോപ്പിംഗ് കോംപ്ലക്സ് പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടില്ലായെന്നുമാണ് കോർപ്പറേഷൻ റവന്യൂ ഓഫീസർ വിശദമാക്കിയിട്ടുള്ളത്. 06/2012 മുതൽ 03/2017 വരെ കാലയളവ് കണക്കാക്കിയാൽ 58 മാസത്തെ വാടകയിനത്തിലുള്ള വരുമാനം (44976 X 58) 26,08,608/- രൂപ ഈ കാലയളവിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടതായിരുന്നു. മെയിന്റനൻസിന്റെ ഭാഗമായി ഒഴിപ്പിക്കാതിരുന്ന ഗ്രൗണ്ട് ഫ്ലോറിലും ഒന്നാം നിലയിലും പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളാണ് നിലവിലും ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്.

പ്രവൃത്തിയുടെ ആകെ ചെലവിന്റെ 46 ശതമാനവും കെട്ടിടം മോടിപിടിപ്പിക്കുന്നതിനുള്ള ACP പ്രവൃത്തിക്കുവേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ 61,63,886/- രൂപ ACP

സ്ഥാപിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സിന്റെ പിൻഭാഗം ഒഴികെ ബാക്കി മൂന്ന് വശങ്ങളിലും ACP യും അനുബന്ധ ഗ്ലാസ്സുകളും സ്ഥാപിച്ചിട്ടുള്ളതിനാൽ വ്യാപാരികൾക്ക് വിവിധ ട്രേഡുകൾക്കനുസരിച്ചുള്ള കമ്മോഡിറ്റികൾ പ്രദർശിപ്പിച്ച് പൊതുജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കാൻ കഴിയുന്ന അവസ്ഥയില്ല. വൻ തുക ചെലവഴിച്ച് ACP യും അനുബന്ധ ഗ്ലാസ്സുകളും സ്ഥാപിച്ചതിലൂടെ ഫലത്തിൽ 46 മുറികളോടുകൂടിയ കെട്ടിടം ചെറുകച്ചവടങ്ങളോ സൂപ്പർമാർക്കറ്റ് പോലുള്ള വലിയ സ്ഥാപനമോ നടത്താൻ അനുയോജ്യമായ സ്ട്രക്ച്ചർ അല്ലാതായിരിക്കുന്നു. 1979 ൽ നിർമ്മിച്ച പഴക്കമേറിയ ഈ കെട്ടിടത്തെ ചെലവ് കുറഞ്ഞ രീതിയിലും അനുയോജ്യമായ രീതിയിലും ആകർഷകമാക്കാൻ എഞ്ചിനീയറിംഗ് വിഭാഗം ശ്രമിച്ചിട്ടില്ല. പ്രവൃത്തി ആരംഭിച്ച് 5 വർഷം പിന്നിടുമ്പോഴും ഷോപ്പിംഗ് കോംപ്ലക്സ് ഉപയോഗപ്രദമാക്കാൻ കഴിയാത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് 18.03.2017 ലെ കെ.എൽ.സി12-2/16-17 നമ്പരിൽ കോർപ്പറേഷൻ എഞ്ചിനീയർക്കും സെക്രട്ടറിക്കും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി 04.05.2017 ൽ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കുന്ന കാരണങ്ങൾ പ്രവൃത്തിയുടെ കാലതാമസം, വരുമാന നഷ്ടം എന്നിവയെ സാധൂകരിക്കുന്നതല്ല. 04/2012 ൽ ആരംഭിച്ച പ്രവൃത്തി 06/2015 ലാണ് പൂർത്തീകരിച്ചതെന്നും പ്രവൃത്തിയുടെ ഭാഗമായാണ് വ്യാപാരസ്ഥാപനങ്ങളെയും ഓഫീസുകളെയും ഒഴിപ്പിച്ചതെന്നും ആയതിനാൽ 04/2012 മുതൽ വരുമാന നഷ്ടം കണക്കാക്കിയിരിക്കുന്നതിനോട് യോജിക്കാൻ കഴിയുന്നില്ലായെന്നും സെക്രട്ടറിയുടെ മറുപടിയിൽ പറയുന്നു. എന്നാൽ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യവും കൂടി ചൂണ്ടിക്കാണിച്ച് ആരംഭിച്ച ഈ പ്രവൃത്തിയുടെ പൂർത്തീകരണം ക്രമാതീതമായി നീണ്ടുപോയ സാഹചര്യത്തിലാണ് വരുമാന നഷ്ടത്തിന്റെ വ്യാപ്തി ഓഡിറ്റ് ചൂണ്ടിക്കാട്ടിയത്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കാൻ 28.10.2013 ൽ പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകുകയും ആയതിൻ പ്രകാരം ഈ പ്രവൃത്തിക്ക് 122.625 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആവശ്യമായി വരുമെന്ന വിവരം ലഭിച്ചതിനെ തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കാൻ കോർപ്പറേഷൻ അപേക്ഷിച്ചെങ്കിലും ആയത് തയ്യാറാക്കി ലഭിച്ചിരുന്നില്ലയെന്നും തുടർന്ന് സർക്കാർ അനുമതിയോടുകൂടി പി.ഡബ്ല്യു.ഡി.യിലെ ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും വിരമിച്ച എഞ്ചിനീയറുടെ സഹായത്താൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിൻ പ്രകാരമുള്ള ടെൻഡർ നടപടി 18.03.2017 ൽ പൂർത്തീകരിച്ചിട്ടുണ്ട് എന്നും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി മൂന്നു മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നും മറുപടിയിൽ പറയുന്നു. പി.ഡബ്ല്യു.ഡി വിഭാഗം 122.625 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും 12 ശതമാനം സെന്റേജും ഉൾപ്പെടുത്തിയ സ്ഥാനത്ത് 57,80,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതെന്നും ഇതിലൂടെ 66 ലക്ഷം രൂപയുടെ നേട്ടം ഉണ്ടാക്കാൻ കോർപ്പറേഷന് കഴിഞ്ഞുവെന്നും സെക്രട്ടറിയുടെ മറുപടിയിൽ വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം നഗരസഭ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും

കഠിനപ്രയത്നം ഈ മെയിന്റനൻസ് പ്രവൃത്തിയുടെ പിന്നിലുണ്ടെന്നും ആയത് ഓഡിറ്റ് പരിഗണിക്കണമെന്നും മറുപടിയിൽ പറയുന്നു.

സർക്കാർ ഇലക്ട്രിക്കൽ വിഭാഗം കണക്കാക്കിയ തുകയിൽ നിന്നും 66 ലക്ഷം രൂപയുടെ നേട്ടം എസ്റ്റിമേറ്റിൽ വരുത്താൻ കഴിഞ്ഞത് ശ്ലാഘനീയമാണെങ്കിലും ഒരു പ്രവൃത്തി പൊതുമരാമത്ത് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന തരത്തിൽ ആരംഭിച്ച് പൂർത്തീകരിക്കാൻ കഴിയാതെ വന്നത് നവീകരണ പദ്ധതിയുടെ ഉദ്ദേശലക്ഷ്യത്തെ സാധൂകരിക്കുന്നതല്ല. ഇനിയൊരു മെയിന്റനൻസ് പ്രവൃത്തികൂടി ചെയ്താൽ മാത്രമെ കെട്ടിടം പ്രവർത്തനസജ്ജമാകുകയുള്ളൂ.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.2.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

27. ചിന്നക്കട തങ്കപ്പൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സിൽ 38 കടമുറികൾ ലേലം ചെയ്ത് കൊടുത്തിട്ടുണ്ടെന്നും 6 മുറികളുടെ ലേലനടപടികൾ പൂർത്തിയാക്കി കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും നിരവധി തവണ ലേലം ചെയ്തിരുന്നെങ്കിലും ആരും മുറികൾ എടുക്കാൻ തയ്യാറാകുന്നില്ലെന്നും ഫേസ് വാല്യൂ നിശ്ചയിച്ചതിനെക്കാളും കുറഞ്ഞ തുകയാണ് ക്വാട്ട് ചെയ്യപ്പെടുന്നതെങ്കിലും കിട്ടിയ ഓഫറുകൾ കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

28. ആകെ എത്ര കടമുറികളാണുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് 44 മുറികളാ ണുള്ളതെന്ന് കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. ഓഡിറ്റ് റിപ്പോർട്ടിൽ 46 എന്നാണ് പറഞ്ഞിട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടിയ ഓഡിറ്റ് വകുപ്പ് ഡയറക്ടർ, ഷോപ്പിംഗ് കോംപ്ലക്സിൽ ലിഫ്റ്റ് സ്ഥാപിച്ചോയെന്ന് ആരാഞ്ഞു. ലിഫ്റ്റ് സ്ഥാപിക്കുന്നതിന് മുന്നോടിയായിട്ടുള്ള സിവിൽ വർക്കുകൾ നടക്കുകയാണെന്നും ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും ഒരു മാസത്തിനുള്ളിൽ ലിഫ്റ്റ് സ്ഥാപിക്കാൻ കഴിയുന്നതാണെന്നും കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. വകുപ്പിൽനിന്ന് ലഭ്യമായ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ / ശിപാർശകൾ

29. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**പത്തനംതിട്ട ജില്ല**

ഓഡിറ്റ് ഖണ്ഡിക

**റാന്നി ഗ്രാമപഞ്ചായത്ത് 3.64 കോടി രൂപയുടെ കടക്കെണിയിൽ**

*[റാന്നി ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1]*

ആദായകരമായ വികസനപദ്ധതി എന്ന സ്കീമിൽ ഉൾപ്പെടുത്തി 25.07.1989 ൽ സംസ്ഥാന ഗ്രാമ വികസന ബോർഡുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ട് ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ₹22,52,135/- രൂപ വായ്പ എടുത്തിരുന്നു. 24 തുല്യ തവണകളായി 16% പലിശ സഹിതം 31.03.2007 വരെയുള്ള കാലയളവിൽ ഈ തുക തിരിച്ചടയ്ക്കേണ്ടതായിരുന്നു. എന്നാൽ KURDFC യുടെ 24.12.2016 ലെ A2/271/2012 കത്തു പ്രകാരം കുടിശിക 3.64 കോടി രൂപ (₹3,64,16,567/-) അടവാക്കാത്തപക്ഷം ഗ്രാമപഞ്ചായത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

2003-04 ന ശേഷം വായ്പ തിരിച്ചടയ്ക്കാത്തത് മൂലമാണ് പഞ്ചായത്ത് ഇത്തരമൊരു ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് എത്തിച്ചേർന്നത്. നാളിതു വരെ അടവാക്കിയ വായ്പ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ഇനം | ഗ്രാമപഞ്ചായത്ത് അടവാക്കിയ തുക |
|---|---|---|
| 27.10.1995 | മുതൽ | 93,838 |
| 26.03.1996 | മുതലും പലിശയും | 2,07,232 |
| 14.10.1996 | പലിശ (30.09.1996 വരെയുള്ളത്) | 3,59,635 |
| 10.09.1997 | 3-ാംഗഡു പലിശ | 4,37,292 |
| 31.03.1998 | മുതൽ | 3,00,000 |
| 30.09.1998 | മുതലും പലിശയും | 2,74,905 |
| 31.03.1999 | പലിശ | 2,66,552 |
| 12.10.1999 | പലിശ | 3,00,000 |
| 05.08.2003<br>11.08.2003<br>19.03.2004 | പലിശ | 9,00,000 |
| | ആകെ | **31,39,454** |

KURDFC യിൽ നിന്നെടുത്ത വായ്പയും പലിശയും ഉൾപ്പെടെ ₹3,33,33,242/- രൂപ കുടിശികയാകുകയും റവന്യൂ റിക്കവറി നടപടികൾ നേരിടുന്നതിനെയും കുറിച്ച് 07.04.2016 ലെ ഗ്രാമപഞ്ചായത്തു കമ്മിറ്റിയുടെ 12-ാം അജണ്ട പ്രകാരം ചർച്ച ചെയ്യുകയും പലിശയും പിഴപ്പലിശയും ഒഴിവാക്കാൻ സർക്കാരിനോട് അപേക്ഷിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇതേ തുടർന്ന് റാന്നി M.L.A. മുഖാന്തിരം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് 17.09.2016 ൽ

പലിശയും പിഴപ്പലിശയും ഒഴിവാക്കിത്തരണമെന്നഭ്യർത്ഥിച്ചുകൊണ്ട് കത്തു നൽകി. തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ 14.10.2016 ലെ G1-31573/16 കത്തു മുഖേന വായ്പ സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടിരുന്നു. അവ നൽകിയോ എന്നതു സംബന്ധിച്ച രേഖകൾ ഗ്രാമപഞ്ചായത്തിലില്ല. പിന്നീട് യാതൊരു നടപടിയും പഞ്ചായത്ത് ഭരണസമിതിയുടേയോ ഉദ്യോഗസ്ഥരുടേയോ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഓരോ വർഷം കഴിയുന്തോറും കുടിശിക തുക പതിൻമടങ്ങു വർദ്ധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

ഷോപ്പിംഗ് കോംപ്ലക്സിലെ തറനിരപ്പിലെ കടകൾ തുച്ഛമായ നിരക്കിലാണ് വാടകയ്ക്കു നൽകിയിട്ടുള്ളത്. പ്രൈവറ്റ് ബസ് സ്റ്റാൻഡിന്റെ സമീപത്തുള്ള വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്തുള്ള ഈ കടകൾക്ക് അർഹമായ വാടക നിർണ്ണയിക്കേണ്ടത് ഭരണസമിതിയുടെ കർത്തവ്യമാണ്. നിലവിൽ വാടകയായി ലഭിക്കുന്ന തുക പോലും വായ്പാകുടിശിക അടവാക്കാൻ ഉപയോഗിക്കുന്നില്ലയെന്നത് അധികൃതരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കാണുന്നു. ആദ്യ നിലയിലെ എല്ലാ മുറികളും ഗ്രാമ പഞ്ചായത്തിന്റേതല്ലാത്ത സർക്കാർ I.T.I-യ്ക്ക് സൗജന്യമായി നൽകിയതു പുനപരിശോധിക്കേണ്ടതാണ്. വ്യവസായ വകുപ്പിൽ നിന്നും അർഹമായ വാടക നേടിയെടുക്കാനും വായ്പാകുടിശിക അടവാക്കാനുമുള്ള അടിയന്തിര നടപടികൾ പഞ്ചായത്തു ഭരണസമിതി സ്വീകരിക്കേണ്ടതുമാണ്. 2004 നു ശേഷമുള്ള കുടിശിക അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നടപടികൾക്കായി പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.
(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

30. സംസ്ഥാന ഗ്രാമവികസന ബോർഡുമായി റാന്നി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ട് നിർമ്മിച്ച ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിലെ എല്ലാ കടമുറികളും വാടകയ്ക്ക് നൽകിയോ എന്ന സമിതിയുടെ ചോദ്യത്തിന്, എല്ലാ കടമുറികളും നിലവിൽ വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നും KURDFC (Kerala Urban & Rural Development Finance Corporation Ltd.)-യിൽ നിന്നും എടുത്ത വായ്പാത്തുക പൂർണ്ണമായും അടച്ചുതീർത്തിട്ടുണ്ടെന്നും റാന്നി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

### നിഗമനങ്ങൾ / ശിപാർശകൾ

31. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ റാന്നി ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ചും, ശരിയായ ഉപയോഗ ക്രമത്തിലല്ലാതെയും വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടം**

*[കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2]*

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ, (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ, ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത് 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയ സോഫ്റ്റ്വെയറും പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിട ത്തിന്റെ വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി- അർഹതപ്പെട്ട വർദ്ധന/ഇളവ് ഉൾപ്പെടെ (ച.മീറ്ററിന് 50 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി- അർഹതപ്പെട്ട വർദ്ധന/ഇളവ് ഉൾപ്പെടെ (ച.മീ.ന് 70 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|---|
| 1 | പ്രസിഡന്റ്, മേലുകര സർവ്വീസ് കോ- | 13/1820 | 21.41 | 21.41*50 +20%(Road) =1,286 | 21.41*70 +20%(Road) =1,798 | 512 |
| | | 13/1821 | 21.41 | 21.41*50 | 21.41*70 | 512 |

| | | | | | | |
|---|---|---|---|---|---|---|
| | ഓപ്പറേറ്റീവ് ബാങ്ക്, കോഴഞ്ചേരി | | | +20%(Road) =1,286 | +20%(Road) =1,798 | |
| | | 13/1822 | 21.41 | 21.41*50 +20%(Road) =1,286 | 21.41*70 +20%(Road) =1,798 | 512 |
| | | 13/1823 | 21.41 | 21.41*50 +20%(Road) =1,286 | 21.41*70 +20%(Road) =1,798 | 512 |
| | | 13/1824 | 45.56 | 45.56*50 +20%(Road) =2,734 | 45.56*70 +20%(Road) =3,827 | 1,093 |
| | | 13/1825 | 45.56 | 45.56*50 +20%(Road) =2,734 | 45.56*70 +20%(Road) =3,827 | 1,093 |
| | | 13/1826 | 45.56 | 45.56*50 +20%(Road) =2,734 | 45.56*70 +20%(Road) =3,827 | 1,093 |
| 2 | കെ.എം. വർഗീസ്, കോയിക്കപറമ്പിൽ, കോഴഞ്ചേരി, കോഴഞ്ചേരി പി.ഒ., 689641 | 13/1793 | 23.1 | 23.1*50 +20%(Road) =1,386 | 23.1*70 +20%(Road) =1,940 | 554 |
| | | 13/1795 | 23.1 | 23.1*50 +20%(Road) =1,386 | 23.1*70 +20%(Road) =1,940 | 554 |
| | | 13/1796 | 88.37 | 88.37*50 +20%(Road) =5,302 | 88.37*70 +20%(Road) =7,423 | 2,121 |
| | | 13/1797 | 85.14 | 85.14*50 +20%(Road) =5,109 | 85.14*70 +20%(Road) =7,152 | 2,043 |
| 3 | ജനാർദ്ദനൻ ആചാരി, നെടിയപറമ്പിൽ, കോഴഞ്ചേരി, കോഴഞ്ചേരി | 13/1790 | 77.63 | 77.63*50 +20%(Road) =4,658 | 77.63*70 +20%(Road) =6,521 | 1,863 |
| | | 13/1791 | 89.62 | 89.62*50 +20%(Road) =5,378 | 89.62*70 +20%(Road) =7,528 | 2,150 |

| | | | | | | |
|---|---|---|---|---|---|---|
| | പി.ഒ. | 13/1792 | 89.62 | 89.62*50<br>+20%(Road)<br>=5,378 | 89.62*70<br>+20%(Road)<br>=7,528 | 2,150 |

നിയമ-ചട്ട വ്യവസ്ഥകൾ തെറ്റായി വ്യാഖ്യാനിച്ച് നികുതി നിർണ്ണയം നടത്തുക വഴി തദ്ദേശസ്ഥാപനത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുവെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.3.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

32. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് ആരാഞ്ഞതിന് ബന്ധപ്പെട്ട എല്ലാ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് പുതുക്കിയ നിരക്കിൽ 2023-24 വരെയുള്ള നികുതി ഈടാക്കിയിട്ടുണ്ടെന്ന് കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**33. ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിട്ടുള്ള കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് പുതുക്കിയ നിരക്കിൽ 2023-24 വരെയുള്ള നികുതി ഈടാക്കിയിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ചതിൽ ചട്ടലംഘനം**

*[കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4]*

സർവ്വെ നം. 334/16A2, 334/16A1, 334/17, 334/16B, 334/2 പ്രകാരമുള്ള വസ്തുവിൽ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകണമെന്ന് കാണിച്ച് കോമളം വർഗീസ് (പൗലോസ് വർഗീസ്), കൊച്ചിയിൽ, കോഴഞ്ചേരി പി.ഒ. എന്നയാൾ 03.06.2016-ൽ കോഴഞ്ചേരി ഗ്രാമപഞ്ചായത്തു സെക്രട്ടറിയ്ക്കു അപേക്ഷ നൽകിയിരുന്നു. എന്നാൽ വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമായ കൈവശാവകാശ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ നിന്നും നിലം (wet land) എന്നാണ് ഈ സർവ്വെ നമ്പറുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 23.01.2007-ൽ 123/06-07 ആയി കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുകയും പിന്നീട് 24.09.2010 വരെ കാലാവധി നീട്ടിക്കൊടുത്തിട്ടുമുണ്ട്. പെർമിറ്റ് പ്രകാരം 1165$m^2$ നാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ Completion plan പ്രകാരം 1537.75 $m^2$ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ 29.06.2016-ലെ റിപ്പോർട്ട് പ്രകാരം നിർമ്മാണത്തിൽ ഗുരുതരമായ അപാകതകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. മഴവെള്ള സംഭരണി നിർമ്മിച്ചിട്ടില്ല, ചട്ടം 58(2) പ്രകാരം അഗ്നിശമനസേനാ ഓഫീസിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല തുടങ്ങിയ അപാകതകൾ നിലനിൽക്കവേ ഒന്നാം നിലയ്ക്ക് നമ്പറിട്ട് നൽകാൻ സെക്രട്ടറി നിർദ്ദേശിച്ചതിനെ തുടർന്ന് 13/1806, 13/1807, 13/1808 എന്നീ നമ്പറുകൾ കെട്ടിടത്തിനു നൽകി.

തുടർന്നു രണ്ടാം നിലയ്ക്കു UA നമ്പർ നൽകാൻ സെക്രട്ടറി ഓഫീസ് നോട്ട് എഴുതുകയും അസിസ്റ്റന്റ് സെക്രട്ടറി ഇതിനു വിയോജനക്കുറിപ്പു നൽകുകയും ചെയ്തിരുന്നു. തുടർന്ന് 13/1809, 13/1810, 13/1811 എന്നീ നമ്പറുകൾ നൽകി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ അനധികൃത നിർമ്മാണങ്ങളെല്ലാം ക്രമവൽക്കരിച്ചു. അഗ്നിശമന സേനാ ഓഫീസിൽ നിന്നുമുള്ള സാക്ഷ്യപത്രം കൂടാതെ കെട്ടിടങ്ങൾക്കു നമ്പർ നൽകിയ നടപടി ക്രമപ്രകാരമല്ല.

മേൽ അപാകതകൾക്കു അടിയന്തിരമായി വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (നം.39/25.07.2017) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. താഴെ പറയുന്ന കെട്ടിടങ്ങൾക്കു നമ്പറിട്ടതിന്റെ ഫയലുകൾ പരിശോധനയ്ക്ക് ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | വാർഡ് നം / കെട്ടിട നമ്പർ | കെട്ടിടത്തിന്റെ ഏരിയ (ച.മീ) |
|---|---|---|
| 1 | 5/585 | 303.62 |
| 2 | 5/571 | 232.76 |
| 3 | 3/319 | 108.57 |
| 4 | 1/307C1 to C6 | 229*5 $m^2$ |
| 5 | 5/592 | 307 |
| 6 | 5/585 | 303.62 |
| 7 | 6/340D (old)<br>5/571(new) | 232.76 |
| 8 | 7/331, 332, 333 | 163, 107, 107 |

ഇത്തരത്തിൽ കെട്ടിടങ്ങൾക്കു നികുതി നിർണ്ണയിച്ചു ക്രമവൽക്കരിക്കുന്നതിൽ ഗുരുതരമായ ചട്ടലംഘനം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.3.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

34. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നത് 12-08-2008 ൽ ആയതിനാൽ 23-01-2007-ൽ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകിയ നടപടിയിൽ തെറ്റില്ലെന്നും അഗ്നിരക്ഷാ വകുപ്പിൽ നിന്നും 12-07-2017-ൽ നൽകിയ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിലാണ് 02-08-2017-ൽ പ്രസ്തുത കെട്ടിടം ക്രമവൽക്കരിച്ചതെന്നും കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം മഴവെള്ള സംഭരണത്തിനായി കുളം നിർമ്മിച്ച് മേൽക്കൂരയിൽ നിന്നുള്ള വെള്ളം പ്രസ്തുത കുളത്തിൽ സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്നും നിലവിൽ ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ അപാകതകളും പരിഹരിച്ചിട്ടുണ്ടെന്നും കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. വകുപ്പിൽ നിന്നും ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

### നിഗമനങ്ങൾ / ശിപാർശകൾ

**35. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ അപാകതകളും നിലവിൽ പരിഹരിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ കോഴഞ്ചേരി ഗ്രാമ പഞ്ചായത്തിലെ കെട്ടിട നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇട്ടിയപ്പാറ ബസ് സ്റ്റാന്റിനും തീർത്ഥാടക കേന്ദ്രത്തിനും വേണ്ടി സ്ഥലം ഏറ്റെടുത്തത് - വൻബാദ്ധ്യതയാകുന്നു**

*[റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1]*

ഇട്ടിയപ്പാറ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിനും ശബരിമല തീർത്ഥാടക കേന്ദ്രത്തിനും വേണ്ടി വിവിധ വ്യക്തികളിൽ നിന്ന് സ്ഥലം ഏറ്റെടുത്തതിന് ശേഷം കൂടുതൽ വില ആവശ്യപ്പെട്ട് ചില വ്യക്തികൾ പത്തനംതിട്ട സബ്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യുകയും, കോടതിവിധി അനുസരിച്ച് പത്തനംതിട്ട എൽ.എ. തഹസീൽദാരുടെ 28-9-16 ലെ കണക്കുവിവര പത്രിക പ്രകാരം ബാദ്ധ്യതത്തുക നിശ്ചയിച്ച് ഒടുക്കാൻ പഞ്ചായത്തിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | എൽ.എ നമ്പർ, കേസ് നമ്പർ | സ്ഥലം ആരിൽ നിന്ന് ഏറ്റെടുത്തു എന്നതിന്റെ വിവരം | സർവ്വേ നമ്പർ | ഏറ്റെടുത്ത സ്ഥലത്തിന്റെ വിസ്തൃതി | ബാദ്ധ്യത തുക |
|---|---|---|---|---|---|
| 1 | 70/11 EP21/07 | ജോജി ജോസഫ്, കണ്ണന്താനത്ത് | 258/8-1-1, 258/9-1-1 | 10.57 ആർ | 50,01,667 (31-10-16 വരെ) |
| 2 | 72/11 EP 21/07 | എബി ജോസഫ്, കണ്ണന്താനത്ത് | 258/8-1-2, 258/9-1-2 | 10.58 ആർ | 50,06,399 (31-10-16 വരെ) |
| 3 | 74/11 EP 21/07 | ലീന പീറ്റർ, രേഖ പീറ്റർ, ബെനഡിക്ട് | 258/8, 258/9 | 21.15 ആർ | 1,00,08,067 (31-10-16 വരെ) |

| | | | | | |
|---|---|---|---|---|---|
| | | നഗർ, നാലാഞ്ചിറ, തിരുവനന്തപുരം | | | |
| 4 | 86/11<br>EP 33/15 | ജേക്കബ് കുരുവിള, ആറൊന്നിൽ, പഴവങ്ങാടി | 258/8-4-4 | 5.7 ആർ | 37,16,861<br>(30-8-17 വരെ) |
| 5 | 71/11<br>EP 32/15 | ഒ.റ്റി.മാത്തുക്കുട്ടി | ലഭ്യമാക്കിയില്ല | 5.4 ആർ | 44,84,562<br>(31-10-16 വരെ) |
| | | | | ആകെ | 2,82,17,556 |

ശബരിമല തീർത്ഥാടക കേന്ദ്രം, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് പദ്ധതികളുടെ സ്ഥലമെടുപ്പിന് വേണ്ടി മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 72.69 ലക്ഷം രൂപ അനുവദിച്ച് ജി.ഒ.(ആർ.ടി) 1748/10/പൊ.മ.വ., തീയതി 20-11-10 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ അനുവദിച്ച തുകയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഏറ്റെടുത്ത സ്ഥലത്തിന് നിശ്ചയിച്ച പൊന്നുംവില നടപടികളുടെ വിവരം, അധികവില ആവശ്യപ്പെട്ട് വ്യക്തികൾ കോടതിയിൽ നൽകിയ പെറ്റീഷനിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി, കോടതി വിധിയുടെ പകർപ്പ് എന്നിവ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 14 തീയതി 22-8-17) മറുപടിയോ, ആവശ്യപ്പെട്ട രേഖകളോ ലഭ്യമാക്കിയില്ല. സൊളേഷ്യം (solatium) നൽകുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഏകകണ്ഠമായി തീരുമാനം എടുത്തിരുന്നോ എന്ന് ബോദ്ധ്യപ്പെടുന്നതിന് ആവശ്യമായ രേഖകളും ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ സൊളേഷ്യം നൽകുന്നതു സംബന്ധിച്ച കൃത്യത ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല. വസ്തുവിന്റെ വർദ്ധിപ്പിച്ച വില, 30% സൊളേഷ്യം, നാളിതുവരെയുള്ള പലിശ എന്നീ ഇനങ്ങളിലാണ് ബാദ്ധ്യതത്തുക നിർണ്ണയിച്ചത്. 15% നിരക്കിലാണ് ബാദ്ധ്യതത്തുകയ്ക്ക് നിലവിൽ പലിശ കണക്കാക്കി വരുന്നത്. വർഷങ്ങളായി തുക ഒടുക്കാത്തതു മൂലമാണ് പലിശ ഉൾപ്പെടെയുള്ള തുക ബാദ്ധ്യതയായി മാറിയത്. ഈ വിഷയത്തിൽ നടപടിയൊന്നും സ്വീകരിക്കാതെ ഭരണസമിതി നിസ്സംഗത പാലിച്ചുവരുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ബാദ്ധ്യത യഥാസമയം തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിനും ശബരിമല തീർത്ഥാടക കേന്ദ്രത്തിനും സ്ഥലം ഏറ്റെടുത്തത് വഴിയുണ്ടായ ബാദ്ധ്യത തീർപ്പാക്കുന്നതിന് സർക്കാർ തലത്തിൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.3.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

36. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞു. പത്തനംതിട്ട സബ് കോടതിയുടെ 05-07-2022-ലെ നോട്ടീസ് പ്രകാരം പഞ്ചായത്ത് ഓഫീസും പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന 56.50 ആർ സ്ഥലവും ജപ്തി ചെയ്യുന്നതിന് ഉത്തരവായ സാഹചര്യത്തിലാണ് പഞ്ചായത്ത് ഭരണസമിതിയുടെ 15-07-2022-ലെ 4/1 തീരുമാനപ്രകാരം പഞ്ചായത്ത് ഹൈക്കോടതിയെ സമീപിച്ചതെന്നും നിലവിൽ WP(C)23474/22 നമ്പരായി ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണെന്നും റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പഞ്ചായത്ത് ഓഫീസിൽ ജപ്തി നോട്ടീസ് പതിച്ചിട്ടുണ്ടെങ്കിലും നിലവിലും പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

37. ഇതുസംബന്ധിച്ച ഫയൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ടെന്നും സർക്കാർ ഈ വിഷയത്തിൽ ബന്ധപ്പെട്ട കക്ഷികളുമായി കൂടിയാലോചിച്ച് രമ്യമായി പരിഹരിക്കാൻ സാധ്യതയുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സൂചിപ്പിച്ചു.

38. ഭൂമി ഏറ്റെടുക്കൽ നടപടിയിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാത്തതു കൊണ്ടാണ് കാര്യങ്ങൾ കോടതി വരെ എത്തിയതെന്നും അതോടൊപ്പം കേസ് നടത്തിപ്പിലും അപാകത സംഭവിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തി. സ്ഥലം ഏറ്റെടുക്കുന്ന സമയത്ത് അർത്ഥനാധികാരിയായ പഞ്ചായത്തിന് സാമ്പത്തിക സ്ഥിതി ഇല്ലാത്തതിനാൽ കേരള സർക്കാരിന്റെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി പി.ഡബ്ല്യു.ഡി.-ക്ക് 5 കോടി രൂപ അനുവദിക്കുകയും അതിൽ 72,69,000/- രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിക്കുകയും ചെയ്തുവെന്നും നിലവിൽ നിർദ്ദിഷ്ട ഭൂമി കെ.എസ്.ആർ.ടി.സി., പി.ഡബ്ല്യു.ഡി. എന്നീ വകുപ്പുകളുടെ അധീനതയിലാണെന്നും റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഭൂമി പഞ്ചായത്തിന്റെ കൈവശത്തിലല്ലെന്നും പൊതുമരാമത്ത് വകുപ്പിനാണ് സർക്കാർ പണം നൽകിയതെന്നും കോടതിയിൽ വ്യക്തമാക്കിയിരുന്നുവെന്നും എന്നാൽ അർത്ഥനാധികാരി പഞ്ചായത്ത് ആയതു കൊണ്ടായിരിക്കാം പഞ്ചായത്തിനെതിരെ വിധി വന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

39. ശബരിമല തീർത്ഥാടന സമയത്ത് തീർത്ഥാടകർക്കാവശ്യമായ സൗകര്യമൊരുക്കുന്നതിനാണ് വസ്തു ഏറ്റെടുത്തതെന്നാണ് മനസ്സിലാകുന്നതെന്നും കേസിന്റെ ഒരു ഘട്ടത്തിലും പഞ്ചായത്തിന് അനുകൂലമായി വിധി നേടിയെടുക്കാൻ അഭിഭാഷകന് സാധിച്ചില്ലെന്നും കേസ് നടത്തിപ്പിൽ അപാകത സംഭവിച്ചിട്ടുണ്ടെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

40. നിലവിൽ WP(C) 23474/22 നമ്പരായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും പ്രസ്തുത കേസ് വാദിക്കുന്നത് പഞ്ചായത്ത് നിയോഗിച്ച അഭിഭാഷകനാണെന്നും റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഇത് സർക്കാർ കേസായതിനാൽ സർക്കാർ അഭിഭാഷകന്റെ സേവനം പ്രയോജനപ്പെടുത്താമെന്ന്

കരുതിയിട്ടാകാം ആദ്യഘട്ടത്തിൽ പഞ്ചായത്ത് പ്രത്യേകം കൗൺസിലിനെ നിയോഗിക്കാത്തതെന്നാണ് അനുമാനിക്കുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ബോധിപ്പിച്ചു.

41. പ്രസ്തുത വിഷയം അടിയന്തരമായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു.

42. പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ തലത്തിലുള്ള തീരുമാനം ലഭിച്ചതിനുശേഷം തുടർനടപടികൾ കൈക്കൊള്ളാമെന്ന് സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ / ശിപാർശകൾ

**43. ഇട്ടിയപ്പാറ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിനും ശബരിമല തീർത്ഥാടന കേന്ദ്രത്തിനും വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടിയിൽ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാത്തതുകൊണ്ടാണ് കാര്യങ്ങൾ കോടതി വരെ എത്തിയതെന്ന് സമിതി വിലയിരുത്തുന്നു. പഞ്ചായത്തിന് അനുകൂലമായി വിധി നേടിയെടുക്കുന്നതിൽ പരാജയപ്പെട്ടത് കേസ് നടത്തിപ്പിന്റെ അപാകത മൂലമാണെന്ന് സമിതി നിരീക്ഷിക്കുന്നു. കേസിന്റെ ഒരു ഘട്ടത്തിലും പഞ്ചായത്തിന് അനുകൂലമായി വിധി നേടിയെടുക്കാൻ അഭിഭാഷകന് സാധിച്ചിട്ടില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു.**

**44. നിലവിൽ WP(C) 23474/22 നമ്പരായി ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസ് വാദിക്കുന്നത് പഞ്ചായത്ത് നിയോഗിച്ച അഭിഭാഷകനാണെന്നും പ്രത്യേകം കൗൺസിലിനെ കേസ് നടത്തിപ്പിനായി നിയോഗിച്ചിട്ടില്ലെന്നും വകുപ്പിന്റെ മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ തലത്തിലുള്ള തീരുമാനം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**PWD റോഡിന്റെ അതിര് നിർണ്ണയിക്കാതെയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയും നിർമ്മിച്ച ഇരുനില വാണിജ്യ കെട്ടിടത്തിന് പെർമിറ്റും കെട്ടിട നമ്പരും അനുവദിച്ചു നൽകി**

*[കൊറ്റനാട് ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1]*

തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ നം. 32131/ആർ.എ.1/2012/തസ്വഭവ തീയതി 15.06.2013 പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനും പഞ്ചായത്തിലെ സാങ്കേതിക വിദഗ്ധർ പരിശോധന നടത്തിയതിനു ശേഷം മാത്രമേ സെക്രട്ടറി പെർമിറ്റ് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കെട്ടിടത്തിനു നമ്പരിടുമ്പോഴും പെർമിറ്റ് നൽകിയ വിധത്തിലുള്ള സാങ്കേതിക നിബന്ധനകളോടുകൂടിയാണോ കെട്ടിടം നിർമ്മിച്ചതെന്നു ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരിശോധിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പ് സർക്കുലർ നമ്പർ 12900/R.A1/2015/തസ്വഭവ., തീയതി 02.12.2015 പ്രകാരം കംപ്ലീഷൻ പ്ലാൻ ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ചട്ടങ്ങൾക്കു വിധേയമാണോ എന്നു പരിശോധിച്ച

ശേഷം തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള സ്ഥലപരിശോധന റിപ്പോർട്ടില്ലാതെ, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത ബഹുനിലകെട്ടിടത്തിനു ഗ്രാമപഞ്ചായത്ത് സെക്രട്ടറി നമ്പരിട്ടു നൽകിയതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൊറ്റനാട് പഞ്ചായത്തിലെ പെരുമ്പെട്ടി വില്ലേജിൽ പാലയ്ക്കാമണ്ണിൽ വീട്ടിൽ ശ്രീ.റെജി പി ഈശോയ്ക്ക് ബഹുനില വാണിജ്യ കെട്ടിടം (സർവ്വെ നമ്പർ:232/3, 7.60 ആർ) നിർമ്മിക്കുന്നതിന് 03.06.2015 ൽ ബിൽഡിംഗ് പെർമിറ്റ് നൽകിയിരുന്നു (No.A2-5151/14;03.06.2015, Ground Floor-206.41 m², First Floor-206.41 m²). എന്നാൽ ബിൽഡിംഗ് പെർമിറ്റ് നൽകിയതിൽ ഗുരുതരമായ അപാകതകൾ കണ്ടു. കെട്ടിട നിർമ്മാണ അപേക്ഷയിൽ LSGD ഓവർസിയർ നടത്തിയ സ്ഥല പരിശോധന റിപ്പോർട്ട് പ്രകാരം പ്രസ്തുത പ്ലാനിൽ കാണിച്ചിരിക്കുന്ന കെട്ടിടത്തിന്റെ മുൻവശത്തുള്ള തീയാടിക്കൽ-റാന്നി PWD റോഡിന്റെ അതിർത്തി നിർണ്ണയിച്ചു നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് 16.02.2015 ൽ വെണ്ണിക്കുളം PWD അസിസ്റ്റന്റ് എഞ്ചിനീയർക്കു (Roads) ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയിരുന്നു (നം:A2-5151/14;16.02.2015). എന്നാൽ PWD വിഭാഗത്തിൽ നിന്നുള്ള മറുപടിയ്ക്കു കാത്തു നിൽക്കാതെ കെട്ടിടത്തിനു ബിൽഡിംഗ് പെർമിറ്റ് നൽകി. PWD റോഡിന്റെ അതിരു പരിശോധിക്കാതെ കെട്ടിടത്തിനു പെർമിറ്റ് നൽകിയ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ഇതിനു പുറമേ ഓവർസിയർ നടത്തിയ പരിശോധനയിൽ ചൂണ്ടിക്കാണിച്ചിരുന്ന അപാകതകൾ പരിഹരിക്കാതെ കെട്ടിടത്തിനു ബിൽഡിംഗ് പെർമിറ്റ് നൽകുകയും കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് 27.04.2016 ൽ കടമുറികൾക്ക് നമ്പർ ഇടുന്നതിന് ഉടമസ്ഥൻ അപേക്ഷ നൽകി. KPBR-2011 ലെ ചട്ടങ്ങൾ പാലിച്ചാണ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതെന്ന് 28.04.2016 ൽ A3 സെക്ഷൻ അന്വേഷണ റിപ്പോർട്ട് നൽകിയിരുന്നു. ടി അന്വേഷണ റിപ്പോർട്ടിൽ കെട്ടിടം PWD റോഡ് സൈഡിൽ ആയതിനാൽ വെണ്ണിക്കുളം PWD Roads, അസിസ്റ്റന്റ് എഞ്ചിനീയർക്കു കത്തു നൽകുകയും ആയതിൻപ്രകാരം അപേക്ഷയോടൊപ്പം സമർപ്പിച്ച കംപ്ളീഷൻ പ്ളാൻ അംഗീകരിച്ചു നൽകിയിട്ടുണ്ട് എന്നും രേഖപ്പെടുത്തിയിരുന്നു. എന്നാൽ അങ്ങനെയൊരു അംഗീകാരം വാങ്ങിയതായി ഫയലിൽ രേഖകളില്ല. കംപ്ളീഷൻ പ്ളാൻ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനയ്ക്ക് കൈമാറാതെ ഈ രണ്ടു നില കെട്ടിടത്തിനു 29.04.2016 ൽ നമ്പറുകൾ നൽകി അധികൃതമാക്കി.

കംപ്ളീഷൻ പ്ളാൻ പ്രകാരം തറ വിസ്തീർണ്ണം 439.12m² ആണ്. എന്നാൽ നികുതി നിർണ്ണയിച്ചിട്ടുള്ളത് ആകെ 267.14m²-നു മാത്രമാണ് (ചുവടെ നൽകിയിരിക്കുന്ന പട്ടിക കാണുക).

| ക്രമ നമ്പർ | വാർഡിന്റെപേര്/ കെട്ടിട നമ്പർ | ഏരിയ (in $m^2$) | | ഉടമയുടെ പേരും വിലാസവും | നിർണ്ണയിച്ച നികുതി |
|---|---|---|---|---|---|
| 1 | IX/450 A | 33.39(GF) | GF-95.91 $m^2$ | ശ്രീ. റെജി പി. ഈശോ, പെരുമ്പെട്ടി, പാലയ്ക്കാമണ്ണിൽ. | 1,203 |
| 2 | IX/450 B | 15.44 (GF) | | | 556 |
| 3 | IX/450 C | 47.08(GF) | | | 1,695 |
| 4 | IX/450 D | 47.08(FF) | FF-171.23 $m^2$ | | 1,611 |
| 5 | IX/450 E | 43.14 (FF) | | | 1,477 |
| 6 | IX/450 F | 48.83 (FF) | | | 1,671 |
| 7 | IX/450 G | 32.18 (FF) | | | 1,102 |
| | | ആകെ | 267.14$m^2$ | | |

പോർച്ച് 68.09$m^2$ ഒഴിവാക്കിയാൽതന്നെ 371.03$m^2$ ന്റെ നികുതി നിർണ്ണയിക്കേണ്ടിയിരുന്നു. നികുതി കണക്കാക്കേണ്ടിയിരുന്ന 68.09$m^2$ കെട്ടിട ഭാഗം ഒഴിവാക്കിയത് (439.12-371.03) ഗുരുതരമായ ക്രമക്കേടായി ഓഡിറ്റ് വിലയിരുത്തുന്നു. നിർമ്മിച്ച കെട്ടിടത്തിനു പിൻവശത്തായി പാർക്കിംഗ് ഷെഡ് എന്ന പേരിൽ 255.75$m^2$ ഭാഗം നൽകിയിരുന്നു. എന്നാൽ ഈ ഭാഗം അലുമിനിയം ഷീറ്റ് ഇട്ട് റൂഫിംഗ് നൽകുകയും കമ്പി, സിമന്റ് തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതായും ബോദ്ധ്യപ്പെട്ടു. ഇങ്ങനെ പല വിധത്തിലുമുള്ള ചട്ട ലംഘനങ്ങൾ ഈ നിർമ്മാണത്തിൽ നടത്തിയിട്ടുണ്ടെന്നു ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. ഈ വിഷയത്തിൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (നം:16/2017;20.09.2017) ഗ്രാമപഞ്ചായത്ത് അധികൃതർ മറുപടി ലഭ്യമാക്കിയിരുന്നില്ല.

നിയമാനുസൃതമായാണോ കെട്ടിടങ്ങൾ നിർമ്മിച്ചതെന്ന് പരിശോധിക്കാതെ ഇവയെ നികുതിവിധേയമാക്കിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ക്രമപ്രകാരമല്ല. മേൽ വിഷയത്തിന്മേൽ ഭരണതലത്തിൽ (ഡയറക്ടർ / ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്) അന്വേഷണത്തിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു. കെട്ടിടത്തിന് നിയമാനുസൃതമായ നമ്പർ നൽകിയ നടപടി റദ്ദ ചെയ്യേണ്ടതും കെട്ടിടത്തിനു U.A നമ്പർ നൽകി നിലവിൽ ഈടാക്കാവുന്ന നികുതിയുടെ രണ്ടിരട്ടി കൂടി വസ്തുനികുതിയായി ഈടാക്കേണ്ടതുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.3.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

45. പി.ഡബ്ല്യു.ഡി. റോഡിന്റെ അതിര് നിർണ്ണയിക്കുന്നതിനായി 08-01-2024-ന് സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ കൃത്യമായ ദൂര പരിധി പാലിച്ചിട്ടുണ്ടോയെന്ന് അറിയാൻ സാധിക്കുകയുള്ളൂവെന്നും കൊറ്റനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

46. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ച അന്നത്തെ സെക്രട്ടറി ശ്രീമതി മേരിക്കുട്ടി എം.-നോട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 03-07-2019-ൽ നൽകിയ മെമ്മോയ്ക്ക് നാളിതുവരെ മറുപടിനൽകിയിട്ടില്ലെന്ന് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ടെന്നും ശ്രീമതി മേരിക്കുട്ടി എം.-നെതിരെ വകുപ്പുതല നടപടി ത്വരിതപ്പെടുത്താൻ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. പി.ഡബ്ല്യു.ഡി. റോഡിന്റെ അതിര് പരിശോധിക്കാതെ കെട്ടിടത്തിന് അനുമതി നൽകിയ അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി മേരിക്കുട്ടി എം.ന്റെ നടപടി തെറ്റായിരുന്നുവെന്നും ഇത് അറിവില്ലായ്മകൊണ്ട് സംഭവിച്ച വീഴ്ചയല്ലായെന്നും ടിയാൾ സർവ്വീസിൽ നിന്നും വിരമിച്ചതുകൊണ്ട് ഇളവ് നൽകാൻ കഴിയുന്നതല്ലെന്നും പഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി വ്യക്തമാക്കി. ശ്രീമതി മേരിക്കുട്ടി എം. സർവ്വീസിൽ നിന്നും വിരമിച്ചതുകൊണ്ട് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടിവരുമെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറും പൊതുമരാമത്ത് വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കാനാവശ്യമായ ഫോളോ അപ് നടത്താമെന്ന് കൊറ്റനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഉറപ്പു നൽകി.

47. ദൂരപരിധിയുമായി ബന്ധപ്പെട്ട റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമായതിനുശേഷം പ്രസ്തുത ഓഡിറ്റ് പരാമർശം പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ / ശിപാർശകൾ

48. കൊറ്റനാട് പഞ്ചായത്തിലെ പി.ഡബ്ല്യു.ഡി. റോഡിന്റെ അതിര് പരിശോധിക്കാതെ കെട്ടിടത്തിന് അനുമതി നൽകിയ അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി എം. മേരിക്കുട്ടിയുടെ നടപടി തെറ്റായിരുന്നുവെന്നും ഇത് അറിവില്ലായ്മകൊണ്ട് സംഭവിച്ച തെറ്റല്ലെന്നും ടിയാൾ സർവീസിൽ നിന്നും വിരമിച്ചതുകൊണ്ട് മാത്രം ഇളവ് നൽകാൻ കഴിയുന്നതല്ലെന്നും ടിയാൾക്കെതിരെ യുക്തമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

49. പി.ഡബ്ല്യു.ഡി. റോഡിന്റെ അതിര് നിർണ്ണയിക്കുന്നതിനായി സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ കൃത്യമായ ദൂരപരിധി പാലിച്ചിട്ടുണ്ടോയെന്ന് അറിയാൻ സാധിക്കുകയുള്ളുവെന്നും സർക്കാർ മറുപടിയിൽനിന്നും സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ, ദൂരപരിധി പാലിക്കപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിൽ നിന്നും ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**22.51 ലക്ഷം രൂപ ചെലവഴിച്ച അറവുശാല നിർമ്മാണം – ആറ് വർഷം പിന്നിട്ടിട്ടും പൂർത്തിയായില്ല**

*[ഓമല്ലൂർ ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-24]*

2011-12-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ചിരുന്ന ആധുനിക അറവു ശാലയുടെ നിർമ്മാണത്തിന് 22.51 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും നാളിതുവരെ പൂർത്തിയായിട്ടില്ല. പദ്ധതിയുടെ ഭാഗമായി 29,93,019/- രൂപയുടെ ഒരു ഡീറ്റയ്ൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുകയും 15% ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരൻ 23.03.2012-ൽ ഗ്രാമപഞ്ചായത്തുമായി എഗ്രിമെന്റ് വച്ച് പ്രവൃത്തി ഏറ്റെടുക്കുകയുമുണ്ടായി. പ്രവൃത്തി നടത്തിവരവെ ശുചിത്വ മിഷനിൽനിന്നും വിദഗ്ധ സംഘം പരിശോധന നടത്തി നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2014-15 വർഷം 36,93,510/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി. പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്.

| | | |
|---|---|---|
| 1 | ബിൽഡിംഗ് & അക്സസറീസ് | 15,90,000 |
| 2 | മെക്കാനിക്കൽ & ഇലക്ട്രിക്കൽ | 9,00,000 |
| 3 | സെപ്റ്റിക് ടാങ്ക് | 47,000 |
| 4 | ബയോഗ്യാസ് പ്ലാന്റ് | 6,58,000 |
| 5 | ലെയ്റേജ് | 1,75,000 |
| 6 | ഇലക്ട്രിഫിക്കേഷൻ | 60,000 |
| 7 | പ്ലംബിംഗ് | 70,000 |
| | Total | 35,00,000 |

മേൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ നിന്നും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, ലെയ്റേജ് (lairage), പ്ലംബിംഗ് പ്രവൃത്തികൾ ഒഴിവാക്കിയ ശേഷം ബാക്കിയുള്ളവ ഉൾപ്പെടുത്തി അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു പുതിയ പ്രോജക്ട് രൂപീകരിച്ചു. മെക്കാനിക്കൽ പ്രവൃത്തികൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായുള്ള ഡെപ്പോസിറ്റ് വർക്ക് എന്നിവയ്ക്കായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ടു പുതിയ പ്രോജക്ടുകൾ രൂപീകരിക്കുകയും ചെയ്തു.

2011-12 വർഷം ആരംഭിച്ച പ്രവൃത്തിയുടെ സിവിൽ വർക്കുകൾ 80% മാത്രമാണ് നാളിതുവരെ പൂർത്തിയായിട്ടുള്ളത്. കരാറുകാരന് മൂന്ന് പാർട്ട് ബില്ലുകളിലായി 12.11.2014 ൽ അളവ് പുസ്തക പ്രകാരം ആകെ 15,23,236/- രൂപ നൽകിയിട്ടുണ്ട്. സെപ്റ്റിക് ടാങ്ക് പിറ്റിന്റെ നിർമ്മാണവും കെട്ടിട നിർമ്മാണത്തിന്റെ 80%-വും മാത്രം പൂർത്തീകരിച്ച കരാറുകാരൻ തുടർ

നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. അറവുശാലയോട് ചേർന്നുള്ള ബയോഗ്യാസ് പ്ലാന്റ്, ലെയ്റേജ്, പ്ലംബിംഗ് പ്രവൃത്തികൾ അംഗീകൃത ഏജൻസിയെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ല. ഇലക്ട്രിഫിക്കേഷന് 2014-15-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി 7,27,875/- രൂപ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി നടത്തിയിട്ടില്ല. മെക്കാനിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ 9 ലക്ഷം രൂപയുടെ പ്രോജക്ട് 2013-14-ലെ വാർഷിക പദ്ധതി മുതൽ നിലവിലുണ്ടെങ്കിലും കെട്ടിട നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ആയത് നടപ്പിലാക്കിയിട്ടില്ല. പദ്ധതിയ്ക്കായി നാളിതുവരെ പൊതു ഖജനാവിൽനിന്നും 22,51,111/- രൂപ ചെലവഴിച്ചെങ്കിലും പദ്ധതി ലക്ഷ്യം കണ്ടിട്ടില്ല.

പദ്ധതിയടങ്കലിന്റെ പകുതിയിലേറെ തുക ഇതുവരെ ചെലവഴിച്ചെങ്കിലും ലക്ഷ്യം കാണാതെ കിടക്കുന്നത് ഗ്രാമപഞ്ചായത്ത് അധികൃതരുടെയും, നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള തികഞ്ഞ അനാസ്ഥ മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അറവുശാല നിർമ്മിക്കുന്നതുകൊണ്ട് ഗ്രാമപഞ്ചായത്തിന് ലഭ്യമാകാമായിരുന്ന വരുമാനം പദ്ധതി അനന്തമായി നീണ്ടുപോകുന്നതുമൂലം നഷ്ടമാകുന്ന സാഹചര്യമാണ്. പദ്ധതി പൂർത്തീകരണത്തിന് തടസ്സമായ കാരണങ്ങൾ കണ്ടെത്തി അവ പരിഹരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ പഞ്ചായത്ത് ഭരണ സമിതി കൈക്കൊള്ളേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നു. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.3.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

50. അറവുശാല നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണത്തെക്കുറിച്ച് സമിതി ആരാഞ്ഞു. അറവുശാല നിർമ്മാണത്തിനായി കണ്ടെത്തിയിരുന്ന സ്ഥലം വെള്ളക്കെട്ടുള്ള പ്രദേശമായതിനാൽ സെപ്റ്റിക് ടാങ്ക്, സോക് പിറ്റ് എന്നിവ നിർമ്മിക്കാൻ സാധിച്ചിരുന്നില്ലെന്നും നിലവിൽ പ്രസ്തുത സ്ഥലം നാഷണൽ ഹൈവേ NH 183A കടന്നുപോകുന്നതിന് അളന്ന് തിട്ടപ്പെടുത്തിയിരിക്കുകയാണെന്നും ഇക്കാരണങ്ങളാലാണ് അറവുശാല നിർമ്മാണം പൂർത്തീകരിക്കാത്തതെന്നും ഓമല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

51. പഞ്ചായത്തിന് ഏത് പദ്ധതി വേണമെങ്കിലും ഏറ്റെടുക്കാമെങ്കിലും ഏറ്റെടുക്കുന്ന പദ്ധതി നടപ്പാക്കാൻ സാധിക്കുന്നതാണോ എന്ന് പരിശോധിക്കാതെ പണം പാഴാക്കുന്ന രീതി

ഒട്ടും ശരിയല്ലെന്നും വെള്ളക്കെട്ടുള്ള സ്ഥലത്ത് ഇത്തരമൊരു പദ്ധതി നടപ്പാക്കാൻ കഴിയില്ലെന്ന് അറിഞ്ഞുകൊണ്ട് ടി സ്ഥലം തെരഞ്ഞെടുത്തത് ബോധപൂർവ്വമുള്ള വീഴ്ചയാണെന്നും പദ്ധതികൾ രൂപീകരിക്കുമ്പോൾ അത് പ്രായോഗികമാണോയെന്ന് വിലയിരുത്തേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബാധ്യതയാണെന്നും സമിതി വ്യക്തമാക്കി.

52. ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ അറവുശാല നിർമ്മാണത്തിന് കണ്ടെത്തിയ സ്ഥലം വർഷങ്ങൾക്ക് മുൻപ് വയൽ നികന്നതും പിന്നീട് പഞ്ചായത്തിന്റെ മാർക്കറ്റായി രൂപാന്തരപ്പെട്ടതുമാണെന്നും ടി മാർക്കറ്റിന്റെ ഒഴിഞ്ഞ ഒരു ഭാഗമാണ് അറവുശാല നിർമ്മാണത്തിനായി ശുചിത്വമിഷന്റെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത് ഫണ്ട് അനുവദിച്ച് പ്രവൃത്തി ആരംഭിച്ചതെന്നും എന്നാൽ പ്രസ്തുത പദ്ധതിയുടെ സാധ്യതാ പഠനത്തിന്റെ അഭാവം മൂലം അറവുശാലയായി പ്രവർത്തനം നടത്താൻ കഴിയാത്ത രീതിയിലുള്ള ചെറിയ മുറികളാണ് നിർമ്മിച്ചതെന്നും അതിനാൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (അറവുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ പ്രകാരമുള്ള സൗകര്യങ്ങൾ അവിടെ ഒരുക്കാൻ സാധിക്കില്ലെന്ന് പരിശോധനയിൽ വ്യക്തമായെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ബോധിപ്പിച്ചു. പ്രസ്തുത വിഷയത്തിൽ ഓഡിറ്റ് പരാമർശമുണ്ടായതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഭരണസമിതിയുടെ കാലയളവിൽ ടി പ്രവൃത്തി പൂർത്തീകരിക്കാൻ ശ്രമിക്കുകയും പഞ്ചായത്തിന്റെ പക്കൽ ഫണ്ട് ഇല്ലാത്തതിനാൽ ഏറ്റെടുത്ത് നടത്താൻ പറ്റുന്ന സ്വകാര്യ സംരംഭകരോടും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ യൂണിറ്റിനോടും അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അവരിൽ നിന്നും മറുപടി ലഭ്യമായില്ലെന്നും നിലവിൽ പ്രസ്തുത കെട്ടിടം എംസിഎഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) ആയാണ് ഉപയോഗിക്കുന്നതെന്നും ഡെപ്യൂട്ടി ഡയറക്ടർ ബോധിപ്പിച്ചു.

53. നിലവിൽ കെട്ടിടം എംസിഎഫ് ആയി ഉപയോഗിക്കുകയും ടി കെട്ടിടം ഉൾപ്പെടുന്ന സ്ഥലം നാഷണൽ ഹൈവേ NH 183A കടന്നുപോകുന്നതിന് അളന്ന് തിട്ടപ്പെടുത്തുകയും ചെയ്തതിനാൽ വകുപ്പിൽ നിന്നും ലഭ്യമായ വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ / ശിപാർശകൾ

54. ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ അറവുശാല നിർമ്മാണത്തിന് കണ്ടെത്തിയ സ്ഥലം ഒട്ടും അനുയോജ്യമല്ലായിരുന്നുവെന്നും വെള്ളക്കെട്ടുള്ളിടത്ത് ഇത്തരമൊരു പദ്ധതി നടപ്പാക്കാൻ കഴിയില്ലെന്ന് അറിഞ്ഞുകൊണ്ട് ടി സ്ഥലം തിരഞ്ഞെടുത്തത് ബോധപൂർവമായ വീഴ്ചയാണെന്നും ഏറ്റെടുക്കുന്ന പദ്ധതി നടപ്പാക്കാൻ സാധിക്കുന്നതാണോ എന്ന് പരിശോധിക്കാതെ പൊതു പണം പാഴാക്കുന്നത് തികച്ചും നിരുത്തരവാദപരമായ നടപടിയാണെന്നും പദ്ധതികൾ പ്രായോഗികമാണോ എന്ന് വിലയിരുത്തേണ്ടത് പഞ്ചായത്തിന്റെ ബാധ്യത ആണെന്നും സമിതി വ്യക്തമാക്കുന്നു.

**55. അറവുശാലയായി ഉപയോഗിക്കാൻ സാധിക്കാത്ത കെട്ടിടം നിലവിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ആയി ഉപയോഗിക്കുന്നുണ്ടെന്നും പ്രസ്തുത സ്ഥലം നാഷണൽ ഹൈവേ 183-എ കടന്നു പോകുന്നതിന് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഓമല്ലൂർ മാർക്കറ്റിൽ മാലിന്യ പ്രശ്നം രൂക്ഷം – പ്ലാന്റ് നിർമ്മിക്കുന്നതിന് ആറ് വർഷം മുമ്പ് ആവിഷ്കരിച്ച പദ്ധതി നടപ്പിലാക്കിയില്ല.**

*[ഓമല്ലൂർ ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-25]*

2011-12-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 13,74,250/- രൂപ അടങ്കൽ വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയാണിത്. വികസന ഫണ്ട് ഇനത്തിൽ 2,20,000/- രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 5,00,000/- രൂപയും, നിർമ്മൽ പുരസ്കാര തുക 4,75,000/- രൂപയും, ശുചിത്വ മിഷൻ തുക 1,79,250/- രൂപയുമായിരുന്നു പ്രോജക്ടിൽ വകയിരുത്തിയിരുന്നത്. 100 കിലോ മാലിന്യം ഒരു ദിവസം നിർമ്മാർജ്ജനം ചെയ്യുവാൻ സഹായകരമായ പ്ലാന്റ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്തു. കരാറുകാരൻ 23.03.2012-ൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട് (എഗ്രിമെന്റ് നം.42/2011-12/AE/LSGD/ OMLR, dtd.23.03.2012) പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി നടത്തിയിട്ടില്ല. 2011-12 മുതൽ ഈ പദ്ധതി സ്പിൽ ഓവറായി നിലനിർത്തിയിരിക്കുകയാണ്. എഗ്രിമെന്റ് വച്ച് പ്രവൃത്തി നടത്തുന്നതിന് വീഴ്ചവരുത്തിയ കരാറുകാരനെതിരെ നിർവ്വഹണ ചുമതലയുള്ള അസി.എഞ്ചിനീയർ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നിലവിൽ സംവിധാനം ഇല്ല. ഓമല്ലൂർ മാർക്കറ്റിൽ നിന്നും പുറംതള്ളുന്ന മാലിന്യങ്ങൾ മാർക്കറ്റിനുള്ളിൽതന്നെ തുറസ്സായ സ്ഥലത്ത് നിക്ഷേപിക്കുകയാണ് നിലവിൽ ചെയ്തുവരുന്നത്. മത്സ്യ/മാംസ അവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള ജൈവമാലിന്യങ്ങൾ വേണ്ടവിധം സംസ്കരിക്കാതെ തുറസ്സായ സ്ഥലത്ത് നിക്ഷേപിക്കുന്നത് സാംക്രമിക രോഗങ്ങൾ പടരുന്നതിന് ഇടയാക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ സാഹചര്യത്തിൽ ആറ് വർഷം മുമ്പ് ആവിഷ്കരിച്ച ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കാതിരിക്കുന്നത് ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയാണ്.

പത്തനംതിട്ട ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർക്ക് 02/08/2018 ൽ നൽകിയ മറുപടിയിൽ പ്രസ്തുത നിർമ്മാണം നടത്തേണ്ട സ്ഥലം വെള്ളക്കെട്ടുള്ള പ്രദേശം ആയതിനാൽ പ്രവൃത്തി നിർവ്വഹിക്കാൻ സാധ്യമല്ലായെന്നും അതുകൊണ്ട് പദ്ധതിയ്ക്ക് ലഭ്യമായ ഫണ്ട് ശുചിത്വ മിഷന് മടക്കി നൽകിയെന്നും അറിയിച്ചിട്ടുണ്ട്.

നിർമ്മാണ യോഗ്യമല്ലാത്ത വെള്ളക്കെട്ടുള്ള പ്രദേശം മാലിന്യനിർമ്മാർജന പ്ലാന്റ് നിർമ്മാണത്തിന് തെരഞ്ഞെടുത്തതും, അനുവദിച്ച ശേഷം ഫണ്ട് ശുചിത്വ മിഷന് മടക്കി

നൽകിയതും പദ്ധതിയുടെ നടത്തിപ്പിന് തടസമായി നിൽക്കുന്നു. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 1.3.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

56. പ്രസ്തുത വിഷയത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞു. ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികളുമായി മുന്നോട്ടുപോയപ്പോഴാണ് പ്രസ്തുത സ്ഥലം വെള്ളക്കെട്ടുള്ളതാണെന്ന് കണ്ടെത്തുകയും പദ്ധതി തുടരാൻ കഴിയാതെ ഉപേക്ഷിച്ച് ശുചിത്വമിഷൻ നൽകിയ ഫണ്ട് തിരിച്ചടയ്ക്കുകയും ചെയ്തുവെന്നും നിലവിൽ മാർക്കറ്റിലെ മാലിന്യങ്ങൾ തുമ്പൂർമുഴി പ്ലാന്റുവഴി സംസ്കരിക്കുന്നുണ്ടെന്നും ഓമല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. ഓമല്ലൂർ മാർക്കറ്റിലെ മാലിന്യ സംസ്കരണത്തിന് പഞ്ചായത്ത് ബദൽ സംവിധാനം കണ്ടെത്തിയ സ്ഥിതിക്ക് വകുപ്പിൽ നിന്നും ലഭ്യമായ വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ / ശിപാർശകൾ**

**57. ഓമല്ലൂർ മാർക്കറ്റിലെ മാലിന്യ സംസ്കരണത്തിന് പഞ്ചായത്ത് ബദൽ സംവിധാനം കണ്ടെത്തി എന്നുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 23

# അനുബന്ധം - I

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നം. | ഖണ്ഡിക | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| 1 | 6 | തദ്ദേശ സ്വയംഭരണ വകുപ്പ് | സർക്കാർ ആയുർവേദ ആശുപത്രിയിലെ ലാബ് ടെക്നീഷ്യൻമാർക്ക് ശമ്പളം നൽകിയതുമായി ബന്ധപ്പെട്ടുള്ളതും ലാബ് ടെക്നീഷ്യൻമാരുടെ സേവനം ആവശ്യപ്പെട്ടുകൊണ്ട് മെഡിക്കൽ ഓഫീസർമാർ നൽകിയ റിക്വസിഷൻ എന്നിവ അടങ്ങുന്ന ലാബ് പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ളതുമായ വിശദമായ റിപ്പോർട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും ലാബ് ടെക്നീഷ്യൻ തസ്തികകളുമായി ബന്ധപ്പെട്ട് സർക്കാർ സാധൂകരണത്തിന്റെ തീരുമാനം ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു. |
| 2 | 12 | തദ്ദേശ സ്വയംഭരണ വകുപ്പ് | ബയോഗ്യാസ് പ്ലാന്റിന്റെ സാങ്കേതികവിദ്യയെക്കുറിച്ചുള്ള അറിവോ പ്രാവീണ്യമോ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് എപ്പോഴും ഉണ്ടായിക്കൊള്ളണമില്ലെന്നും ശുചിത്വ മിഷന്റെ ഉദ്യോഗസ്ഥർക്കും ഉത്തരവാദിത്തമുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങളുടെ സാധ്യതാപഠനവും മേൽനോട്ടവും ശുചിത്വ മിഷൻ സമയാസമയം നടത്തേണ്ടിയിരുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു. |
| 3 | 13 | തദ്ദേശ സ്വയംഭരണ വകുപ്പ് | കാച്ചാണി, അരുവിക്കര മാർക്കറ്റുകളിലെ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കലുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ച പരിശോധിച്ച് എത്രയും പെട്ടെന്ന് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദേശിക്കുന്നു. |
| 4 | 16 | തദ്ദേശ സ്വയംഭരണ വകുപ്പ് | സ്ഥലപരിശോധന നടത്താതെ നെടുമങ്ങാട് നഗരസഭാ മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാണെന്ന് തെറ്റായി റിപ്പോർട്ട് ചെയ്ത് എഫ്.ഡി. റിലീസ് ചെയ്യുന്നതിന് ശിപാർശ ചെയ്ത ഉദ്യോഗസ്ഥന് നോട്ടീസ് നൽകുക മാത്രമേ ചെയ്തിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരം വിഷയങ്ങളിൽ സമയബന്ധിതമായി തീരുമാനമെടുക്കാത്തതിനാൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് അതിൽനിന്നും രക്ഷപ്പെടാൻ അവസരം ലഭിക്കുകയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്ന് തുക ഈടാക്കിയതിനുശേഷം സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 5 | 18 | തദ്ദേശ സ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 20 | തദ്ദേശ സ്വയംഭരണ വകുപ്പ് | 2016-17 സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുകയിൽ പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാത്തവ 2017-18-ൽ പ്രോജക്ടുകൾ സ്പിൽ ഓവറായി പൂർത്തീകരിച്ചിട്ടുണ്ടെന്ന കൊല്ലം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 22 | തദ്ദേശ | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് |

| | | | |
|---|---|---|---|
| | | സ്വയംഭരണ വകുപ്പ് | വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തനത് ഫണ്ടിനായ് ഒന്നിലധികം ബാങ്കുകൾ പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 26 | തദ്ദേശ സ്വയംഭരണ വകുപ്പ് | മുനിസിപ്പൽ കോർപ്പറേഷൻ റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ വിഹിതം യഥാസമയം അടവാക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച കൃത്യമായ മറുപടി ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കുന്നതിന് സമിതി നിർദേശിക്കുന്നു. |
| 9 | 29 | തദ്ദേശ സ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ചിന്നക്കട തങ്കപ്പൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 31 | തദ്ദേശ സ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ റാന്നി ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 33 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിട്ടുള്ള കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് പുതുക്കിയ നിരക്കിൽ 2023-24 വരെയുള്ള നികുതി ഈടാക്കിയിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 35 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ അപാകതകളും നിലവിൽ പരിഹരിച്ചിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ കോഴഞ്ചേരി ഗ്രാമ പഞ്ചായത്തിലെ കെട്ടിട നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 43 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഇട്ടിയപ്പാറ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിനും ശബരിമല തീർത്ഥാടന കേന്ദ്രത്തിനും വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടിയിൽ റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാത്തതുകൊണ്ടാണ് കാര്യങ്ങൾ കോടതി വരെ എത്തിയതെന്ന് സമിതി വിലയിരുത്തുന്നു. പഞ്ചായത്തിന് അനുകൂലമായി വിധി നേടിയെടുക്കുന്നതിൽ പരാജയപ്പെട്ടത് കേസ് നടത്തിപ്പിന്റെ അപാകത മൂലമാണെന്ന് സമിതി നിരീക്ഷിക്കുന്നു. കേസിന്റെ ഒരു ഘട്ടത്തിലും പഞ്ചായത്തിന് അനുകൂലമായി വിധി നേടിയെടുക്കാൻ അഭിഭാഷകന് സാധിച്ചിട്ടില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 14 | 44 | തദ്ദേശ സ്വയംഭരണ വകുപ്പ് | നിലവിൽ WP(C) 23474/22 നമ്പരായി ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസ് വാദിക്കുന്നത് പഞ്ചായത്ത് നിയോഗിച്ച അഭിഭാഷകനാണെന്നും പ്രത്യേകം കൗൺസിലിനെ കേസ് നടത്തിപ്പിനായി നിയോഗിച്ചിട്ടില്ലെന്നും വകുപ്പിന്റെ മറുപടിയിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ തലത്തിലുള്ള തീരുമാനം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 48 | തദ്ദേശ സ്വയംഭരണ വകുപ്പ് | കൊറ്റനാട് പഞ്ചായത്തിലെ പി.ഡബ്ല്യു.ഡി. റോഡിന്റെ അതിര് പരിശോധിക്കാതെ കെട്ടിടത്തിന് അനുമതി നൽകിയ അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി എം. മേരിക്കുട്ടിയുടെ നടപടി തെറ്റായിരുന്നുവെന്നും ഇത് അറിവില്ലായ്മകൊണ്ട് സംഭവിച്ച തെറ്റല്ലെന്നും ടിയാൾ സർവീസിൽ നിന്നും വിരമിച്ചതുകൊണ്ട് മാത്രം ഇളവ് നൽകാൻ |

| | | | |
|---|---|---|---|
| | | | കഴിയുന്നതല്ലെന്നും ടിയാൾക്കെതിരെ യുക്തമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 49 | തദ്ദേശ സ്വയംഭരണ വകുപ്പ് | പി.ഡബ്ല്യു.ഡി. റോഡിന്റെ അതിര് നിർണ്ണയിക്കുന്നതിനായി സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ കൃത്യമായ ദൂരപരിധി പാലിച്ചിട്ടുണ്ടോയെന്ന് അറിയാൻ സാധിക്കുകയുള്ളൂവെന്നും സർക്കാർ മറുപടിയിൽനിന്നും സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ, ദൂരപരിധി പാലിക്കപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിൽ നിന്നും ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു. |
| 17 | 54 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ അറവുശാല നിർമ്മാണത്തിന് കണ്ടെത്തിയ സ്ഥലം ഒട്ടും അനുയോജ്യമല്ലായിരുന്നുവെന്നും വെള്ളക്കെട്ടുള്ളിടത്ത് ഇത്തരമൊരു പദ്ധതി നടപ്പാക്കാൻ കഴിയില്ലെന്ന് അറിഞ്ഞുകൊണ്ട് ടി സ്ഥലം തിരഞ്ഞെടുത്തത് ബോധപൂർവമായ വീഴ്ചയാണെന്നും ഏറ്റെടുക്കുന്ന പദ്ധതി നടപ്പാക്കാൻ സാധിക്കുന്നതാണോ എന്ന് പരിശോധിക്കാതെ പൊതു പണം പാഴാക്കുന്നത് തികച്ചും നിരുത്തരവാദപരമായ നടപടിയാണെന്നും പദ്ധതികൾ പ്രായോഗികമാണോ എന്ന് വിലയിരുത്തേണ്ടത് പഞ്ചായത്തിന്റെ ബാധ്യത ആണെന്നും സമിതി വ്യക്തമാക്കുന്നു. |
| 18 | 55 | തദ്ദേശ സ്വയംഭരണ വകുപ്പ് | അറവുശാലയായി ഉപയോഗിക്കാൻ സാധിക്കാത്ത കെട്ടിടം നിലവിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ആയി ഉപയോഗിക്കുന്നുണ്ടെന്നും പ്രസ്തുത സ്ഥലം നാഷണൽ ഹൈവേ 183-എ കടന്നു പോകുന്നതിന് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 57 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഓമല്ലൂർ മാർക്കറ്റിലെ മാലിന്യ സംസ്കരണത്തിന് പഞ്ചായത്ത് ബദൽ സംവിധാനം കണ്ടെത്തി എന്നുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം – II

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ അദ്ധ്യായം -1 ൽ ഉൾപ്പെട്ട തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട എന്നീ ജില്ലകൾ ഉൾപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക**

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| | | **അദ്ധ്യായം - 1**<br><br>**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് തെരഞ്ഞെടുത്ത പരാമർശങ്ങൾ – ജില്ലാ അടിസ്ഥാനത്തിൽ.** | |
| | | **തിരുവനന്തപുരം ജില്ല** | |
| 1 | 1 | **നിലവിൽ ഇല്ലാത്ത തസ്തികയിലും ഇല്ലാത്ത ലാബിലും ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം - 1,54,700/- രൂപയുടെ ചെലവ് ലക്ഷ്യം കൈവരിച്ചില്ല.**<br><br>**കിഴുവിലം ഗ്രാമപഞ്ചായത്ത്**<br><br>ഗ്രാമപഞ്ചായത്തിന്റെ 2016-17 കാലയളവിലെ മിനിറ്റ്സ് പരിശോധിച്ചതിൽ ഗവ.ആയുർവേദ ആശുപത്രി, പി.എച്ച്.സി എന്നിവിടങ്ങളിൽ ഓരോ ലാബ് ടെക്നീഷ്യന്റെ താൽക്കാലിക ഒഴിവുകളിലേക്ക് നിയമനം നടത്തിയതിലും, ശമ്പളം നൽകിയതിലും ക്രമവിരുദ്ധമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റി കൈകൊണ്ടതായി കാണുന്നു.<br>കൂടാതെ സ്ഥലപരിശോധനയിൽ NRHM നിർദ്ദേശിച്ച് പ്രകാരമുള്ള ലാബ് സജ്ജമാക്കുകയോ | കിഴുവിലം ഗ്രാമപഞ്ചായത്ത് ജീവിത ശൈലീരോഗങ്ങളും പകർച്ച വ്യാധികളും ധാരാളമായി റിപ്പോർട്ട് ചെയ്യുന്ന പ്രദേശമാണ്. ഉൾപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന പി.എച്ച്.സി യിലും ജില്ലയിലെ തന്നെ ഏറ്റവും പഴക്കം ചെന്നതും 20 ൽ പരം രോഗികളെ കിടത്തി ചികിത്സിക്കുന്ന കിഴുവിലം ആയുർവേദാശുപത്രിയിലും ലാബ് സൗകര്യം ഇല്ലാത്തതിനാൽ ഈ ആതുരാലയങ്ങളെ ആശ്രയിക്കുന്ന ദരിദ്രരും സാധുക്കളുമായ രോഗികൾക്ക് ലാബ് സൗകര്യത്തിനായി ആറ് കിലോമീറ്റർ ദൂരം താണ്ടി ചിറയിൻകീഴോ, എട്ട് കിലോമീറ്റർ താണ്ടി ആറ്റിങ്ങലിലോ എത്തേണ്ടതുണ്ട്. ഈ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എൻ ആർ എച്ച് എം ന്റെ സഹായത്തോടെ കിഴുവിലം പി.എച്ച്.സി യിലും ആയുർവേദാശുപത്രിയിലും താൽക്കാലിക ലാബ് സൗകര്യം ഒരുക്കുന്നതിനും ലാബ് ടെക്നീഷ്യൻമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുകയായിരുന്നു. ആവശ്യമായ പ്രചാരണം നടത്തി ആരോഗ്യവകുപ്പിൽ നിന്നും ജില്ലാ ലാബോട്ടറി ടെക്നീഷ്യന്റെ നേതൃത്വത്തിൽ അപേക്ഷകരെ ഇൻറർവ്യൂ |



-44-
അനുബന്ധം – II

-45-

| | | | |
|---|---|---|---|
| | | ലാബിലേക്കാവശ്യമായ ഉപകരണങ്ങൾ നാളിതുവരെ ലഭ്യമാക്കുകയോ ചെയ്തിട്ടില്ലായെന്നും വ്യക്തമായി. ഇന്റർവ്യൂ നിയമനം എന്നിവ സംബന്ധിച്ച ഫയലുകൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല. ഇപ്രകാരം സജ്ജമാകാത്ത ലാബിലേക്ക് സർക്കാർ അനുമതിയില്ലാതെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയതും തനതുഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് ശമ്പളം നൽകിയതും നിയമവിരുദ്ധമാണ്. ആയതിനാൽ ലാബ് അസിസ്റ്റന്റ് തസ്തികയിലേക്ക് ശമ്പളമായി നാളിതുവരെ നൽകിയ 1,15,150/- രൂപയുടെ ചെലവ് ക്രമവിരുദ്ധമാണെന്ന് കാണുന്നു. | നടത്തി തയ്യാറാക്കിയ റാങ്ക് പട്ടികയിൽ നിന്നും മുൻഗണന പ്രകാരം ലാബ് ടെക്നീഷ്യൻമാരെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി 350/- രൂപ ദിവസ വേതന നിരക്കിൽ നിയമിച്ചത്. ആയതിന്റെ ടിസ്ഥാനത്തിൽ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ ലാബ് പ്രവർത്തിപ്പിച്ചിട്ടുള്ളതായി നിരവധി നിർദ്ദനരായവർക്ക് ഉപകാരപ്രദമായെന്നും മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും ജോലി വർവഹണം നടത്തിയ ലാബ് അസിസ്റ്റന്റുമാർക്ക് വേതനം നൽകണമെന്ന അടിസ്ഥാനത്തിലുമാണ് പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം വേതനം അനുവദിച്ചത്. സാധാരണക്കാരായ ഗ്രാമീണ ജനങ്ങളുടെ ആരോഗ്യപരിരക്ഷ മുന്നിൽ കണ്ട്കൊണ്ടും തികച്ചും സദുദ്ദേശത്തോടെയാണ് ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്നും ധനദുർവിനിയോഗം ഉണ്ടായിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സാധാരണക്കാരായ ഗ്രാമീണ ജനങ്ങൾക്ക് സേവനം ലഭ്യമാക്കിയിരുന്നുവെന്നും ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഭരണസമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സർക്കാരിനോട് അപേക്ഷിക്കുവാൻ തീരുമാനിച്ചതായും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 2 | 2 | **<u>കാച്ചാണി, അരുവിക്കര മാർക്കറ്റുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ – 15 ലക്ഷം രൂപ നിഷ്ഫലമായി</u>**<br><br>**<u>അരുവിക്കര ഗ്രാമപഞ്ചായത്ത്</u>**<br><br>അരുവിക്കര ഗ്രാമപഞ്ചായത്തിലെ കാച്ചാണി, അരുവിക്കര എന്നിവിടങ്ങളിലെ മാർക്കറ്റുകളിൽ പരിസര | **<u>അരുവിക്കര ഗ്രാമപഞ്ചായത്ത്</u>**<br><br>അരുവിക്കര ഗ്രാമപഞ്ചായത്തിലെ കാച്ചാണി & അരുവിക്കര എന്നിവിടങ്ങളിലെ മാർക്കറ്റുകളിൽ പരിസര ശുചീകരണം എന്ന |

| | | | |
|---|---|---|---|
| | | ശുചികരണം എന്ന ലക്ഷ്യത്തോടെ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 2011-12 സാമ്പത്തിക വർഷത്തിൽ 22, 32, 750/- രൂപ അടങ്കലിൽ ഏക വർഷ പ്രോജക്ടായി പദ്ധതി ആസൂത്രണം ചെയ്തു. പ്രതിദിനം 1000 കി.ഗ്രാം ശേഷിയുള്ള ഫിക്സഡ് ഡോം ടൈപ്പ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പ്രസ്തുത പ്രവൃത്തിക്ക് ദർഘാസിലൂടെയും പുനർ ദർഘാസിലൂടെയും നിർവ്വഹണ ഏജൻസിയെ കണ്ടെത്താൻ സാധിക്കാത്തതിനാൽ 21.03.2012-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ 6(8) പ്രകാരം സോഷ്യൽ ആന്റ് എൻവയോൺമെന്റൽ സൊസൈറ്റി, കേരള (സെൻസ്) എന്ന ശുചിത്വമിഷൻ അംഗീകൃത ഏജൻസിയുമായി 27.03. 2012-ൽ കരാർ ചമച്ച് പ്രവർത്തനം ആരംഭിച്ചു. എന്നാൽ സാങ്കേതികാനുമതിക്ക് വിരുദ്ധമായി ഫിക്സഡ് ഡോം ടൈപ്പിനു പകരം ഫ്ലോട്ടിങ് ഡോം ടൈപ്പ് പ്ലാന്റാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർമ്മിച്ചു തുടങ്ങിയത്. തൻവർഷം പദ്ധതി പൂർത്തീകരിക്കാൻ കഴിയാതിരുന്നതിനാൽ 2013-14 ൽ പുതിയ സാങ്കേതികാനുമതിക്ക് ശുചിത്വമിഷനെ സമീപിച്ചെങ്കിലും മുൻസാങ്കേതിക അനുമതിയിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി ആരംഭിച്ചതിനാൽ സർക്കാരിന്റെ സാധൂകരണം ലഭ്യമാക്കാതെ പുതിയ സാങ്കേതികാനുമതി നൽകാൻ സാധ്യമല്ലെന്ന് ശുചിത്വമിഷൻ അറിയിച്ചു. എന്നാൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2012-15 കാലയളവിൽ 4.00,000/- രൂപയും 2013-14 കാലയളവിൽ 11,00,000/- രൂപയും നിർവ്വഹണ ഏജൻസിക്ക് നൽകിയതായി കാണുന്നു. | ലക്ഷ്യത്തോടെ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിയ്ക്കുന്നതിന് 2011-12 സാമ്പത്തിക വർഷത്തിൽ 22,52,750/- രൂപ അടങ്കലിൽ ഏക വർഷ പ്രോജക്ടായി പദ്ധതി ആസൂത്രണം ചെയ്യുകയും പ്രതിദിനം 1000 കി.ഗ്രാം ശേഷിയുള്ള ഫിക്സഡ് ഡോം ടൈപ്പ് പ്ലാൻറുകൾ സ്ഥാപിയ്ക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. പ്രസ്തുത പ്രവൃത്തിയ്ക്ക് ദർഘാസിലൂടേയും പുനർ ദർഘാസിലൂടേയും നിർവ്വഹണ ഏജൻസിയെ കണ്ടെത്തുവാൻ സാധിയ്ക്കാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം സോഷ്യൽ ആൻറ് എൻവയോൺമെൻറ് സൊസൈറ്റി, കേരള (സെൻസ്) എന്ന ശുചിത്വ മിഷൻ അഗീകൃത ഏജൻസിയുമായി 27/03/2012 ൽ കരാരിൽ ഏർപ്പെട്ട് പ്രവർത്തനം ആരംഭിച്ചു. എന്നാൽ സാങ്കേതികാനുമതിയ്ക്ക് വിരുദ്ധമായി ഫിക്സഡ് ഡോം ടൈപ്പിനു പകരം ഫ്ലോട്ടിംഗ് ഡോം ടൈപ്പ് പ്ലാന്റാണ് നിർമ്മിച്ചു തുടങ്ങിയത്. സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 1140/2015/തസ്വഭവ, തീയതി 17/04/2015 പ്രകാരം ഫ്ലോട്ടിംഗ് ടൈപ്പ് പ്ലാന്റ് നിർമ്മിച്ച പ്രവൃത്തിയ്ക്ക് സാധൂകരണം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ശുചിത്വമിഷൻ 24.05.2015-ൽ റിവൈസ്ഡ് സാങ്കേതിക അനുമതി നൽകുകയുണ്ടായി എന്നാൽ തുടർ പ്രവൃത്തികൾ ചെയ്തിട്ടില്ല. നിലവിൽ ടി ബയോഗ്യാസ് പ്ലാന്റുകൾ പണി പൂർത്തീകരിച്ച് പ്രവർത്തനയോഗ്യമാക്കിയിട്ടില്ല. പദ്ധതി നിർവഹണത്തിൽ നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള നിന്നുണ്ടായ വീഴ്ച പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട് . ടി റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

-47-

| | | | |
|---|---|---|---|
| | | തുടർന്ന് ഉത്തരവ് നം. 1140/2015 ത.സ്വ.ഭ.വ തീയതി. 17.04.2015 പ്രകാരം ഫ്ലോട്ടിങ് ടൈപ്പ് പ്ലാന്റ് നിർമ്മിച്ച പ്രവൃത്തിക്ക് സാധൂകരണം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ശുചിത്വമിഷൻ 24.05.2015-ൽ റിവൈസ്ഡ് സാങ്കേതികാനുമതി നൽകുകയുണ്ടായി. എന്നാൽ തുടർപ്രവൃത്തികൾ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് സ്ഥല പരിശോധനയിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്ന് കണ്ടു. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 30 തീയതി. 22.07.2017) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ 22.01. 2017-ൽ കൂടിയ യോഗത്തിൽ സെൻസ് കേരള ഡയറക്ടർ (സർവ്വീസ് പ്രൊവൈഡർ) പ്രവൃത്തി പൂർത്തീകരിക്കാൻ സാധ്യമല്ല എന്നാണ് മറുപടി നൽകിയത്. പദ്ധതി നടത്തിപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ (LSGD) ഭാഗത്തുണ്ടായ വീഴ്ചകാരണം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. പൂർത്തീകരിക്കാൻ സാധിക്കാത്ത പ്ലാന്റ് നിലവിൽ പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമാകുന്നു. | |
| 3 | 3 | **<u>നെടുമങ്ങാട് മാർക്കറ്റ് ശോചനീയാവസ്ഥയിൽ - ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതം - ശുചിത്വമിഷൻ ഫണ്ട് ഉൾപ്പെടെ 4,21,325/- രൂപ പാഴ്ചെലവായി.</u>**<br><br>**<u>നെടുമങ്ങാട് നഗരസഭ</u>**<br><br>നെടുമങ്ങാട് നഗരസഭാ മാർക്കറ്റിലെ ജൈവ മാലിന്യ സംസ്കരണത്തിനായി പ്രതിദിനം 2510 കിലോഗ്രാം | **<u>നെടുമങ്ങാട് നഗരസഭ</u>**<br><br>ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിൽ പ്രവർത്തന അറ്റകുറ്റപ്പണികളുള്ള എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. |

-48-

| | | | |
|---|---|---|---|
| | | മാലിന്യ സംസ്കരണ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി ശുചിത്വമിഷനിൽ നിന്നും 30/3/11.SM(C2) 45250 നമ്പർ കത്ത് പ്രകാരം അനുമതി ലഭിച്ചതിന്റെയും 21/4/11 തീയതിയിലെ 419227 നമ്പർ DD മുഖേന 2,25,000/-രൂപ ധനസഹായം ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ Fixed dome type plant നിർമ്മിക്കുന്നതിനായി സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും തെരഞ്ഞെടുത്ത ദീപം ബയോഗ്യാസ് ഏജൻസി, കാടാമ്പുഴ എന്ന സ്ഥാപനവുമായി കരാർ ഉറപ്പിച്ചു. കരാർ നമ്പർ 120/11-2 തീയതി 19/3/12 മുഖേനയുള്ള വ്യവസ്ഥകൾ പ്രകാരം ഒക്ടോബറിൽ പണി പൂർത്തിയാക്കുകയും 1//4/13-ൽ 045331 നമ്പർ ചെക്ക് മുഖേന 4.,21,323/- രൂപ കൈമാറുകയും ചെയ്തു. പ്ലാന്റ് പ്രവർത്തനക്ഷമമാണെന്നും അതിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന ഗ്യാസ് കുടുംബശ്രീ ക്യാന്റീനിൽ പാചകത്തിന് ഉപയോഗിക്കപ്പെടുന്നുണ്ടെന്നും പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് നഗരസഭാ ജീവനക്കാരനായ ജോൺസൺ എന്നയാളെ പരിശീലിപ്പിച്ചിട്ടുണ്ടെന്നും മുനിസിപ്പൽ എഞ്ചിനീയർ പരിശോധന നടത്തി 8/4/13-ൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. | വാറണ്ടി പിരീഡിനു ശേഷം നഗരസഭാ ആരോഗ്യവിഭാഗത്തിന്റെ ചുമതലയിൽ ശുചീകരണ തൊഴിലാളിയായ ശ്രീ. ജോൺസന് പരിശീലനം നൽകി പ്ലാന്റിന്റെ പ്രവർത്തനം നടത്തുന്നതിനും, പരിപാലനം നടത്തുന്നതിനും നിയമിച്ചിരുന്നു. മാർക്കറ്റിൽ നിന്നും ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ സാങ്കേതിക പരിജ്ഞാനമില്ലാത്ത തൊഴിലാളി കൈകാര്യം ചെയ്യതിന്റെ ഫലമായാണ് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമല്ലാതാകുകയും മാലിന്യം കുന്നുകൂടുന്നതിന് സാഹചര്യമുണ്ടാകുകയും ചെയ്തിരുന്നത്. നിലവിൽ നഗരസഭ നടപ്പിലാക്കുന്ന മാലിന്യ സംസ്കരണ സംവിധാനങ്ങളിൽ തുടർ പരിപാലന അറ്റകുറ്റപ്പണി ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. ആയതിനാൽ നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളെല്ലാം പ്രവർത്തനക്ഷമമാണെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.<br>2. പ്ലാന്റിന്റെ നിർമ്മാണ ചുമതല ഏൽപ്പിച്ചിരുന്ന ദീപം ബയോഗ്യാസ് ഏജൻസി സെക്യൂരിറ്റിയായി നൽകിയ തുക സ്ഥലപരിശോധന നടത്താതെ പ്രവർത്തനക്ഷമമല്ലാതിരുന്ന ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമെന്ന് റിപ്പോർട്ട് ചെയ്ത് എഫ്.ഡി. റിലീസ് ചെയ്യുന്നതിന് ശുപാർശ ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നും ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>3. നഗരസഭയിലെ മാർക്കറ്റിൽ നിലവിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ പൂർണ്ണമായും സംസ്കരിക്കുന്നതിനുള്ള തുമ്പൂർമൂഴിയുടെ 4 യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. മാർക്കറ്റിൽ ഉണ്ടാകുന്ന മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ട്. ആയതിന്റെ ഫലമായി മാർക്കറ്റിൽ മാലിന്യങ്ങൾ കുന്നുകൂടി കിടക്കുകയോ, സംസ്കരിക്കാതെ കിടക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ നിലവിൽ മാർക്കറ്റിൽ യാതൊരുവിധ പാരിസ്ഥിതിക മലിനീകരണവും നടക്കുന്നില്ലായെന്നും |

-49-

| | | | |
|---|---|---|---|
| | | | മാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം ശുചിത്വമിഷന്റെ സാങ്കേതിക നിർദ്ദേശ പ്രകാരമാണ് നിർവ്വഹണം നടത്തിയിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 4 | 4 | **<u>വസ്തുനികുതി കുടിശ്ശിക – 13,58,839/- രൂപ</u>**<br><br>**<u>ആര്യൻകോട് ഗ്രാമപഞ്ചായത്ത്</u>**<br><br>1754-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203 പ്രകാരം ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾക്ക് നിർണയിക്കുന്ന വസ്ത്നികുതി തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. വസ്തു നികുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി.പത്രിക, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്ററർ എന്നിവ പരിശോധിച്ചതിൽ 2016-17 സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെടെ 13,58,839/- രൂപ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടുവാനുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനമായ വസ്തു നികുതി പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്ത് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഇത്രയും വലിയൊരു തുക വസ്തുനികുതിയിനത്തിൽ കുടിശ്ശിക വരുമായിരുന്നില്ല. റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് കുടിശ്ശിക വസ്തുനികുതി പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുന്നില്ല. | **<u>ആര്യൻകോട് ഗ്രാമ പഞ്ചായത്ത്</u>**<br><br>2018-19 വർഷം ആര്യങ്കോട് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ കുടിശിക ഉൾപ്പെടെയുള്ള 100 % വസ്തുനികുതി പിരിച്ചെടുത്തിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | | | |

| കൊല്ലം ജില്ല | | | |
|---|---|---|---|
| 5 | 1 | **<u>ഫണ്ടുകളുടെ വിനിയോഗലക്ഷ്യം കൈവരിക്കുന്നതിൽ വീഴ്ച – 2,16,86,791/- രൂപ ചെലവഴിക്കപ്പെട്ടിട്ടില്ല</u>**<br><br>**<u>ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്</u>**<br><br>വികസനപദ്ധതികൾ നടപ്പാക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിന് വിവിധ ഗ്രാന്റിനങ്ങളിൽ സംസ്ഥാന ബജറ്റ് വിഹിതമായി തൻവർഷം അനുവദിച്ച് നല്കിയ 2,16,86,791/- ചെലവഴിക്കപ്പെട്ടിട്ടില്ല. | **<u>ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്</u>**<br><br>ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ആകെ വികസനഫണ്ടായി വകയിരുത്തിയ 41699299/- രൂപയിൽ 27932676/- രൂപ ചെലവഴിച്ചിട്ടുണ്ട് (ചെലവ്-67%), മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയ 13351893/- രൂപയിൽ 3882811/- രൂപയും (ചെലവ് 29%) ചെലവഴിച്ചിട്ടുണ്ട്. പ്രതികൂലമായ കാലാവസ്ഥ ഉൾപ്പടെയുള്ള കാരണങ്ങളാൽ മരാമത്ത് പണികളിൽ വന്ന കാലതാമസമാണ് ഗ്രാമ പഞ്ചായത്തിനു തുക ചെലവഴിയ്ക്കാൻ കഴിയാതെ പോയത്. എന്നാൽ 2017-18 ൽ പ്രോജക്ടുകൾ സ്പിൽ ഓവർ ആക്കി പൂർത്തീകരിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| 6 | 2 | **<u>തനത് ഫണ്ടിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ</u>**<br><br>**<u>ശൂരനാട് നോർത്ത് ഗ്രാമപഞ്ചായത്ത്</u>**<br><br><u>ഗ്രാമപഞ്ചായത്തിൽ തനതുഫണ്ട് നിക്ഷേപിക്കുന്നതിനായി ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നു.</u><br><br>കേരള പഞ്ചായത്ത് രാജ് ആക്ട് ലെ 212(6), 1996 - പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ഫണ്ട് നിക്ഷേപിക്കലും | **<u>ശൂരനാട് നോർത്ത് ഗ്രാമപഞ്ചായത്ത്</u>**<br><br>1) ജില്ലാ സഹകരണ ബാങ്കിലെ അക്കൗണ്ട് (030481201000001) ക്ലോസ് ചെയ്തിട്ടുണ്ട്. ടി അക്കൗണ്ട് സംബന്ധിച്ച സാംഖ്യ രേഖ ഓഡിറ്റ് വകുപ്പിന് മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്.<br>2) ശൂരനാട് ഗ്രാമോദ്ധാരണ സഹകരണ ബാങ്കിലെ 4207 നമ്പർ അക്കൗണ്ട് പഞ്ചായത്ത് ദുരിതാശ്വാസനിധി |

- 51 -

| | | | |
|---|---|---|---|
| | | പിൻവലിക്കലും ചട്ടം എന്നിവ പ്രകാരം തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കാണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ മാത്രമേ അക്കൌണ്ട് പരിപാലിക്കാൻ പാട്ടുള്ളൂ. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 26.05.2011 ലെ 58725/എഫ്.എം 3/2008/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ബാങ്ക് അക്കൗണ്ടുകൾ ക്രമപ്പെടുത്തുന്നതിനുള്ള നടപടികളും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സുതാര്യമായ സാമ്പത്തിക നിയന്ത്രണത്തിനായി, നിക്രിയമായ ഒരു അക്കാണ്ട് ഒഴികെ മറ്റ് ബാങ്ക് അക്കാണ്ടുകൾ ക്ലോസ് ചെയ്ത് ബാലൻസ് തുക തനത് വരുമാനം സൂക്ഷിക്കുന്നതിന് നിലനിർത്താൻ ഉദ്ദേശിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കേണ്ടതാണ്. പ്രസ്തുത അക്കാണ്ടുകളിൽ സൂക്ഷിക്കുന്ന തുകകൾ തനത് ഫണ്ട് അക്കൌണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഭരണസമിതി നാളിതുവരെ സ്വീകരിച്ചിട്ടില്ല. | നിക്ഷേപിക്കുന്നതിനായുള്ളതാണ്.<br>3) ഗ്രാമപഞ്ചായത്തിന് ശാസ്താംകോട്ട സബ്ട്രഷറിയിലുള്ള 145000/- രൂപായുടെ പലിശ മാത്രം വരവ് നിക്ഷേപിക്കുന്നതിനായി മാത്രമുള്ളതാണ് ട്രഷറി സേവിംഗ്സ് ബാങ്ക് 393 നമ്പർ അക്കൗണ്ട്.<br>4) ശൂരനാട് ഗ്രാമോദ്ധാരണ സഹകരണ ബാങ്കിലെ 466 നമ്പർ തനത് ഫണ്ട് ക്ലോസ്സ് ചെയ്ത് ടി തുക പഞ്ചായത്തിൻറെ പേരിൽ എസ്.ബി.ഐ. ശൂരനാട് ശാഖയിലുള്ള 67381930513 നമ്പർ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. പഞ്ചായത്തിന് തനത് ഫണ്ട് ഫണ്ട് അക്കൗണ്ടായി ശൂരനാട് ശാഖയിലുള്ള 67381930513 നമ്പർ അക്കൗണ്ട് മാത്രമാണ് ഇപ്പോഴുള്ളതെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | 3 | **<u>തനത് ഫണ്ടിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ പരിപാലിക്കുന്നു.</u>**<br><br>**<u>കുളക്കട ഗ്രാമപഞ്ചായത്ത്</u>** | **<u>കുളക്കട ഗ്രാമപഞ്ചായത്ത്</u>**<br>ഓഡിറ്റ് പരാമർശ വർഷം നിലവിൽ ഉണ്ടായിരുന്ന അക്കൗണ്ടുകളായ കുളക്കട സർവ്വീസ് സഹകരണ ബാങ്ക് (അക്കൗണ്ട് നമ്പർ - 1012), പൂവറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് (അക്കൗണ്ട് നമ്പർ - 552) എന്നിവയിൽ പൂവറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് ( അക്കൗണ്ട് നമ്പർ - 552) ക്ലോസ് ചെയ്യുകയും കുളക്കട സർവ്വീസ് സഹകരണ ബാങ്ക്(അക്കൗണ്ട് നമ്പർ - 1012) |

- 52 -

| | | | |
|---|---|---|---|
| | | | നിലനിർത്തുകയും ചെയ്തിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | 4 | **<u>പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്</u>**<br>സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തനത് ഫണ്ടിന് ഒരേസമയം രണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26/5/2011 ലെ 58725/എഫ്എം 3/2008/തസ്വഭാവ നമ്പർ സർക്കുലർ പ്രകാരം തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ ഒരു ദേശസാൽകൃത ബാങ്കിലോ ഒരു സഹകരണ ബാങ്ക് അക്കൗണ്ട് ലോ മാത്രം നിക്ഷേപിക്കണമെന്നും ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തരുതെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ പവിത്രേശ്വരം ഗ്രാമ പഞ്ചായത്തിൽ തനതുഫണ്ടിന് ഇന്ത്യൻ ബാങ്ക് പുത്തൂർ ശാഖയിലും (അക്കൗണ്ട് നമ്പർ-95 7831391) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ പുത്തൂര് ശാഖയിലും (അക്കൗണ്ട് നമ്പർ-03 0071200800030 നിലനിർത്തിയിരിക്കുന്നു തനത് ഫണ്ട് അക്കൗണ്ട് സൂക്ഷിക്കുന്നതിനായി ഒരു അക്കൗണ്ട് മാത്രം നിലനിർത്തി രണ്ടാമത്തെ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റ് അറിയിക്കേണ്ടതാണ്. | **<u>പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്</u>**<br>ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 17/01/18 തീയതിയിലെ 2 (1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള രണ്ട് തനത് ഫണ്ട് അക്കൗണ്ടിൽ കൊല്ലം ജില്ലാ സഹകരണ ബാങ്ക് പുത്തൂർ ശാഖയിൽ ഉള്ള അക്കൗണ്ട് 030071200800030 ക്ലോസ് ചെയ്തു, അക്കൗണ്ടിലുള്ള മുഴുവൻ തുകയും ഗ്രാമ പഞ്ചായത്തിലെ മറ്റൊരു തനത് ഫണ്ട് അക്കൗണ്ട് ഉള്ള ഇന്ത്യൻ ബാങ്ക് പുത്തൂർ ശാഖയിലെ അക്കൗണ്ട് നമ്പർ 957831391 ലേക്ക് ട്രാൻസ്ഫർ ചെയ്യുകയും കൊല്ലം ജില്ലാ സഹകരണ ബാങ്ക് പുത്തൂർ ഗ്രാമപഞ്ചായത്തിലെ പേരിലുള്ള അക്കൗണ്ട് 12/12/2018 ന് ക്ലോസ് ചെയ്തിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| | 5 | **<u>തനത് ഫണ്ടിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ പരിപാലിക്കുന്നു.</u>**<br><br>**<u>ക്ലാപ്പന ഗ്രാമപഞ്ചായത്ത്</u>** | **<u>ക്ലാപ്പന ഗ്രാമപഞ്ചായത്ത്</u>**<br>ഓച്ചിറ ജില്ലാ സഹകരണ ബാങ്കിലുള്ളള അക്കൗണ്ട് ക്ലോസ്സ് ചെയ്ത് ബാലൻസ് തുക പിൻവലിച്ച് ക്ലാപ്പന സർവ്വീസ് സഹകരണ |

- 53 -

| | | | |
|---|---|---|---|
| | | | ബാങ്ക് (അക്കൗണ്ട്നം.7233) ൽ നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും ടി ബാങ്കുകൾക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട് എന്ന മറുപടിയുടെയും തുടർന്നുള്ള ഓഡിറ്റ് നിരീക്ഷണത്തിന്റെയും അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 09/04/2018-ലെ KSAKLMP.8/1751/17 നമ്പർ കത്ത് പ്രകാരം ടി പരാമർശം ഒഴിവാക്കിയിട്ടുള്ളതായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |
| **കൊല്ലം കോർപ്പറേഷൻ** | | | |
| 7 | 1 | **<u>മുനിസിപ്പൽ കോർപ്പറേഷനിലെ റെഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ വിഹിതം അടവാക്കൽ – പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.</u>**<br><br>**<u>കൊല്ലം കോർപ്പറേഷൻ</u>**<br><br>(a) മുനിസിപ്പൽ കോർപ്പറേഷൻ റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ വിഹിതം അടവാക്കൽ - സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള തുക 25,86,66,659/- രൂപ.<br>സേവനത്തിൽ നിന്നും വിരമിച്ച റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണത്തിനായി 2007-06 സാമ്പത്തിക വർഷം മുതൽ 2016-17 വരെ ചെലവഴിച്ച 25,86,66,659/- രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും കൊല്ലം മുനിസിപ്പൽ കോർപ്പറേഷന് ലഭിക്കാനുള്ളതായി കണക്കുകൾ വ്യക്തമാക്കുന്നു. മേൽ തുക കോർപ്പറേഷന് തിരികെ ലഭിക്കാൻ കാര്യക്ഷമമായ നടപടികൾ ബന്ധപ്പെട്ട അധികാരികളുടെ ഭാഗത്ത് നിന്നും | **<u>കൊല്ലം കോർപ്പറേഷൻ</u>**<br><br>a) മേൽ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നഗരസഭയിൽ നിന്ന് വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് അധിക ഫണ്ട് അനുവദിക്കില്ല എന്ന വ്യവസ്ഥയിൽ നഗരസഭകൾക്ക് സർക്കാർ അനുവദിച്ച നൽകുന്ന ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് പെൻഷൻ ആനുകൂല്യങ്ങൾ വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് (എം.എസ്) നം. 49/2016/ത.സ്വ.ഭ.വ, തീയതി : 04/03/2016 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>സെൻട്രൽ പെൻഷൻ ഫണ്ടിന്റെ തുക നീക്കിയിരിപ്പില്ലാത്ത സാഹചര്യം കാലാകാലങ്ങളിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയതു പരിഗണിച്ച് സർക്കാർ 2010-11-മുതൽ 2022-23 വരെ കാലയളവ് 310 കോടി രൂപ സർക്കാർ അനുവദിച്ച നൽകുകയും ആയതു നഗരസഭകൾക്ക് ആനുപാതികമായി അനുവദിച്ച നൽകുകയും ചെയ്തിട്ടുണ്ട്. |

-54-

| | | | |
|---|---|---|---|
| | | ഉണ്ടാകേണ്ടതുണ്ട്.<br>(b) കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ റഗുലർ വിഭാഗം ജീവനക്കാരുടെ 2010-17 സാമ്പത്തിക വർഷത്തെ പെൻഷൻ വിഹിതം മുനിസിപ്പൽ കോർപ്പറേഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച് സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്ക വരുത്തുന്നതിന് കാലതാമസം വരുന്നു.<br>1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടം 8(1) പ്രകാരം മുനിസിപ്പൽ കോർപ്പറേഷനിലെ റെഗുലർ എസ്റ്റാബ്ലിഷ്മെന്റിൽപ്പെട്ട ജീവനക്കാരുടെ പെൻഷൻ വിഹിതം അതാത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച അതാത് മാസം 2-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെയ്ക്കുന്നതിലേക്ക് നഗരകാര്യ ഡയറക്ടറുടെ പേരിലുള്ള ഡിമാന്റ് ഡ്രാഫ്റ്റായി, മുനിസിപ്പൽ സെക്രട്ടറി അയച്ച് കൊടുക്കേണ്ടതാണ്. സമയ പരിധിക്കുള്ളിൽ ഡിമാന്റ് ഡ്രാഫ്റ്റ് അയക്കാത്ത പക്ഷം വീഴ്ച വരുത്തിയ കാലയളവിലേക്ക് സേവിംഗ്സ് ബാങ്ക് നിക്ഷേപത്തിന് തൽസമയ പ്രാബല്യത്തിലുള്ള നിരക്കിൽ പലിശ കൂടി നൽകുവാൻ മുനിസിപ്പാലിറ്റിക്ക് ബാദ്ധ്യത ഉണ്ടാകുന്നതാണ്. എന്നാൽ ഇത്തരത്തിൽ പലിശ ഇനത്തിൽ തുക ഒടുക്ക വരുത്തിയതായി രേഖയില്ല.<br>2010 ഏപ്രിൽ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ 2017 മാർച്ച് എന്നീ മാസങ്ങളിലെ പെൻഷൻ വിഹിതം ഇത്തരത്തിൽ ഡിമാന്റ് ഡ്രാഫ്റ്റായി അയച്ചു കൊടുത്തതിൽ | നഗരസഭയിൽ നിന്ന് വിരമിച്ച റഗുലർ വിഭാഗം ജീവനക്കാർക്ക് പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച നൽകുന്നത് സംബന്ധിച്ച് കണക്കുകൾ ഒത്തു നോക്കി കൃത്യത വരുത്തിയതിന് പ്രകാരം 30.09.2023 വരെ നഗരസഭകൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുവാനുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക കുറവ് ചെയ്തതിനു ശേഷം 9,05,09,05,998/-രൂപ സെൻട്രൽ ഫണ്ടിൽ നിന്ന് അനുവദിച്ച നൽകാനുണ്ട്. ടി തുകയിൽ നഗരസഭകൾ ജനറൽ പർപ്പസ് ഗ്രാൻറിൽ നിന്ന് ചെലവാക്കിയിട്ടുള്ളത് 466,91,95,094/- തുകയും തനതു ഫണ്ടിൽ നിന്ന് ചിലവാക്കിയിട്ടുള്ളത് 4,38,17,10,904/- തുകയുമാണ്. ടി തുക അനുവദിച്ച നൽകുന്നതിനായി സി & എജി യുടെ 6/12/2023 ൽ നടന്ന 2022 വർഷത്തെ 74-ാ മത് ഭരണ ഘടനാ ഭേദഗതി സംബന്ധിച്ചുള്ള നിയമസഭാ സമിതി യോഗം ധനകാര്യ വകുപ്പിനോട് ശുപാർശ ചെയ്തിട്ടുള്ളതാണെന്നും ആയത് ധനകാര്യ വകുപ്പ് പരിശോധിച്ച വരികയുമാണ്.<br>b) പെൻഷൻ വിഹിതമായി മുനിസിപ്പാലിറ്റികൾ കൈമാറിയ ഡിഡികൾ യഥാസമയം തന്നെ സെൻട്രൽ പെൻഷൻ ഫണ്ടിൽ ട്രഷറിമുഖാന്തിരം ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന തുകക്ക് പലിശ ലഭിക്കില്ല. മുൻ കാലങ്ങളിൽ ചില ഡിഡികൾ യഥാസമയം ക്രെഡിറ്റ് ചെയ്യുവാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിലവിൽ പെൻഷൻ വിഹിതം ഓൺലൈൻ ആയി ട്രഷറിയിൽ ഒടുക്കുവാൻ നഗരസഭകൾക്കും കോർപ്പറേഷനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം നിലവിൽ ഓൺലൈൻ ആയി പെൻഷൻ വിഹിതം അടക്കുന്നതിനാൽ ഡിഡി റീ വാലിഡേറ്റ് ചെയ്യേണ്ട സാഹചര്യം നിലവിലില്ലെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

-55-

| | | | |
|---|---|---|---|
| | | കാലതാമസം ഉണ്ടായിട്ടുണ്ട്. ഇപ്രകാരം കാലതാമസം കാരണം പലിശ ഈടാക്കേണ്ട എല്ലാ സംഗതികളിലും 1990 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടം 8(5) പ്രകാരം മുനിസിപ്പൽ സെക്രട്ടറി പലിശ ഒടുക്കാൻ ബാദ്ധ്യസ്ഥനാണ്.<br>കൂടാതെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുന്നതിന ഡിമാന്റ് ഡ്രാഫ്റ്റായി നഗരകാര്യ ഡയറക്ടർക്ക് അയക്കുന്നതിലെയോ ഡിമാന്റ് ഡ്രാഫ്റ്റ് യഥാസമയം ബാങ്കിൽ സമർപ്പിക്കുന്നതിലെയോ കാലതാമസം മൂലം പ്രസ്തുത ഡിമാന്റ് ഡ്രാഫ്റ്റ് കാലാവധി കഴിഞ്ഞ ശേഷം റിവാലിഡേറ്റ് ചെയ്യുന്നതിനായി മുനിസിപ്പൽ കോർപ്പറേഷനിലേക്ക് തിരികെ അയക്കുന്നതിനും കാരണമാകുന്നു. ഇത് മൂലം പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കുന്നതിൽ അസാധാരണ കാലതാമസം ഉണ്ടാകുകയും ചെയ്യുന്നു.<br>ജൂൺ 2010 ലെ പെൻഷൻ വിഹിതമായി അയച്ച് കൊടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് ഇപ്രകാരം രണ്ട് തവണ റീവാലിഡേറ്റ് ചെയ്യേണ്ടി വന്നു. പെൻഷൻ വിഹിതമായി അയച്ച ഡി.ഡി. യഥാസമയം പെൻഷൻ ഫണ്ടിൽ അടവാക്കാതെ 6 മാസത്തിൽ കൂടുതൽ കൈവശം വെക്കുകയും സെൻട്രൽ പെൻഷൻ ഫണ്ടിൽ പലിശ ഇനത്തിൽ ലഭിക്കേണ്ട തുക നഷ്ടപ്പെടുകയും ചെയ്യു. കൂടാതെ 2016 (ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ടി അപാകത ആവർത്തിക്കുകയുണ്ടായി. | |
| 8 | 2 | <u>**മെയിന്റനൻസ് പ്രവൃത്തി ആരംഭിച്ച് 5 വർഷം പിന്നിട്ടുമ്പോഴും ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനം**</u> | |

| | | | |
|---|---|---|---|
| | | **സജ്ജമല്ല.**<br><br>**കൊല്ലം കോർപ്പറേഷൻ**<br><br>കൊല്ലത്തിന്റെ ഹൃദയഭാഗമായ ചിന്നക്കടയുടെ മുഖഛായ വർദ്ധിപ്പിക്കുക, കൂടുതൽ വ്യാപാര സ്ഥാപനങ്ങളെ ആകർഷിച്ച് കോർപ്പറേഷന്റെ വാടക വരുമാനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് അഞ്ചുനിലകളിലായി ഏകദേശം 50000 ചതുരശ്ര അടിയും 40 മുറികളോടുകൂടിയതുമായ ചിന്നക്കട തങ്കപ്പൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ മെയിന്റനൻസ് പ്രവൃത്തി 04/2012 ൽ ആരംഭിച്ചത്. | **കൊല്ലം കോർപ്പറേഷൻ**<br><br>സമാഹൃത ഓഡിറ്റിൽ പരാമർശിക്കുന്ന ചിന്നക്കട തങ്കപ്പൻ മെമ്മോറിയൽ ഷോപ്പിംഗ് കോപ്ലക്സുകളിൽ അറ്റകുറ്റപ്പണികൾ സംബന്ധിച്ച വീഴ്ചകൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ ഡയറക്ടറേറ്റിലെ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| **പത്തനംതിട്ട** | | | |
| 9 | 1 | **റാന്നി ഗ്രാമപഞ്ചായത്ത് 3.64 കോടി രൂപയുടെ കടക്കെണിയിൽ**<br><br>**റാന്നി ഗ്രാമപഞ്ചായത്ത്**<br><br>ആദായകരമായ വികസനപദ്ധതി എന്ന സ്കീമിൽ ഉൾപ്പെടുത്തി 25.07.1969-ൽ സംസ്ഥാന ഗ്രാമ വികസന ബോർഡുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ട് ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് 22,52,135/- രൂപ വായ്പ എടുത്തിരുന്നു. 24 തുല്യ തവണകളായി 16% പലിശ സഹിതം 31.03. 2007 വരെയുള്ള കാലയളവിൽ ഈ തുക തിരിച്ചടയ്ക്കേണ്ടതായിരുന്നു. എന്നാൽ KURDFC യുടെ | **റാന്നി ഗ്രാമപഞ്ചായത്ത്**<br><br>കേരള സംസ്ഥാന ഗ്രാമവികസന ബോർഡിൽ നിന്നും റാന്നി ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനു വേണ്ടി എടുത്തിരുന്ന വായ്പ കടിശ്ശികയിൽ പലിശ, പിഴ പലിശ എന്നിവ ഒഴിവാക്കി വായ്പ ക്ലോസ് ചെയ്യുന്നതിന് 23/11/2021 തീയതിയിലെ തദ്ദേശസ്വയംഭരണ (ഡി. ബി) വകുപ്പിന്റെ G.O(Rt) No.2365/2021/LSGD നമ്പർ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് മുതലിനത്തിൽ ബാക്കി നിന്നിരുന്ന 25,23,707/- രൂപ 24.03.2022, |

-57-

| | | | |
|---|---|---|---|
| | | 24.12.2010 ലെ A2/271/2012 കത്തു പ്രകാരം കുടിശ്ശിക 3.64 കോടി രൂപ (3,64,16,567/-) അടവാക്കാത്തപക്ഷം ഗ്രാമപഞ്ചായത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.<br>2003-04 ന ശേഷം വായ്പ തിരിച്ചടയ്ക്കാത്തത് മൂലമാണ് പഞ്ചായത്ത് ഇത്തരമൊരു ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് എത്തിച്ചേർന്നത്. ഷോപ്പിംഗ് കോംപ്ലക്സിലെ തറനിരപ്പിലെ കടകൾ തുച്ഛമായ നിരക്കിലാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. പ്രൈവറ്റ് ബസ് സ്റ്റാൻഡിന്റെ സമീപത്തുള്ള വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്തുള്ള ഈ കടകൾക്ക് അർഹമായ വാടക നിർണ്ണയിക്കേണ്ടത് ഭരണസമിതിയുടെ കർത്തവ്യമാണ്. നിലവിൽ വാടകയായി ലഭിക്കുന്ന തുക പോലും വായ്പകുടിശ്ശിക അടവാക്കാൻ ഉപയോഗിക്കുന്നില്ലയെന്നത് അധികൃതരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കാണുന്നു. ആദ്യ നിലയിലെ എല്ലാ മുറികളും ഗ്രാമ പഞ്ചായത്തിന്റേതല്ലാത്ത സർക്കാർ ITI യ്ക്ക് സൗജന്യമായി നൽകിയതു പുനപരിശോധിക്കേണ്ടതാണ്. വ്യവസായ വകുപ്പിൽ നിന്നും അർഹമായ വാടക നേടിയെടുക്കാനും വായ്പാകുടിശ്ശിക അടവാക്കാനുമുള്ള അടിയന്തിര നടപടികൾ പഞ്ചായത്തു ഭരണസമിതി സ്വീകരിക്കേണ്ടതുമാണ്. 2004 ന ശേഷമുള്ള കുടിശ്ശിക അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നടപടികൾക്കായി പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. | 28.03.2022, 01.11.2022 എന്നീ തീയതികളിൽ 6,25600/-, 3,98,107/-, 15,00,000/- രൂപ ക്രമത്തിൽ കെ. യു. ആർ. ഡി. എഫ്. സി അക്കൗണ്ടിൽ ഓൺലൈനായി ഒടുക്കിയിട്ടുണ്ട്. ആയതിന്റ് അടിസ്ഥാനത്തിൽ ബാധ്യത രഹിത സർട്ടിഫിക്കറ്റ് കെ. യു. ആർ. ഡി. എഫ്. സി യിൽ നിന്നും ലഭ്യമായിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 10 | 2 | **വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ചും, ശരിയായ ഉപയോഗക്രമത്തിലല്ലാതെയും വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടം.**<br><br>**കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്**<br><br>2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1094-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ, (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ, ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തു നികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | നിലവിൽ ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും നികുതി 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ, ചെറിയ മുറികൾ/ഹാളുകൾ ആയി തിരിച്ച് അടിസ്ഥാന വസ്തു നികുതി ച.മീറ്ററിന് 50 രൂപ നിരക്കിൽ നിന്നും 70 രൂപ നിരക്കിൽ പുനർ നിർണ്ണയം നടത്തുകയും 2023-24 വരെ പുതുക്കിയ നിരക്കിലുള്ള കെട്ടിട നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട ചില ഫയലുകൾ കണ്ടെത്തുവാൻ സാധിക്കാത്തതായി പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഫയലുകൾ കണ്ടെത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

-59-

| | | | |
|---|---|---|---|
| | | ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത് 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.<br>വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയ സോഫ്റ്റ്വെയറും പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.<br>നിയമ-ചട്ട വ്യവസ്ഥകൾ തെറ്റായി വ്യാഖ്യാനിച്ച് നികുതി നിർണ്ണയം നടത്തുക വഴി തദ്ദേശ സ്ഥാപനത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുവെന്ന വസ്തുതയും ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നു. | |
| 11 | 3 | **<u>കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ചതിൽ ചട്ടലംഘനം</u>**<br><br>**<u>കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്</u>**<br><br>സർവ്വെ നം. 33416A2, 334/16A1, 334/17, 334/16B, 334/2 പ്രകാരമുള്ള വസ്തുവിൽ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകണമെന്ന് കാണിച്ച് കോമളം വർഗീസ് (പൗലോസ് വർഗീസ്), കൊച്ചിയിൽ, കോഴഞ്ചേരി പി.ഒ എന്നയാൾ 03.06.2010-ൽ കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് അപേക്ഷ നൽകിയിരുന്നു. എന്നാൽ വില്ലേജ് ഓഫീസിൽ നിന്നും | കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ ശ്രീമതി കോമളം വർഗ്ഗീസ്, കൊച്ചിയിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ 13/1806, 13/1807, 13/1808 എന്നീ നമ്പരുകൾ താഴത്തേ നിലയിലും, രണ്ടാം നിലയിലെ കെട്ടിടങ്ങൾക്ക് 13/1809, 13/1810, 13/1811 എന്നീ നമ്പരുകളും നൽകിയിട്ടുള്ളതാണ്. ഈ കെട്ടിടങ്ങൾക്ക് 23/01/2007 ലെ 123/2006-07 നമ്പരായി നിർമ്മാണ അനുമതി നൽകിയിട്ടുള്ളതാണ്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട |

-60-

| | | | |
|---|---|---|---|
| | | ലഭ്യമായ കൈവശാവകാശ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ നിന്നും നിലം (wet land) എന്നാണ് ഈ സർവ്വെ നമ്പറുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 23.01.2007-ൽ 123/06-07 ആയി കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുകയും പിന്നീട് 24.09.2010 വരെ കാലാവധി നീട്ടിക്കൊടുത്തിട്ടുമുണ്ട്. പെർമിറ്റ് പ്രകാരം 1165 m2 നാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ completion plan പ്രകാരം 1537.75 m2 ന് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br>അസിസ്റ്റന്റ് എഞ്ചിനീയറുടെ 29.06.2016-ലെ റിപ്പോർട്ട് പ്രകാരം നിർമ്മാണത്തിൽ ഗുരുതരമായ അപാകതകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. മഴവെള്ള സംഭരണി നിർമ്മിച്ചിട്ടില്ല. ചട്ടം 58 (2) പ്രകാരം അഗ്നിശമനസേനാ ഓഫീസിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല തുടങ്ങിയ അപാകതകൾ നിലനിൽക്കവേ ഒന്നാം നിലയ്ക്ക് നമ്പറിട്ട നൽകാൻ സെക്രട്ടറി നിർദ്ദേശിച്ചതിനെ തുടർന്ന് 13/1806, 13/1807, 13/1808 എന്നി നമ്പറുകൾ കെട്ടിടത്തിനു നൽകി . തുടർന്നും രണ്ടാം നിലയ്ക്ക UA നമ്പർ നൽകാൻ സെക്രട്ടറി ഓഫീസ് നോട്ട് എഴുതുകയും അസിസ്റ്റന്റ് സെക്രട്ടറി ഇതിനു വിയോജനക്കുറിപ്പ് നൽകുകയും ചെയ്തിരുന്നു. തുടർന്ന് 13/1809, 13/1810, 13/1811 എന്നീ നമ്പറുകൾ നൽകി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ അനധികൃത നി\മ്മാണങ്ങളെല്ലാം ക്രമവൽക്കരിച്ചു. അഗ്നിശമന സേനാ ഓഫീസിൽ നിന്നുമുള്ള സാക്ഷ്യപത്രം കൂടാതെ കെട്ടിടങ്ങൾക്കു നമ്പർ നൽകിയ നടപടി ക്രമപ്രകാരമല്ല. | സംരക്ഷണ ആക്ട് നിലവിൽ വരുന്നത് 12/8/2008 ൽ മാത്രമാണ്. പ്രസ്തുത നിയമത്തിലെ വകുപ്പ് 3 പ്രകാരം ഈ നിയമത്തിന് മുൻകാല പ്രാബല്യമില്ലാത്തതിനാൽ 23/1/2007 ൽ പെർമിറ്റ് നൽകിയ നടപടി സാധുവാണ്. അനധികൃത കെട്ടിടമെന്ന നിലയ്ക്ക് നമ്പർ നൽകിയിരുന്ന രണ്ടാം നിലയുടെ നിർമ്മാണം അധികൃതമാക്കി നൽകണമെന്ന് കാണിച്ച് പരേതയായ ശ്രീമതി കോമളം വർഗ്ഗീസിന്റെ ഭർത്താവ് 17/7/2017 ൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും അപേക്ഷയോടൊപ്പം കേരള സംസ്ഥാന അഗ്നിശമന സേനാ ഓഫീസിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ 2/8/2017 ൽ ടി കെട്ടിടം ക്രമവൽകരിച്ച നൽകിയിട്ടുള്ളതുമാണ്. കൂടാതെ നിലവിൽ 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടത്തിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് ചട്ടം 76 പ്രകാരം മഴ വെള്ള കൊയ്ത്തിനായി ടിയാന്റെ പുരയിടത്തിൽ ഒരു കുളം നിർമ്മിച്ചിട്ടുള്ളതും കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിന്നുള്ള മഴ വെള്ളം പി വി സി പൈപ്പ് വഴി ടി കുളത്തിൽ സംഭരിച്ച് ടിയാൻ സ്വകാര്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായി നേരിൽ കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതുമാണെന്ന് കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ചിട്ടുള്ളതായും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

-61-

| | | | |
|---|---|---|---|
| 12 | 4 | **ഇട്ടിയപ്പാറ ബസ്സ്റ്റാന്റിനും തീർത്ഥാടക കേന്ദ്രത്തിനും വേണ്ടി സ്ഥലം ഏറ്റെടുത്തത് - വൻബാദ്ധ്യതയാകുന്നു.**<br><br>**റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്**<br><br>ശബരിമല തീർത്ഥാടക കേന്ദ്രം, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് പദ്ധതികളുടെ സ്ഥലമെടുപ്പിന് വേണ്ടി മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 72.69 ലക്ഷം രൂപ അനുവദിച്ച് ജി.ഒ.(ആർ.ടി) 1748/10/പൊ.മ.വ., തീയതി 20-11-10 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ അനുവദിച്ച തുകയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഏറ്റെടുത്ത സ്ഥലത്തിന് നിശ്ചയിച്ച പൊന്നുംവില നടപടികളുടെ വിവരം, അധികവില ആവശ്യപ്പെട്ട് വ്യക്തികൾ കോടതിയിൽ നൽകിയ പെറ്റീഷനിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി, കോടതി വിധിയുടെ പകർപ്പ് എന്നിവ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 14 തീയതി 22-8-17) മറുപടിയോ, ആവശ്യപ്പെട്ട രേഖകളോ ലഭ്യമാക്കിയില്ല. സൊളേഷ്യം (Solatium) നൽകുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഏകകണ്ഠമായി തീരുമാനം എടുത്തിരുന്നോ എന്ന് ബോദ്ധ്യപ്പെടുന്നതിന് ആവശ്യമായ രേഖകളും ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ സൊളേഷ്യം നൽകുന്നതു സംബന്ധിച്ച കൃത്യത ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല. വസ്തുവിന്റെ വർദ്ധിപ്പിച്ച വില, 30% സൊളേഷ്യം, നാളിതുവരെയുള്ള പലിശ എന്നീ ഇനങ്ങളിലാണ് ബാദ്ധ്യതത്തുക നിർണ്ണയിച്ചത്. 15% | **റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്**<br><br>പത്തനംതിട്ട ജില്ലയിലെ റാന്നിപഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ ഒരു KSRTC ബസ്സ് സ്റ്റാൻഡും പിൽഗ്രിം സെൻററും ആവശ്യമാണെന്ന പൊതുജന താൽപര്യത്തെ മുൻനിർത്തി റാന്നി പഴവങ്ങാടി വില്ലേജിൽ സർവ്വേ നമ്പർ 260/2, 258/6, 258/7, 258/8, 258/9, 258/8-1-1, 258/8-1-2, 258/9-1-1, 258/9-1-2, 258/1, 258/8-1, 258/9-1 പ്പെട്ട സ്ഥലം ഏറ്റെടുക്കുന്ന സമയത്ത് അർഥന അധികാരിയായ പഞ്ചായത്തിന് സാമ്പത്തിക സ്ഥിതി ഇല്ലാത്തതിനാൽ ബഹു.കേരള സർക്കാരിന്റെ മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 20/11/2010 ലെ G.O (Rt). 1748/2010 നമ്പർ ഉത്തരവ് പ്രകാരം 5 കോടി രൂപ പി.ഡബ്ല്യു.ഡി യ്ക്ക് അനുവദിക്കുകയും അതിൽ 72.69 ലക്ഷം രൂപ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ചിട്ടുള്ളതുമാണ്.<br>സ്ഥലം ഏറ്റെടുപ്പിന് ശേഷം സ്ഥലം ഉടമകൾ, ലഭിച്ച തുക കുറവാണെന്ന് കാണിച്ച് ബഹു. പത്തനംതിട്ട സബ് കോടതിയിൽ കേസ് ഫയൽ ചെയ്യുകയും (LAR 70/11,71/11,72/11,73/11,74/11,86/11) ഈ കേസുകളിലെല്ലാം 2-ാം കക്ഷിയായ പഞ്ചായത്തിനെതിരെയാണ് കോടതി വിധികൾ വന്നിട്ടുള്ളതുമാണ്.<br>ഇട്ടിയപ്പാറ KSRTC ബസ്സ് സ്റ്റാൻഡ്, ശബരിമല തീർത്ഥാടന കേന്ദ്രം എന്നിവ സ്ഥിതി ചെയ്യുന്ന സ്ഥലം നിലവിൽ KSRTC പൊതുമരാമത്ത് വകുപ്പുകളുടെ കൈവശത്തിലും ഉപയോഗത്തിലുമാണ്. സർക്കാരിന്റെ മാന്ദ്യവിരുദ്ധ പാക്കേജായി |

-62-

| | | | |
|---|---|---|---|
| | | നിരക്കിലാണ് ബാദ്ധ്യതത്തുകയ്ക്ക് നിലവിൽ പലിശ കണക്കാക്കി വരുന്നത്. വർഷങ്ങളായി തുക ഒടുക്കാത്തതു മൂലമാണ് പലിശ ഉൾപ്പെടെയുള്ള തുക ബാദ്ധ്യതയായി മാറിയത്. ഈ വിഷയത്തിൽ നടപടിയൊന്നും സ്വീകരിക്കാതെ ഭരണസമിതി നിസ്സംഗത പാലിച്ചുവരുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ബാദ്ധ്യത യഥാസമയം തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി ബസ്സ്റ്റാന്റിനും ശബരിമല തീർത്ഥാടക കേന്ദ്രത്തിനും സ്ഥലം ഏറ്റെടുത്തത് വഴിയുണ്ടായ ബാദ്ധ്യത തീർപ്പാക്കുന്നതിന് സർക്കാർ തലത്തിൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ ഓഡിറ്റ് ശിപാർശ ചെയ്യുന്നു. | ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് പൊന്നും വിലയ്ക്ക് ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന്റെ ഉടമകൾക്ക് മാർക്കറ്റ് സൊലേഷ്യം, പലിശ ഉൾപ്പടെ അധിക സാമ്പത്തിക ബാധ്യത ഉണ്ടാവുകയും ഈ തുകകളെല്ലാം വിവിധ കോടതി വിധികളിലൂടെ പഞ്ചായത്ത് നല്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമാണ്. പൊതുമരാമത്ത്, KSRTC വകുപ്പുകളുടെ ഉപയോഗത്തിലുള്ള ഭൂമിയ്ക്ക് ഭീമമായ നഷ്ടപരിഹാര തുക നൽകേണ്ട ബാധ്യത പഞ്ചായത്തിന്റെ മേൽ വന്ന സാഹചര്യത്തിൽ ടി ബാധ്യതയിൽ നിന്നും പഞ്ചായത്തിനെ ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സർക്കാരിൽ നിവേദനം സമർപ്പിച്ചിട്ടുള്ളതും ആയത് പരിശോധിച്ചുവരവെ ബഹു.പത്തനംതിട്ട സബ് കോടതിയുടെ 05/07/2022. തിയതിയിലെ 372876 നോട്ടീസ് പ്രകാരം പഞ്ചായത്ത് ഓഫീസും പഞ്ചായത്ത് ഓഫീസ് നില്ക്കുന്ന 56.50 ആർ സ്ഥലവും ജപ്തി ചെയ്യുന്നതിന് ഉത്തരവായ സാഹചര്യത്തിൽ പഞ്ചായത്ത് ഭരണ സമിതി 15/07/2022 തിയതിയിലെ 4/1 കമ്മിറ്റി തീരുമാന പ്രകാരം ബഹു.കേരള ഹൈക്കോടതിയിൽ WP(C) 23474/22.നമ്പർ പ്രകാരം സർക്കാരിനെ കക്ഷിയാക്കി കേസ് ഫയൽ ചെയ്തിട്ടുള്ളതും ടി കേസിന്മേൽ സർക്കാർ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുള്ളതുമാണ്. ആയത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. എന്നിരുന്നാലും സർക്കാർ ഈ വിഷയത്തിൽ ബന്ധപ്പെട്ട കക്ഷികളുമായി കൂടി ആലോചിച്ച് ടി പ്രശ്നം രമ്യമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| 13 | 5 | **<u>PWD റോഡിന്റെ അതിരു നിർണ്ണയിക്കാതെയും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിയ്ക്കാതെയും നിർമ്മിച്ച ഇരുനില വാണിജ്യ കെട്ടിടത്തിന്റെ പെർമിറ്റും കെട്ടിട നമ്പരും അനുവദിച്ചു നൽകി</u>** | |

– 63 –

| | | | |
|---|---|---|---|
| | | **കൊറ്റനാട് ഗ്രാമപഞ്ചായത്ത്**<br><br>തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ നം. 32131/ആർ.എ.1/2012/തസ്വഭവ തീയതി 13.00.2013 പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനും പഞ്ചായത്തിലെ സാങ്കേതിക വിദഗ്ധർ പരിശോധന നടത്തിയതിനു ശേഷം മാത്രമേ സെക്രട്ടറി പെർമിറ്റ് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കെട്ടിടത്തിനു നമ്പരിടുമ്പോഴും പെർമിറ്റ് നൽകിയ വിധത്തിലുള്ള സാങ്കേതിക നിബന്ധനകളോടു കൂടിയാണോ കെട്ടിടം നിർമ്മിച്ചതെന്നു ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരിശോധിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പ് സർക്കുലർ നമ്പർ 12900/R.A1/2015/തസ്വഭവ., തീയതി 02.12.2015 പ്രകാരം കംപ്ലീഷൻ പ്ലാൻ ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ചട്ടങ്ങൾക്കു വിധേയമാണോ എന്നു പരിശോധിച്ച ശേഷം തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള സ്ഥലപരിശോധന റിപ്പോർട്ടില്ലാതെ, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത ബഹുനിലകെട്ടിടത്തിനു ഗ്രാമപഞ്ചായത്ത് സെക്രട്ടറി നമ്പരിട്ടു നൽകിയതായി കണ്ടെത്തി. | **കൊറ്റനാട് ഗ്രാമപഞ്ചായത്ത്**<br><br>ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമസ്ഥനായ റെജി പി ഈശോയോട് വിശദീകരണം ചോദിച്ചുകൊണ്ട് 16/07/2019 ന് നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ടി കെട്ടിടങ്ങളുടെ നമ്പറുകൾ റദ്ദ് ചെയ്തുകൊണ്ട് 29/01/2020 ൽ താൽകാലിക ഉത്തരവ് നൽകിയിട്ടുള്ളതാണ് പി.ഡബ്ല്യൂ.ഡി റോഡിന്റെയും കെട്ടിടം നിലനിൽക്കുന്ന സ്ഥലത്തിന്റെയും അതിരുകൾ നിർണയിച്ച് നൽകണമെന്ന് കാണിച്ച് 26/09/2018 ൽ തഹസീദാർ (ഭൂരേഖ) മല്ലപ്പള്ളിയോട് അഭ്യർത്ഥിച്ചിരുന്നു. നിരന്തരമായ ആവശ്യപ്രകാരം താലൂക്ക് സർവ്വെയറുടെ നേതൃത്വത്തിൽ PWD റോഡിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി 08/01/2024-ൽ പരിശോധന നടത്തുന്നതാണെന്ന് മല്ലപ്പള്ളി തഹസീൽദാർ അറിയിച്ചിട്ടുണ്ട്. താലൂക്ക് സർവ്വെയറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ അതിർത്തി നിർണ്ണയിക്കും പ്രകാരം ഓഡിറ്റ് പരാമർശങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതാണെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. മേൽ ഓഡിറ്റ് പരാമർശിത കെട്ടിടത്തിന് നമ്പർ അനുവദിച്ച അന്നത്തെ സെക്രട്ടറി ശ്രീമതി മേരിക്കുട്ടി എം. 31/05/2018-ൽ സർവീസിൽ നിന്ന് വിരമിച്ചതായും ടിയാളോട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 03/07/2019-ൽ നൽകിയിരുന്ന മെമ്മോയ്ക്ക് നാളിതുവരെ മറുപടി നൽകിയിട്ടില്ലെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടിയാൾക്കെതിരെയുള്ള വകുപ്പുതല നടപടികൾ ത്വരിതപ്പെടുത്തുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| 14 | 6 | **<u>22.51 ലക്ഷം രൂപ ചെലവഴിച്ച അറവുശാല നിർമ്മാണം - ആറ് വർഷം പിന്നിട്ടിട്ടും പൂർത്തിയായില്ല.</u>**<br><br>**<u>ഓമല്ലൂർ ഗ്രാമപഞ്ചായത്ത്</u>**<br>2011-12 വർഷം ആരംഭിച്ച പ്രവൃത്തിയുടെ സിവിൽ വർക്കുകൾ 80% മാത്രമാണ് നാളിതുവരെ പൂർത്തിയായിട്ടുള്ളത്. കരാറുകാരന് മൂന്ന് പാർട്ട് ബില്ലുകളിലായി 12.11.2014 ൽ അളവ് പുസ്തക പ്രകാരം ആകെ 15,23,236/- രൂപ നൽകിയിട്ടുണ്ട്. സെപ്റ്റിക് ടാങ്ക് പിറ്റിന്റെ നിർമ്മാണവും കെട്ടിട നിർമ്മാണത്തിന്റെ 80% വും മാത്രം പൂർത്തീകരിച്ച കരാറുകാരൻ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. അറവുശാലയോട് ചേർന്നുള്ള ബയോഗ്യാസ് പ്ലാന്റ്, ലെയ്റേജ, പ്ലംബിംഗ് പ്രവൃത്തികൾ അംഗീകൃത ഏജൻസിയെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും തീരുമാനം നടപ്പാക്കിയിട്ടില്ല. ഇലക്ട്രിഫിക്കേഷന് 2014-15-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി 7,27,875/- രൂപ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി നടത്തിയിട്ടില്ല. മെക്കാനിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ 9 ലക്ഷം രൂപയുടെ പ്രോജക്ട് 2013-14-ലെ വാർഷിക പദ്ധതി മുതൽ നിലവിലുണ്ടെങ്കിലും കെട്ടിട നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ആയത് നടപ്പിലാക്കിയിട്ടില്ല. പദ്ധതിയ്ക്കായി നാളിതുവരെ പൊതു ഖജനാവിൽനിന്നും 22,51,111/- രൂപ ചെലവഴിച്ചെങ്കിലും പദ്ധതി ലക്ഷ്യം | ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ 2011-12 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് പണി ആരംഭിക്കുകയും ചെയ്ത അറവുശാലയുടെ കെട്ടിട നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ വർക്കുകൾ എന്നിവയ്ക്കായി 22.51 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ശുചിത്വ മിഷന്റെ ഫണ്ട് ലഭിക്കുമെന്ന് കണക്കുകൂട്ടലിൽ 23,90,620 /- രൂപ അടങ്കൽ വച്ച് പദ്ധതി റിവൈസ് ചെയ്തെങ്കിലും ഫണ്ട് ലഭ്യമാകാത്തതിനാൽ തുടർ പ്രവർത്തനം നടത്തുവാൻ കഴിഞ്ഞില്ലന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തതായി തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br>ഫണ്ടിന്റെ അഭാവം മൂലവും, വെള്ളം കയറുന്ന സ്ഥലം ആയതിനാലും നാഷണൽ ഹൈവേ NH183A കടന്നു പോകുന്നതിന് ടി സൈറ്റ് അളന്ന് തിട്ടപ്പെടുത്തിയതിനാലും, പദ്ധതിയുമായി പഞ്ചായത്ത് മുന്നോട്ട് പോയില്ലെന്നും, എന്നാൽ പഞ്ചായത്ത് ചെലവഴിച്ച തുകയ്ക്കുള്ള ആസ്തിയായ കെട്ടിടം ഇപ്പോഴും നിലകൊള്ളുന്നതുമാണ്. മാർക്കറ്റിൽ തന്നെ പ്രവർത്തിച്ച് വരുന്ന MCF കെട്ടിടത്തിന് നിലവിൽ സ്ഥലപരിമിതി ഉണ്ട്. ആയതിനാൽ ഹരിതകർമ്മസേന ശേഖരിച്ച് വരുന്ന ചില്ല് മാലിന്യങ്ങൾ, rejected മാലിന്യങ്ങൾ, സൂക്ഷിയ്ക്കുന്നതിനും, ഹരിതകർമ്മസേനയുടെ വാഹനം പാർക്ക് ചെയ്യുന്നതിനും ടി കെട്ടിടം നിലവിൽ ഉപയോഗിച്ചുവരുന്നതായും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

-64-

| | | | |
|---|---|---|---|
| | | കണ്ടിട്ടില്ല.<br>പദ്ധതിയടങ്കലിന്റെ പകുതിയിലേറെ തുക ഇതുവരെ ചെലവഴിച്ചെങ്കിലും ലക്ഷ്യം കാണാതെ കിടക്കുന്നത് ഗ്രാമപഞ്ചായത്ത് അധികൃതരുടെയും, നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള തികഞ്ഞ അനാസ്ഥ മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അറവുശാല നിർമ്മിക്കുന്നതുകൊണ്ട് ഗ്രാമ പഞ്ചായത്തിന് ലഭ്യമാകാമായിരുന്ന വരുമാനം പദ്ധതി അനന്തമായി നീണ്ടുപോകുന്നതുമൂലം നഷ്ടമാകുന്ന സാഹചര്യമാണ്. പദ്ധതി പൂർത്തീകരണത്തിന് തടസ്സമായ കാരണങ്ങൾ കണ്ടെത്തി അവ പരിഹരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ പഞ്ചായത്ത് ഭരണ സമിതി കൈക്കൊള്ളേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നു. | |
| 15 | 7 | **<u>ഓമല്ലൂർ മാർക്കറ്റിൽ മാലിന്യ പ്രശ്നം രൂക്ഷം - പ്ലാന്റ് നിർമ്മിക്കുന്നതിന് ആറ് വർഷം മുമ്പ് ആവിഷ്കരിച്ച പദ്ധതി നടപ്പിലാക്കിയില്ല.</u>**<br><br>**<u>ഓമല്ലൂർ ഗ്രാമപഞ്ചായത്ത്</u>**<br><br>2011-12-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 13,74,250/- രൂപ അടങ്കൽ വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയാണിത്. ഗ്രാമപഞ്ചായത്തിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നിലവിൽ സംവിധാനം ഇല്ല. ഓമല്ലൂർ മാർക്കറ്റിൽനിന്നും പുറം തള്ളുന്ന മാലിന്യങ്ങൾ മാർക്കറ്റിനുള്ളിൽതന്നെ തുറസ്സായ സ്ഥലത്ത് നിക്ഷേപിക്കുകയാണ് നിലവിൽ ചെയ്തുവരുന്നത്. | ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ 100 കിലോ മാലിന്യം ഒരു ദിവസം നിർമാർജ്ജനം ചെയ്യുവാൻ സഹായകരമാകുന്ന പ്ലാൻറ് നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ ഫണ്ടുകൾ ചേർത്ത് 2011-12 ൽ 13,74,250/-രൂപ അടങ്കൽ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിരുന്നു. ആയതിലേക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരൻ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട് പദ്ധതി നടപ്പിലാക്കാൻ ആരംഭിച്ചെങ്കിലും, സൈറ്റ് water logged area ആയതിനാൽ നിർമാണം തുടരാൻ സാധിച്ചില്ല. വിവരങ്ങൾ ശുചിത്വമിഷനെ അറിയിച്ചതും പദ്ധതി തുടരാൻ കഴിയാതെ, ഉപേക്ഷിക്കുകയും, ശുചിത്വമിഷൻ നൽകിയ ഫണ്ട് തിരിച്ചടയ്ക്കുകയും |

| | | | |
|---|---|---|---|
| | | മത്സ്യ/മാംസ അവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള ജൈവമാലിന്യങ്ങൾ വേണ്ടവിധം സംസ്കരിക്കാതെ തുറസ്സായ സ്ഥലത്ത് നിക്ഷേപിക്കുന്നത് സാംക്രമിക രോഗങ്ങൾ പടരുന്നതിന് ഇടയാക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ സാഹചര്യത്തിൽ ആറ് വർഷം മുമ്പ് ആവിഷ്ക്കരിച്ച ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കാതിരിക്കുന്നത് ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയാണ്.<br>നിർമ്മാണ യോഗ്യമല്ലാത്ത വെള്ളക്കെട്ടുള്ള പ്രദേശം മാലിന്യനിർമ്മാർജന പ്ലാന്റ് നിർമ്മാണത്തിന് തെരഞ്ഞെടുത്തതും, അനുവദിച്ച ശേഷം ഫണ്ട് ശുചിത്വ മിഷന് മടക്കി നൽകിയതും പദ്ധതിയുടെ നടത്തിപ്പിന് തടസമായി നിൽക്കുന്നു. | ചെയ്തിരുന്നതായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. തുടർന്ന് മാലിന്യ സംസ്കരണത്തിന് 2018-19 ൽ തുമ്പൂർമുഴി മോഡൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുകയും ആയത് ഇപ്പോഴും പ്രവർത്തനക്ഷമമായി തുടരുകയും ചെയ്യുന്നു. നിലവിൽ ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ ജൈവമാലിന്യങ്ങൾ തുമ്പൂർമുഴി സംവിധാനം ഉപയോഗിച്ച് സംസ്കരിക്കുകയും, അജൈവമാലിന്യങ്ങൾ ഹരിത കർമ്മ സേനയുടെ സഹായത്തോടെ വാർഡുകളിൽ നിന്നും ശേഖരിച്ച് വാർഡ് തലത്തിലുള്ള മിനി MCF ലും, മാർക്കറ്റിനകത്തുള്ള MCF ലും അടുക്കി സൂക്ഷിക്കുകയും, നിശ്ചിത അളവിലെത്തുമ്പോൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുക എന്ന ലക്ഷ്യത്തിന്, തെരഞ്ഞെടുത്ത സൈറ്റ് അനുയോജ്യമല്ലാത്തതിനാലാണ് പദ്ധതി ഉപേക്ഷിക്കേണ്ടി വന്നതെന്നും, മാലിന്യം കൈകാര്യം ചെയ്യാൻ ബദൽ സംവിധാനം പഞ്ചായത്ത് ഒരുക്കിയിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശിത പ്രോജക്ടിന്റെ നടത്തിപ്പിന് സാമ്പത്തിക ചെലവ് ഉണ്ടായിട്ടില്ലെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. |

-66-

M.S. BIJUKUTTAN
Additional Secretary to Govt &
State Performance Audit Officer
Local Self Government Dept.
Govt.Secretariat,Thiruvananthapuram
PEN:101250